F23.
486.
276
92
SAN
Memorial

486
210113

92/5

ദിവാൻപേഷ്കാർ

# പി. ശങ്കുണ്ണിമേനോൻ.

—:o:—

SenGupta Memorial
PUTHIYARA.
Readingroom & Library

(ഒരു മറുപടി

ചിത്രമെഴുത്തുവറുഗീസിൻെറ സാഹിത്യസാഹസത്തിൻെറ

മസ്തകം തല്ലിപ്പിളക്കുന്ന പുതിയ കേസരിവീരൻ.

---

നായർ യുവജനസമാജത്തിനുവേണ്ടി

കോട്ടയം നാഷനൽ ബുക്കഡിപ്പോവിൽ നിന്നു

പ്രസിദ്ധം ചെയ്യുന്നതു്.

—:o:—

കാപ്പി 1000.

വില എട്ടണ.

1105.

"ശ്രീരാമവിലാസം" പ്രസ്സ്,—കൊല്ലം.

# 'വർഗ്ഗീസു' വർഗ്ഗീയവിഷം ജഗത്തിൽ.

അധർമ്മമൊന്നേ, കൃഷിചെയ്തെടുപ്പോൻ-
ആത്മാഭിമാനത്തിനെ വിറ്റഴിപ്പോൻ-
അസൂയയാൽ കണ്ണു തെളിഞ്ഞിടാത്തോൻ,
'വർഗ്ഗീസു' വർഗ്ഗീയവിഷം ജഗത്തിൽ! ൧

കൗടില്യമാകുന്ന കലപ്പകൊണ്ടു്
കുതന്ത്രമാർഗ്ഗങ്ങളൊരുക്കിമെല്ലെ
നികൃഷ്ടവൈരത്തെ വിതച്ചിടുന്ന
വർഗ്ഗീസു വർഗ്ഗീയവിഷം ജഗത്തിൽ! ൨

സ്വമാതൃവക്ഷോജപയസ്സിനെത്താൻ
രുചിച്ചുനോക്കും നെറികെട്ടമർത്ത്യൻ
സത്യപ്രകാശത്തിന്റെ വേലികെട്ടും
വർഗ്ഗീസു വർഗ്ഗീയവിഷം ജഗത്തിൽ! ൩

കള്ളത്തരത്തിന്നുപിറന്ന, രണ്ടാം-
'കൊച്ചുണ്ണി'; ധർമ്മത്തിന്റെ ധൂമകേതു,
ക്രിസ്തീയലോകത്തിന്റെ കാളസർപ്പം;
വർഗ്ഗീസു വർഗ്ഗീയവിഷം ജഗത്തിൽ! ൪

ഇന്നായർവംശാങ്കുര രത്നദീപ-
മഹസ്സിനെത്തൻ മഷിയാൽ മറയ്ക്കാൻ
കാപട്യമാം തൂലികയേന്തിനില്ക്കും
വർഗ്ഗീസു വർഗ്ഗീയവിഷം ജഗത്തിൽ! ൫

നിറന്നക്രിസ്ത്യാനിമതത്തിനിന്നു
നിവാപനീർ വീഴ്ത്തിനകൈകളാലെ
നികൃഷ്ടചിത്രങ്ങൾ വരച്ചിടുന്ന
വർഗ്ഗീസു വർഗ്ഗീയവിഷം ജഗത്തിൽ! ൩

രാജ്യത്തിനും രാജഹിതത്തിനും തൻ-
പ്രശാന്തരക്തം ചിതറിക്കഴിച്ചോൻ
ൈകക്രൂലിതൻ കോമരമാണുപോലും!
ധിക്കാരമേ, നിൻ തല മുററിയല്ലോ! ൪

അധീരസിംഹപ്രവരൻെറ—'പേഷ്കാർ
ശംകുണ്ണിമേനോൻെറ—കരം പ്രതാപം
മെത്രാൻെറ കൈക്രൂട്ടിലൊതുങ്ങിപോലും!
കാപ്പണ്യമേ, നിൻ കഥയെത്രകഷ്ടം! ൫

കാലിത്തൊഴുത്തിൽജ്ജനനം ലഭിച്ച
കല്യാണകൃത്താകിയ ക്രിസ്തുദേവൻ
കാണുന്നുവോ വല്ലതുമീ നരൻെറ
കരംപ്പുരപ്പിൻ കരിതേച്ചവേഷം!! ൬

ദിവാൻ പേഷ്കാർ

# പി. ശംകുണ്ണിമേനവൻ

## ഒന്നാമദ്ധ്യായം.

'എറിഞ്ഞുകാലൊടിക്കുമെ-ന്നറിഞ്ഞുകൊൾവിനെല്ലാരും'

പരിഷ്കാരത്തിൻെറ വർദ്ധനവു് പലവക ആശകളേയും ആശയങ്ങളേയും മനുഷ്യനു സമ്മാനിക്കുന്നതായി കാണുന്നുണ്ടു്. അവൻെറ ഭാവിജീവിതനിർവ്വഹണത്തിൽ പ്രത്യക്ഷസഹായമായിത്തീരുന്ന പല പുതിയ കണ്ടുപിടിത്തങ്ങളിലേയ്ക്കും അവൻെറ ശ്രദ്ധയെത്തിരിക്കുന്നതു് ആ പരിഷ്കാരവാഞ്ഛയുടെ ഒരു കൃത്യമാണു്. പുറകോട്ടു നോക്കി, തങ്ങളുടെ പൂർവ്വികരെ അവരുടെ അന്നത്തെ ജീവിതസരണികളിൽ വിജയികളാക്കിയതു് അവരുടെ ഏതേതു ഗുണങ്ങളാണെന്നറിഞ്ഞും, അവർക്കുണ്ടായിരുന്ന അനുകൂലങ്ങളും പ്രതികൂലങ്ങളും ആയ പ്രകൃത്യവസ്ഥകളുടെ തക്കവും തരവും, അവകളെ അവർ പ്രയോഗിക്കുകയും പ്രതിബന്ധിക്കുകയും ചെയ്ത കൗശലങ്ങളും യഥാർത്ഥ്യം ബോധിച്ചും ഭാവിജീവിതത്തിനു സൗകര്യമുണ്ടാക്കിത്തീർക്കുക എന്നുള്ളതും പരിഷ്കാരികളായ മനുഷ്യരുടെ കർത്തവ്യമായിത്തീർന്നിട്ടുണ്ടു്. ഈ വക അന്വേഷണങ്ങളുടെ ഫലമാണു ചരിത്രം എന്ന പേരിൽ ലോകം കൊണ്ടാടിവരുന്നതു്. ശാസ്ത്രത്തിലും ചരിത്രത്തിലും

മനുഷ്യപ്രയത്നംനിമിത്തമുണ്ടാകുന്ന അഭിവൃദ്ധി അതാതു കാലത്തെ ജനസമുദായങ്ങളുടെ വാസ്തവമായ ഉൽകൃഷ്ടത്തിൻെറ മാനദണ്ഡമായിട്ടാണ വാസ്തവബോധമുള്ളവർ പരിഗണിച്ചുവരുന്നതും.

സമുദായങ്ങളുടെ ഓരോ കാലത്തെ ഉൽക്കർഷാപകർഷങ്ങളുടെ തോതു് തത്തൽകാലങ്ങളിലെ പരിസരങ്ങളിൽ അവരവർ നേടിയിരുന്ന മേന്മ നോക്കിയാണറിയേണ്ടതു്. ഇരുപതാംനൂററാണ്ടിലെ ഒരു സമുദായാഭിമാനി തൻെറ ആദർശത്തിനൊത്ത ആശയങ്ങളെ മാനദണ്ഡമാക്കിക്കൊണ്ടു് തൻെറ സമുദായത്തിൻെറ ഒരു മുൻതലമുറയെ ദർശിച്ചാൽ, ഇച്ഛാഭംഗപ്പെടാനല്ലാതെ ഇടയാകയില്ല. അയാൾ ആ സമുദായത്തിൻെറ സ്ഥിതികളിൽ കണ്ടുപിടിക്കുന്ന ന്യൂനതകൾ വാസ്തവത്തിൽ അന്നുള്ളവർ അറിഞ്ഞോ ആക്ഷേപിച്ചോ വന്നിരുന്നവയല്ല. താൻ ഊഹിക്കുന്ന പരിഷ്കാരങ്ങൾ അന്നുതന്നെ അവിടെ ഉണ്ടായിരുന്നാൽ സംഭാവ്യമെന്നു് താൻ വ്യാമോഹിക്കുന്ന മേന്മയെ ഓർമ്മിച്ചു് അവയെ ആ സമുദായത്തിൻെറ ബലം കുറഞ്ഞ തലയിൽ കെട്ടിവയ്ക്കാൻ മുതിരുന്നതു സ്പൃഹണീയമല്ലെന്നുമാത്രമല്ല ഗർഹണീയം കൂടിയാണു്. സ്ത്രീപുരുഷന്മാരുടെ അലങ്കാരവിധാനങ്ങളിൽ നാൾക്കുനാൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ അതാതുകാലത്തെ പൊതുസമ്മതം നേടിയവയെന്നു കണ്ടാണു് നാം ആദരിക്കുന്നതു്. ഇന്നു് സ്ത്രീജനങ്ങൾ ധരിക്കുന്ന ആഭരണങ്ങളും വസ്ത്രവിശേഷങ്ങളും അവക്കു് അനുരൂപങ്ങളെന്നു് ആഹ്ലാദിക്കുന്ന പരിഷ്കാരി, നൂറുകൊല്ലംമുൻപു ജീവിച്ചിരുന്ന ഒരു സ്ത്രീയെ ആവക ഭൂഷണങ്ങൾ ധരിച്ചുകൊണ്ടു ശോഭിക്കുന്നതു കാണ്മാൻ ആഗ്രഹിക്കുന്നതുപോലെയാണു്, ഇന്നത്തെ അവസ്ഥകൾക്കൊത്ത സ്ഥിതിഗതികളെ സമുദായങ്ങളുടെ പൂർവകാലസ്ഥിതികളിൽ

ആരോപിക്കാൻ മുതിരുന്നതു് എന്നതു് തക്കമെററസംഗതിയാണു്. സമുദായാഭിമാനം എന്ന സപ്താക്ഷരിയിൽ മതിമറന്നു നടക്കുന്ന ചില ചരിത്രാന്വേഷണപടുക്കൾ ഉരചേന്ന അവരുടെ അഭിമാനം കൊണ്ടു്, ഏതാണ്ടീവിധമുള്ള ഒരുപകടം തങ്ങളുടെ സമുദായകീത്തനങ്ങളിൽ വരുത്തിക്കൂട്ടി വഷളന്മാരായിത്തീന്നു കാണാറുണ്ടു്.

ലോകത്തിലെ എല്ലാസമുദായങ്ങളും അവയുടെ പുരാതനമായ ചരിത്രത്തേയും ചാരിത്രത്തേയും നിസ്സന്ദേഹം സാക്ഷീകരിക്കുന്ന പ്രത്യേകതകളെ അവയുടെ ആചാരാനുഷ്ഠാനങ്ങളിൽ അടക്കിവച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു സുവിദിതമായ ഒരു തത്വമാണു്. മേല്പറഞ്ഞ സമുദായധമ്മദക്കാരുടെ ആശയങ്ങളിൽ നിഴലാട്ടുന്ന നിരപ്പുകേടുകൾ വെളിപ്പെട്ടുവാൻ സമുദായങ്ങളുടെ ആവക പ്രത്യേകതകൾ സ്പഷ്ടദൃഷ്ടമായിരിക്കുന്നിടത്തോളംകാലം തീരെ വിഷമമുള്ളതല്ല. അതറിയായ്കകൊണ്ടാണു് അന്ധന്മാരായ ഒരു കൂട്ടം ആളുകൾ അരയന്നനട അഭിനയിക്കുന്ന കാകന്മാരുടെ അവസ്ഥ തങ്ങൾ ആരോപിക്കുന്ന ചില ചരിത്രലക്ഷ്യങ്ങളെക്കൊണ്ടായാലും ചില സമുദായങ്ങളിൽ വരുത്തിവച്ചിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു.

കേരളത്തിലുള്ള ജീവത്സമുദായങ്ങളിൽ പൂവ്വചരിത്രത്തെ ലക്ഷ്യമാക്കിയുള്ള ഒരു പ്രചലനം നാം സവ്വത്ര കാണുന്നുണ്ടു്. സമുദായങ്ങളുടെ ഉൽഗതിയിൽ പൂർവ്വകാലപര്യടനംകൊണ്ടു് സ്ഥിതിഗതികൾ വെളിപ്പെടുത്തുന്ന ക്രിയയ്ക്കു വളരെ മികച്ച ഒരു സ്ഥാനമാണുള്ളതെന്നു് തീത്തു പറയാം. എന്നാൽ ആ ക്രിയ ന്യായബോധത്തേയും സത്യാവസ്ഥകളേയും മാനാപമാനവിചാരത്തേയും വ്യഭിചരിപ്പിച്ചുകൊണ്ടാകാതെ സൂക്ഷിക്കുവാൻ അതിന്റെ കത്താക്കൾക്കുള്ള കടമ അവർ നിറവേററുന്നില്ലെങ്കിൽ അവർ സമുദാ

യസ്നേഹികളായല്ല സമുദായദ്രോഹികളായാണു് ശേഷംപേരാൽ പരിഗണിക്കപ്പെട്ടുകയെന്നുള്ളതു ആരും അറിഞ്ഞിരിക്കേണ്ടതാകുന്നു.

കേരളത്തിൽ ഹിന്തുസമുദായത്തിനു പണ്ടും ഇന്നും ഉള്ള പ്രാബല്യത്തേയും പ്രാമുഖ്യത്തേയും സാസൂയം വീക്ഷിക്കുവാൻ ചിലരുണ്ടായാൽ അതു് അവരുടെ അറിവുകേടിനെയാണു വെളിപ്പെടുത്തുകയെന്നു് നിശ്ചയമായും പറയാം. അതിലും കടന്നു് ഹിന്തുസമുദായത്തിൻെറമേൽ അധികാരം ചെലുത്തുവാൻ ശക്തമായ ഒരു നസ്രാണിസമുദായം ഇവിടെയുണ്ടായിരുന്നുവെന്നുകൂടി ഘോഷിക്കുവാൻ മുതിരുമ്പോൾ അതിനു അറിവുകേടല്ല, അഹമ്മതിയാണു് പ്രേരകമായി നില്ക്കുന്നതെന്നു് തീരുമാനിക്കേണ്ടിവരുന്നു. അറിവുകേടു് ക്ഷമിക്കാൻ തക്ക അടക്കമുള്ളവൎക്കു കൂടി അളവററ അഹമ്മതി അനുവദിച്ചുകൊടുക്കുവാൻ തരപ്പെട്ടെന്നു വരുന്നതല്ലല്ലോ. ഇങ്ങനെയുള്ള അഹംഭാവങ്ങളിൽനിന്നു് ഉദ്ഭമിക്കുന്ന ബാഷ്പമാണു്, സമുദായാന്തരീക്ഷത്തിൽ കാറു കൊള്ളിക്കുന്നതെന്നും, ആ കാറു പെയ്യിക്കുന്ന മഴകൊണ്ടുണ്ടാകുന്ന വെള്ളക്കുത്തു് പല ഈടുമാടുകളേയും ഇടിച്ചിളക്കിക്കലക്കി ഒഴുക്കിക്കളയുവാൻ ശക്തമാകുമെന്നും ആ വെള്ളത്തള്ളലിൽ അവലംബമില്ലാതെ വലയുന്ന വള്ളങ്ങളെ—അവ വലിയകെട്ടുവള്ളങ്ങളായിരുന്നാൽതന്നെയും—അപകടംകൂടാതെ നയിക്കുവാൻ "മഹാബലി"ഷ്ടന്മാരായ വള്ളക്കാൎക്കുപോലും കഴിവുള്ളതല്ലെന്നും അറിവുള്ളവർ പറഞ്ഞെങ്കിലും ചിലരറിയേണ്ടതത്യാവശ്യമായിത്തീൎന്നിരിക്കുന്നു.

വിലക്കപ്പെട്ട കനി തിന്നു ദൈവശാപം ഏററു് എന്നെന്നും മഹാപാപികളായിക്കഴിയുവാനുള്ള ദുൎയ്യോഗം നേടിയിട്ടുള്ളവർ എണ്ണത്തിലും വണ്ണത്തിലും എത്ര തന്നെ പെരുകിക്കൊള്ളട്ടെ, അതുകൊണ്ടു കേരളത്തിൻെറ

പുരാതനമേന്മയ്ക്കോ, അതിനെ ആൎജ്ജവംകൊണ്ടും ആചാരശുദ്ധികൊണ്ടും നേടി, കൈയൂക്കുകൊണ്ടും കനിവുകൊണ്ടും പോററി, ഔദാൎയ്യശക്തിയും ഔചിത്യശക്തിയും പ്രേരിപ്പിക്കകൊണ്ടു വേണ്ടവൎക്കും വേണ്ടാത്തവൎക്കും നൽകി, കണ്ണുള്ളവൎക്കു കാണ്മാനും ചെകിട്ടുള്ളവൎക്കു കേൾക്കാനും മനസ്സുള്ളവൎക്കു ചിന്തിക്കാനും ഒരിക്കലും ഒട്ടും കുറവില്ലാത്ത പവിത്രചരിത്രം സമ്പാദിച്ച—അതെ, ശ്രീമച്ഛങ്കരാചാൎയ്യരും തുഞ്ചത്തെഴുത്തച്ഛനും രാമയ്യൻദളവായും രാമവൎമ്മമഹാരാജാവും രാജാ കേശവദാസനും വേലുത്തമ്പിദളവായും കുഞ്ചൻപിള്ളചട്ടമ്പിയും ശ്രീനാരായണഗുരുസ്വാമികളും ജനിച്ചുവളൎന്ന—കേരളീയഹിന്ദുസമുദായത്തിനൊ, യാതൊരു കുറവും ഈ ലോകമുള്ള കാലത്തോളം ഉണ്ടാകുകയില്ല എന്നു ഉറപ്പായി വിശ്വസിച്ചുകൊള്ളേണ്ടതാണ്. വല്ല പൊടിയരിയോ തവിടോ കൊണ്ടു വയറു പോററി വളരുന്ന താറാവിൻക്കൂട്ടക്കാൎക്ക്, അവയുടെ വഹിച്ചുകൂടാത്ത ഭാരവും ചുണ്ടിന്റെ മുഴപ്പും വീതിയും, ശരീരത്തിന്റെ ഒട്ടലും പരപ്പും, കാലുകളുടെ അവലക്ഷണത്വവും മററും കൊണ്ടു തോന്നുന്ന വൈലക്ഷണ്യവും തങ്ങളുടെ പിൻതലമുറക്കാൎക്കു വേണ്ടിയെങ്കിലും ഒഴിച്ചുവച്ചുകൊള്ളുവാൻ ആഗ്രഹം തോന്നുവാൻ ന്യായമുണ്ട്. എന്നാൽ, അവകൾ തങ്ങൾക്ക് അസാദ്ധ്യമെന്നു പ്രത്യക്ഷപ്പെട്ടിട്ടുള്ള ആകാശഗമനം കൂടി സിദ്ധാവല്ലുരിച്ചു മുൻപൊരുകാലത്തു മാനസസരസ്സിൽ ചെന്നു പാററി അവിടെയുള്ള അരയന്നങ്ങളുടെ ഉടയും നടയും ആചാരവും വിചാരവും പൂണ്ടു അവയുടെ മേൽ കൊല്ലും കൊലയുംകൂടി നടത്തിവന്നിരുന്നവരാണെന്നു ഞെളിയുവാൻ ഭാവിക്കുന്നതു കാണുമ്പോൾ കുഞ്ചൻനമ്പ്യാർ പാടിയതുപോലെ "എറിഞ്ഞുകാലൊടിക്കുമെന്നറിഞ്ഞുകൊൾവിനെല്ലാരും" എന്ന ചോട്ടം കലാശം തന്നെ വല്ലവൎക്കും തോന്നിയാൽ അതത്ര ഗൌരവമായ അപരാധമായിക്കരുതുവാൻ ആൎക്കും അവകാശമില്ലാത്തതാകുന്നു.

കേരളത്തിൽ ഹിന്ദുസമുദായത്തിനു സിദ്ധിച്ചിട്ടുള്ള സ്ഥിരപ്രതിഷ്ഠ ഇളക്കി സ്ഥാപിക്കത്തക്കതാണോ എന്നു പരീക്ഷിക്കുവാൻ പലപ്പോഴായി പലരും അരയും തലയും മുറുക്കി അരങ്ങത്തിറങ്ങി വരുന്നതു കാണാറുണ്ട്. ചരിത്രങ്ങളെന്നു പറയപ്പെടുന്ന പുസ്തകക്കൂട്ടങ്ങളാൽ കാകോളം വർഷിച്ചു തങ്ങളുടെ ആഗ്രഹം സാധിക്കാമെന്നുള്ള ഇക്കൂട്ടരിൽ ചിലരുടെ വിചാരത്തിന്റെ അടയാളങ്ങൾ അങ്ങിങ്ങു കാണാതെയില്ലാ. 'കല്ലേൽചിത്രം' എന്നപോലെ നിരാക്ഷേപമായി അംഗീകരിക്കപ്പെടുന്ന 'ചെമ്പുതെളിയിക്കുന്ന പട്ടയങ്ങൾ' തുടങ്ങി വെള്ളക്കാരായ വമ്പന്മാർ അപ്പോഴപ്പോൾ കുറിച്ചിട്ടു കടന്നുകളഞ്ഞ 'സത്യസാക്ഷ്യങ്ങളോളം' എത്തുന്ന അന്വേഷണം കൊണ്ടു തുടർന്നുവരുന്ന ഈ അനാശാസ്യമെങ്കിലും അനുകമ്പ്യമായ സാഹസത്തിൽ ബദ്ധപരികരനായി പുറപ്പെട്ടിട്ടുള്ള ഒരു ചിത്രമെഴുത്തുകാരനെ ഇപ്പോൾ പലരും കേട്ടെങ്കിലും അറിഞ്ഞു കാണാൻ ഇടയുണ്ട്. 'മലയാളമനോരമ'പ്പത്രത്തിന്റെ തണലിൽ പററിക്കൂടി കേരളീയഹിന്ദുക്കളുടെനേരെ ഇടയ്ക്കിടെ പകച്ചുനോക്കുകയും, ഇളിച്ചുകാട്ടുകയും കുരച്ചുപായുകയും ചെയ്യുന്ന ഈ വീരലേഖകനെ അന്യൂനമായ സൌമനസ്യത്തോടേതന്നെ കേരളീയസമക്ഷം പ്രകാശിപ്പിച്ച ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകളോടു നാം എന്നെന്നും കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണു്. ഒരു വെറും പത്താംതരക്കാരനായ ഈ പടം വരക്കാരൻ, അവയവങ്ങളുടെ അളവുകളിലും കൂട്ടുചേർത്ത ചായങ്ങളിലും അത്യന്തം പററിയ പാകപ്പിഴകൊണ്ടു് ഒന്നു നോക്കാൻപോലും കൊള്ളരുതാത്തതെന്നു് ഉറപ്പിച്ചു പറയാവുന്ന താനെഴുതിയ ആ ഭാസപടത്തെപ്പററി ഇത്രത്തോളം കൂലങ്കഷമായ ഒരു വിമർശം എഴുതുവാൻ തുനിഞ്ഞ ആ സമുദായോത്തേജകൻ തനിക്കും തന്റെ മനോരാജ്യസമുദായക്കാർക്കും വരുത്തിക്കൂട്ടിയിട്ടുള്ള മേന്മയും ഉദാരമായി ചൊരിഞ്ഞിട്ടുള്ള സാരോപദേ

ശങ്ങളും അനർഘങ്ങളായി കരുതിക്കൊള്ളേണ്ടതാണ്. തന്റെ പുതിയ കണ്ടുപിടിത്തങ്ങളും തെളിവാക്കുകളുംകൊണ്ട് മന്ത്രം ചൊല്ലി മാമ്പഴം വീഴ്ത്തുന്ന പാടവത്തോടെ കേരളീയനസ്രാണികളെ ഇന്നാട്ടിലെ സമുദായങ്ങളുടെ ശിരോഭാഗത്തിൽ പ്രതിഷ്ഠിക്കുവാൻ മുതിന്ന നമ്മുടെ പടമെഴുത്തുകാരൻ, വാസ്തവത്തിൽ മനശ്ശുക്തി നശിച്ച ഒരു മാനസരോഗിയാണോയെന്നു അന്വേഷിക്കുവാൻ വല്ലവരും മുതിരുന്നപക്ഷം അതു തീരെ അനാവശ്യമെന്നു പറഞ്ഞുക്രൂടാ.

കൊച്ചിയിലേയും തിരുവിതാംകൂറിലേയും പുരാതനചരിത്രങ്ങളിൽ അനല്പമായ പരിചയം നേടിയിട്ടുണ്ടെന്നു ഞെളിയുന്ന ലേഖകൻ തന്റെ മനോരാജ്യം അനുവദിക്കുന്നിടത്തോളം ദൂരത്തിലും അത്രത്തോളം വേഗത്തിലും പായിച്ച മെത്രാന്റെ ചിറകുവച്ച പഞ്ചകല്യാണിക്കുതിരയെ കൊച്ചി യുവരാജാവിനു സമ്മാനിച്ചുകളഞ്ഞതോർത്തു് ഈ എഴുത്തുകാരൻ പരമാർത്ഥത്തിൽ സങ്കടപ്പെടുന്നുണ്ട്. അങ്ങിനെ ചെയ്തില്ലായിരുന്നുവെങ്കിൽ, ആ ലേഖകൻ, തന്റെ അക്ഷീണപരിശ്രമംകൊണ്ടു് ഉണന്നും, ഉയന്നും വശാകുന്ന സ്വ സമുദായക്കാരാൽ അഭിനന്ദ്യനായി കുതിരപ്പുറം കയറി ചെയ്യുന്ന ജൈത്രയാത്രയിൽ വല്ലയിടത്തും വച്ചു് ഒരു തിണ്ടാമതിലപ്പുറം എങ്കിലും നിന്നു് കൺകുളിരെ ഒന്നു കാണുവാനും, നെററിയിൽ ഒരു കുരിശാകാരം വരച്ചുകാണിച്ചെങ്കിലും തന്റെ ആദരവിനെ പ്രത്യക്ഷപ്പെടുത്തുവാനും കഴിയുമായിരുന്നല്ലോ എന്നാണു് ഇയ്യുള്ളവന്റെ ആന്തരം.

താൻ പഠിച്ചും പരിചയിച്ചും പോന്നിട്ടുള്ള ആദർശങ്ങൾ അനുവദിക്കുന്നിടത്തോളം ഉയന്ന തോതിലും തരത്തിലും വർണ്ണിച്ച ചായം കയററിയ മെത്രാന്റെ സത്യസാക്ഷീകരണംകൊണ്ടു് സ്വർഗ്ഗരാജ്യം നേടി ദൈവ—അത്രപിയായിക്കളെയും മുൻപു നമ്മുടെ ലേഖകനെ ഒന്നു കാണാനും,

മുട്ടുകുത്തി കൈമുത്തി ആശീർവ്വാദം കൈക്കൊള്ളുവാൻ പലരേയും പോലെ ഈ ലേഖകനും ആഗ്രഹിച്ചുപോരുന്നതിൽ ആരും അസൂയപ്പെടരുതെന്നപേക്ഷിക്കുന്നു. നമ്മുടെ ലേഖകന്റെ അഭിലാഷങ്ങൾ കേരളത്തിലെ സകല സമുദായക്കാരാലും സംവദിക്കപ്പെട്ടുവാൻ ഇനി ഏറെക്കാലം വേണ്ടിവരികയില്ലെന്ന് കരുതിയും അങ്ങിനെ മാനനഷ്ടപ്പെട്ടുപോകുംമുൻപ് കേരളത്തിലെ ഹിന്ദുക്കൾ തങ്ങൾക്ക് പറയാനുള്ളതു പറഞ്ഞുകൊള്ളുന്നില്ലെങ്കിൽ അതു നന്ദികേടായിത്തീരുമോ എന്നു ഭയന്നും കൊണ്ട് പടമെഴുതി പഠിക്കുന്ന നമ്മുടെ ഉപകർത്താവിനോട് എന്റെ വകയായി ചിലതു പറഞ്ഞുകൊള്ളുവാൻ ഇവിടെ മുതിരുന്നതാണ്.

എന്റെ വറുഗീസെ! നിങ്ങളെ ഒരു വൈവം പടമെഴുത്തുകാരനായി പരിചയപ്പെട്ടതുകൊണ്ടു നിങ്ങളുടെ യോഗ്യതകൾ വളരെ കുറച്ചുമാത്രമെ ആളുകൾ മനസ്സിലാക്കിയിട്ടുള്ളു. 'ആത്മപോഷിണി' മാസികയിൽ നിങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്ന ഗദ്യകവിതകൾ ഒന്നുകൂടി 'അച്ചിട്ടുവിച്ച്' പ്രസിദ്ധപ്പെടുത്തിയാൽ കേരളീയരുടെ 'ആചാര്യഗുരുവിന്റേ'യും 'ആദ്ധ്യക്ഷനേതാവിന്റേ'യും സ്ഥാനം നിങ്ങൾക്കല്ലാതെ മററാക്കും സിദ്ധിക്കുകയില്ലെന്ന് എനിക്കു തോന്നുന്നുണ്ട്. അന്നു നിങ്ങൾക്കു സംഭാവനയായി സിദ്ധിക്കുന്ന 'പണമടിശ്ശീലകൾ' സൂക്ഷിക്കുവാൻ വല്ല പൊടിയരിയോ ഉപ്പിൻതരിയോ ഇട്ടു സൂക്ഷിക്കുന്ന പൊട്ടക്കലങ്ങളെങ്കിലും കൈവശമില്ലെങ്കിൽ ആറുവഴി സഞ്ചരിക്കുന്ന വല്ല വള്ളക്കാരോടും ആരാഞ്ഞു അങ്ങിനെയൊന്നു നേരത്തെ വാങ്ങി വച്ചിരിക്കേണ്ടതാണ്. നിങ്ങളുടെ ഗദ്യകവിതകളുടെ സാരള്യമാധുര്യങ്ങളിൽ മതിമയങ്ങിയ എനിക്ക് ഒരുകാര്യം അന്നേ അജ്ഞാതമായിരുന്നു. അത് ഏതുമൊന്നും മനസ്സിലാകാത്ത ആ മോഹനകവി

തയുടെ നിർമ്മാണത്തിന നിങ്ങളെ പ്രേരിപ്പിച്ച ഉദ്ദേശമായിരുന്നു. നിങ്ങളുടെ പഞ്ചകല്യാണിക്കുതിര മാർമാത്യൂസ് അത്താനാസ്യോസ്മെത്രാൻെറ അരമനത്താഴെ ഉലാത്താനും നിങ്ങളുടെ ദീർഘങ്ങളായ ക്രൂർമ്മദൃഷ്ടികൾ നമ്പ്രാണികളുടെ നാട്ടുവാഴ്ചയും അവക്ക് ഇംഗ്ലീഷുരാജാവിനോടുള്ള വേഴ്ചയും അവരുടെ സമക്ഷം കേരളത്തിലെ ഇതരസമുദായക്കാക്കുള്ള താഴ്ചയും സൂക്ഷ്മമായി കണ്ടുപിടിച്ചു ചിത്രീകരിക്കാനും തുനിഞ്ഞതോടെ അന്ന് അജ്ഞാതമായിരുന്ന നിങ്ങളുടെ ആശയം എനിക്ക സുജ്ഞാതമായിക്കഴിഞ്ഞു. വാസ്തവത്തിൽ നിങ്ങൾക്ക പടമെഴുത്തിൽ കവിഞ്ഞു കവിതയിലാണ സാമർത്ഥ്യമുള്ളത്. അതേ, വറഗീസു കവിയാണ്. ഇല്ലാത്തതിനെ ഉണ്ടാക്കുവാനാണ കവികൾ കൊതിക്കുക. കവിസഹജമായ കൌതുഹലത്തോടെ നിങ്ങൾ അതിൽ കൈവച്ചു. നിങ്ങളുടെ ഭാവനാശക്തി അപ്രമേയമാകുന്നു. ആബ്രാഹ്മണചണ്ഡാലം ജാതിമതാചാരവിചാരാദിഭേദവിചിന്തയില്ലാതെ സകല പാപികളേയും ശ്രീയേശുരക്ഷകനിലൂടെ ആ പുത്രനൊത്ത പിതാവിൻെറ പരിപാവനസന്നിധിയിൽ അണയ്ക്കുന്ന മതം,—ഇന്നു നാടൊക്കെ കൊണ്ടാടുന്ന പള്ളിമതം—ആണു നിങ്ങളുടെ ഭാവനാസാമ്രാജ്യം. ആ സാമ്രാജ്യത്തിൽ കൊല്ലും കൊലയും നടത്തുവാനുള്ള പരമാധികാരം നിങ്ങൾക്കല്ലെ? അവിടെ വിചാരിച്ചാൽ നിങ്ങൾക്ക് അക്കെന്തുനൽകാനും നൽകാതിരിക്കാനും കഴിവില്ലേ? ഉണ്ട്, ഉണ്ട് എന്നു പലതവണ തലകുലുക്കി സമ്മതിക്കേണ്ടിയിരിക്കുന്നു. നായക്ക് തീണ്ടൽവച്ചതും, കൊച്ചീരാജ്യത്തു മെത്രാന്മാരെ നാട്ടുവാലായ്മ ആചരിക്കുന്നതിൽനിന്നൊഴിവാക്കിയതും കൊച്ചിതിരുവിതാംകോട്ടുരാജാക്കന്മാരെ പരിശുദ്ധാരക്ഷകൻെറ പ്രാതിനിധ്യമുള്ള മെത്രാന്മാർ തിരുവാഴവുകൊട്ടുത്തനുഗ്രഹിച്ചതും മററും മററും നിങ്ങളുടെ സാമ്രാജ്യത്തിൽ നിങ്ങൾ നടത്തിനോക്കിയ സംഭ്രമജനകങ്ങളായ പരിഷ്കാരങ്ങളാകുന്നു. അതിൽ ആക്കും പരിഭവി

ക്കുവാനെന്നല്ല മറിച്ചുഭാവിക്കുവാൻ കൂടി അധികാരമില്ലാത്തതുമാണു്.

ഹിന്ദുക്കൾക്ക് കേരളത്തിൽ എന്തൊരുനിലയാണുള്ളതു്? അവക്കു് വല്ല രാജാധികാരങ്ങളും ഉണ്ടായിരുന്നുവോ? എന്തെങ്കിലും അവകാശങ്ങൾ രാജസ്ഥാനങ്ങളിൽനിന്നു് കല്ലേൽചിത്രമായിട്ടും ചെമ്പെഴുത്തുരൂപത്തിലും സിദ്ധിച്ചിട്ടുണ്ടോ? നായക്ക് തീണ്ടുണ്ടെന്നുള്ളതിൽ ആരെങ്കിലും സംശയിക്കുന്നപക്ഷം അവർ മുമ്പോട്ടുവരട്ടെ.

ഹിന്ദുസമുദായത്തിനു കേരളത്തിൽ വല്ല നിലയും വിലയും ഉണ്ടായിരുന്നു എന്നോ, അഥവാ ഇപ്പോഴും ഉണ്ടെന്നോ വന്നുകൂടുന്നതാണു വറുഗീസ്സിൻെറ പ്രഥമവും പ്രധാനവുമായ ചിത്തശല്യം. തൻെറ സമുദായത്തിനു കേരളത്തിൽ വളരെ ഉന്നതമായ ഒരു അവസ്ഥ കല്പിപ്പാനുള്ള ദുരവസ്ഥയാണു വറുഗീസു വലിയേചെന്നു വിലയ്ക്കുകൊണ്ടുവന്നതു്. കേരളത്തിൻെറ ആകക്കൂടിയുള്ള അവസ്ഥ കണ്ടിടത്തോളം, അറിഞ്ഞിടത്തോളം, അതിൻെറ രൂപവൽക്കരണത്തിലും ഉൽകൃഷ്ടകരണത്തിലും കടുകിനുതുല്യം പഴുതുപോലും തന്നിൽനിന്നന്യമായ ഒരു സമുദായത്തിനു വിട്ടുകൊടുക്കാനില്ലാത്തത്ര അവരോടു ദൃഢബന്ധത്തിലാണു ഹിന്ദുസമുദായം വർത്തിക്കുന്നതെന്ന പൂർണ്ണവിശ്വാസം അയാൾക്കുണ്ടു്. ആ സ്ഥിതിക്കു് തനിക്കത്യാവശ്യമായിത്തീർന്ന നസ്രാണിസാമ്രാജ്യസൌധം പണിയുവാൻ ആരുടെ ഒത്താശയും ഉപാശ്രയം കൂടാതെ ഹിന്ദുസമുദായം അധിരോഹിച്ചിട്ടുള്ള ആ ഉന്നതസ്ഥാനം ഒഴിഞ്ഞുകിട്ടേണമെന്നാണു് അയാൾ ആഗ്രഹിക്കുന്നതു്.

നേരെമറിച്ചു്, കേരളത്തിലെ ഹിന്ദുക്കൾക്കുള്ള വിലയും നിലയും വകവച്ചുകൊണ്ടു്, വല്ല ഒഴിഞ്ഞ കോണിലും തൻെറ സൌധത്തിനു് അടിക്കല്ലിടാൻ ആ സാധു മുതി

ന്നിരുന്നുവെങ്കിൽ അത്യാവശ്യക്കാരന്റെ ആ ഔചിത്യമില്ലായ്മയ്ക്കു് ഒട്ടൊരു പൊറുതിയുണ്ടാകുമായിരുന്നു. വറുഗീസ് തന്റെ അതിസാഹസംകൊണ്ടു് പ്രകടമായി സാവധിച്ചിട്ടുള്ളതാണു്, കേരളത്തിൽ ഹിന്ദുസമുദായം സമാജ്ജിച്ചിട്ടുള്ള ഔന്നത്യം വല്ല കാരണവും കാണിച്ചു് നിഷേധിച്ചാലല്ലാതെ ആക്ഷേം ഏതൊരു സമൂഹത്തിനും കേരളത്തിന്റെ ഉല്ക്കർഷത്തിൽ യാതൊരു പങ്കും സിദ്ധിക്കുവാൻ തരപ്പെടുന്നതല്ലെന്നുള്ളതു്- ഇതൊക്കെ പൊറുക്കാൻ വയ്യാത്ത ആഗ്രഹച്ചുമടേന്തി തളർന്നുപോയ വറുഗീസ് തന്റെ മതസിദ്ധാന്തകരണസംരംഭത്തിൽ അറിയാതെ ജല്പിച്ചുപോരുന്ന ചില സന്ദേഹങ്ങളെ ആകുന്നുള്ളൂ.

വറുഗീസ് തന്റെ സന്ദേഹങ്ങൾക്കു് പരിഹാരം കല്പിക്കുവാൻ തെരഞ്ഞുപിടിക്കുന്ന മാർഗ്ഗങ്ങൾ വളരെ കൗതുകകരങ്ങളും നിശ്ചയമായും അനുകമ്പ്യങ്ങളും ആകുന്നു. സ്വ്ഥാ ദൃഷ്ടാന്തവാദിയായ ഒരു ചരിത്രകാരനാണു് വിദ്വാൻ. ഊഹാപോഹങ്ങളെ അപേക്ഷിച്ചു് പ്രാബല്യം എന്നും എങ്ങും മാഞ്ഞുപോകാത്ത കല്ലെഴുത്തുകൾക്കും ചെമ്പുതകിടുകൾക്കും, അച്ചിട്ടു് അവിസംവാദ്യങ്ങളാക്കിയിട്ടുള്ള വെള്ളക്കാരന്റെ സാക്ഷീകരണങ്ങൾക്കുമാണു് വറുഗീസ് കല്പിച്ചിട്ടുള്ളതു്. തന്റേയും എപ്പേർപ്പെട്ടവരുടേയും സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഓമനപുത്രനാൽ സംസ്ഥാപിതമായ മതസാമ്രാജ്യത്തിൽ പൊങ്ങിക്കാണുന്ന പള്ളിസ്ഥാനങ്ങളിൽ സൂക്ഷിച്ചിട്ടുള്ള കുറിപ്പുകണക്കുകളേയും സി. എം. എസ് ഗ്രന്ഥവരികളേപ്പോലും സൂക്ഷ്മമായി പരിശോധിച്ചിട്ടാണു് വറുഗീസ് തന്റെ ചരിത്രലക്ഷ്യങ്ങളെ ഓരോന്നായി വമിച്ചു തള്ളിയിരിക്കുന്നതു്. ന്നോക്കണേ ചരിത്രപാടവത്തിന്റെ അത്യഗാധത; ഔചിത്യബുദ്ധിയുടെ അജ്ഞേയത; അഹങ്കാരാന്ധ്യത്തിന്റെ അഭേദ്യത.

നസ്രാണികൾക്ക് കൊല്ലും കൊലയും അനുവദിച്ച തീട്ടുരങ്ങളും തീണ്ടും തൊടക്കും കല്പിച്ച ചെപ്പേട്ടുകളും വാളും പരിചയും സമ്മാനിച്ച വിളംബരങ്ങളും എന്നുവേണ്ട, അരയപ്പംകൊണ്ട് ആയിരംപേരെ തൃപ്തിപ്പെടുത്തിയ സാക്ഷാൽ ത്രിത്വത്തിൻ തിരുമകൻെറ തിരുവുള്ളം കൊണ്ട് വേണ്ടതും വേണ്ടാത്തതും കണ്ടതും കാണാത്തതുമായ സകലവും അടുക്കി ഒതുക്കി നിരത്തി ചായമിട്ടുവച്ചിരിക്കുന്ന വറുഗീസിൻെറ ആ ചിത്രശാല ഒന്നു കാണാനുള്ളതു തന്നെയാണ്. നസ്രാണികൾക്കു എന്തെന്തു പ്രാഭവങ്ങൾ, ഏതേതു പൌരുഷങ്ങൾ, എത്രയെത്ര അവകാശങ്ങൾ വേണമൊ അവയെല്ലാം സൂക്ഷ്മത്തിൽ അവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. വറുഗീസിൻെറ സമുദായത്തിൽപ്പെട്ട ഒരു ഡിപ്പാർട്ടുമെൻറുമേധാവി തൻെറ പുരാണവിജ്ഞാനത്തിൻെറ അഗാധത കാണിക്കാൻ പണ്ടൊരിക്കൽ പറഞ്ഞതുപോലെ 'വല്ല ദമയന്തിയുടെ കലവുമാണൊ' വിദ്വാൻെറ ചിത്രശാല എന്ന് ഭ്രമിച്ചുപോകത്തക്കവണ്ണം അത്ര അജയ്യമായിട്ടാണ് അതിലെ വിഭവങ്ങൾ കാണപ്പെടുന്നതു്.

ഒരേ ഒരു കുറവു മാത്രം; പക്ഷെ, പ്രദർശിതമായുള്ള തന്ത്രങ്ങളിൽ നിന്നെല്ലാം മീതെ വറുഗീസിൻെറ വിശപോസപ്രമാണക്കാരായ സ്വന്തം സമുദായക്കാരെക്കൊണ്ടു സലാംപോഴിച്ച് സമ്മതിപ്പിക്കുവാൻ അതു പര്യാപ്തമാകുമെന്നാണു് എൻെറ പക്ഷം. പണ്ട് വിദ്വാൻകുട്ടി ചെയ്തതുപോലെ, വല്ലതും ചില രേഖാസാക്ഷ്യങ്ങൾ വല്ല മരത്തിൻെറയും തൊലി പിളന്നൊ മററൊ ഭദ്രമായി സൂക്ഷിച്ചിട്ടുള്ളതുകൂടി എടുത്തു കാണിച്ചിരുന്നെങ്കിൽ നമ്മുടെ രേഖാന്വേഷകന് ഒരു വിദ്വാൻ വറുഗീസായി അഞ്ചരയിലും കവിഞ്ഞു് ഒരു പത്തരയിൽ ചിലപാനത്തിൻെറ സംസ്ഥാപകനായി എന്നുമെന്നും വാഴാമായിരുന്നു എന്നുള്ളതിന് തീരെ സംശയമില്ല.

ഹിന്തുക്കൾക്ക് കേരളത്തിൽ വല്ലതും ഒരു നില ഉണ്ടായിരുന്നു എന്നു വറുഗീസ്, സമ്മതിക്കണമെങ്കിൽ അതിനു വല്ല ശിലാരേഖകളൊ, ചെപ്പേടുകളോ, വെള്ളക്കാരൻെറ അഭിപ്രായമൊ, പള്ളിക്കണക്കുകളൊ, കാണിക്കാതെ തരമില്ലെന്നാണ് വന്നുകൂടുന്നതു്. ഹിന്തുക്കളുടെ പ്രാബല്യത്തെ തെളിയിക്കുന്ന ഇത്തരം ലക്ഷ്യങ്ങൾ ഒന്നുപോലും ഇല്ലാത്തതു് ഹിന്തുക്കൾക്ക് വലിയ ഒരു ബലക്ഷയവും അതുകൊണ്ടുതന്നെ നസ്രാണികൾക്ക് ബലവർദ്ധകവും ആകുന്നുവല്ലോ. പണ്ടു കേരളം, നസ്രാണിസമ്രാട്ടുകളുടെ രമ്യഹർമ്മ്യങ്ങളാൽ നിറയപ്പെട്ടിരുന്നകാലത്തു് ഹിന്തുക്കൾ വല്ല കാണാമറയത്തും പോയി ഒളിച്ചു പാർത്തുവരികയായിരുന്നു. അന്നു ഹിന്തുക്കളെ എന്തു ചെയ്യാനും നസ്രാണികൾക്ക് കഴിയുമായിരുന്നു. നസ്രാണി രാജാക്കന്മാരുടെ എത്രയെത്ര ആസ്ഥാനങ്ങളിലെ വേണമെങ്കിലും നിത്യനിദാനച്ചെലവുപോലും വറുഗീസ്. സി. എം. എസ്. ഗ്രന്ഥവരിയിൽനിന്നും പള്ളിക്കണക്കുകളിൽനിന്നും ഉദ്ധരിച്ചു കാണിക്കുവാൻ തയ്യാറുമാണ്. ആകെക്കൂടി ഹിന്ദുവിൻെറ കാര്യം തീരെ മോശം. പോര വന്നമോശാതന്നെ! വറുഗീസുതന്നെ കനിഞ്ഞു് വല്ല ഒഴിഞ്ഞകോണിലും ഹിന്ദുക്കളുടെ വല്ലതും, ചില ആസ്ഥാനങ്ങളെങ്കിലും അനുവദിച്ചുതന്നാൽ ഈഴയുള്ളവർക്കും ഇവിടെയെങ്ങാനും അടങ്ങിഒതുങ്ങി കഴിഞ്ഞുകൂടാമായിരുന്നു.

ചെപ്പേട്ടുള്ളവരെ ചെറുത്തുനില്ക്കുവാൻ അതില്ലാത്തവർക്ക് കഴിയുമെങ്കിൽ അല്ലാതെ വറുഗീസിൻെറ വാദമുഖത്തിൽ നായർക്ക് നിലയില്ലതന്നെ. വൈക്കത്തെ സത്യാഗ്രഹത്തിൻെറ കാര്യം ഇന്നു് പ്രസിദ്ധമാണ്. അതുകൊണ്ടുസിദ്ധിച്ച സഞ്ചാരസ്വാതന്ത്ര്യം ഈഴവാദികൾക്ക വലിയ അനുഗ്രഹവുമാണ്. അതുകൊണ്ടു് അക്കൂട്ടർക്ക സഞ്ചാരസ്വാതന്ത്ര്യം സിദ്ധിച്ചതായി ഏതുകാലത്തും തെളിയിക്കാം. ഒരു

ബ്രാഹ്മണസമൂഹത്തേയോ, നായർ സമൂഹത്തേയോ സ്വാതന്ത്ര്യമായി നിരത്തുകളിലൂടെ സഞ്ചരിച്ചുകൊള്ളുവാൻ വല്ല നസ്രാണിരാജാധികാരങ്ങളും അനുവദിച്ച രേഖകൾ കണ്ടുകിട്ടാത്തിടത്തോളംകാലം അവർക്ക് സഞ്ചാരസ്വാതന്ത്ര്യം ഇല്ലെന്നല്ലാതെ അനുമാനിച്ചുകൂടുന്നതല്ലല്ലോ.

നായരുടെ തീണ്ടൽകാര്യത്തിൽ വെള്ളക്കാരൻെറ സത്യസാക്ഷ്യം കൂടി അച്ചടിച്ച പുസ്തകത്തിൽ കാണുന്നത് വകവച്ചുകൊടുക്കാതെ ഒരു നിവൃത്തിയുമില്ലത്രെ. പണ്ടെങ്ങാണ്ടൊരു വെള്ളക്കാരൻ, തൻെറ കൂട്ടുകാരുടെ സങ്കല്പസാമ്രാജ്യത്തിൽക്കൂടി സഞ്ചരിക്കയായിരുന്നു. നസ്രാണികളല്ലാതെ, നായന്മാരോ മററു ഹിന്ദുക്കളൊ ആയിരിക്കയില്ല വെള്ളക്കാരനെ നിരത്തുകളിൽക്കൂടി അന്ന് എഴുന്നള്ളിച്ചതെന്ന് ആർക്കും അറിയാം. തീണ്ടുള്ളതുകൊണ്ട് അടുത്തുകൂടായ്കയാൽ അകന്നു, എന്നാൽ വെള്ളക്കാരൻെറ വേഷവിധാനങ്ങൾ കണ്ടു കഥ എന്താണെന്നറിയാൻ കൌതുകംപൂണ്ട് അകന്നുകൂടാതെ അടുത്തും പെരുമാറിയ നായന്മാരാദിയായവർ തീണ്ടുള്ളവരാണെന്ന് നസ്രാണികളിൽ നിന്നു ധരിച്ച്, ആ വിവരം ആ മിഷ്യനറി എവിടെവെച്ചോ രേഖപ്പെടുത്തിയതാണു് വറുഗീസു നായന്മാരെ അടിയോടെ അമത്തുന്നതിനു കണ്ടുപിടിച്ചിരിക്കുന്ന ആപ്പ്.

വറുഗീസു പുകഴ്ത്തുന്നവെള്ളക്കാരൻെറ തെളിവുകൾക്കുള്ള പ്രാബല്യം ആർക്കും ഏശ്ശും എതിർക്കാവുന്നതല്ല. മിസ്സ് മേയൊ, ഇത്തരം എത്രയെത്രതെളിവുകൾ കൈക്കൊണ്ടു ഒരു ഭാരതമാതാ രചിച്ചിരിക്കുന്നു. ഇതിനെ ഇന്നു ലോകം കൊണ്ടാടുന്നില്ലെ? സ്വാമിവിവേകാനന്ദൻ അമേരിക്കയിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ, അവിടത്തെ ഒരു ബാലപാഠഗ്രന്ഥത്തിൽ ഇൻഡ്യയിലെ മാതാക്കൾ അവരുടെ ശിശുക്കളെ ഗംഗാനദിയിൽ വലിച്ചെറി

യുന്നവരാണെന്നു് ഒരു ചിത്രത്തിന്റെ സഹായത്തോടുകൂടി വിശദപ്പെടുത്തിയിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ടു്. ഒരു പുരാണകഥയെ അന്നാട്ടുകാരിൽ ആരോ തെററിദ്ധരിച്ചതാണു് ഈ അബദ്ധപ്രസ്താവത്തിന്റെ അടിസ്ഥാനമെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഇങ്ങിനെയാണു് വിദേശികളുടെ ചരിത്രനിർമ്മാണത്തിന്റെ പോക്കു്. ഒരു പ്രകൃതിശാസ്ത്രഗ്രന്ഥത്തിൽ പ്ലാവിനെക്കുറിച്ചു് വിശേഷപ്പെട്ട ഒരു വിവരണമുള്ളതായി ഒരു സ്നേഹിതൻ കഴിഞ്ഞതയൊരുദിവസം പറകയുണ്ടായി. പിലാവിന്റെ വിവരണം, ചുവട്ടിൽ കായുണ്ടാകുന്ന ഒരുമാതിരി വൃക്ഷമെന്നാണത്രെ! "വേണമെങ്കിൽ ചക്ക വേരിലുംകായ്ക്കും" എന്ന ശൈലിയാണു് സായിപ്പിനെ വഴിതെററിച്ചതെന്നു സ്പഷ്ടമാകുന്നു. ഇതുപോലെ പല അബന്ധങ്ങളും യൂറോപ്യന്മാർ എഴുതിയതുണ്ടായിരിക്കുമല്ലോ. അവയെ ആശ്രയിച്ചാണു് കേരളചരിത്രം നിർമ്മിക്കുന്നതെങ്കിൽ ആ ചരിത്രം അബദ്ധസമ്പൂർണ്ണമായിരിക്കുന്നതിൽ എന്താണത്ഭുതം?

ഇവിടെ അല്പം വിശ്രമിച്ചു് ചിലതു ചിന്തചെയ്വാൻ വറുഗീസിനെക്കൂടി ക്ഷണിക്കാം. തന്റെ ഭാവനാശക്തികൊണ്ടുണ്ടാക്കിയ ചെപ്പേടുകളും കല്ലെഴുത്തുകളും വെള്ളക്കുറികളും നിരത്തി അടുത്തപടി ദേവലോകം പിടിച്ചടക്കുവാനാണു് വിദ്വാന്റെ ശ്രമം എന്നു തോന്നുന്നു. ഏറെത്താമസിയാതെ ദേവലോകവാസികൾ പുറം തള്ളപ്പെടുകയും അവിടെ പററിക്കൂടിയ നസ്രാണിപ്രമുഖന്മാർ കല്പിക്കുന്നതൊക്കെ 'ഇറാൻ' ചൊല്ലി അനുസരിക്കുന്ന ഒരു ഭരണതന്ത്രക്കാർക്കു് അവിടം കൈവശപ്പെടുകയും ചെയ്യുന്നാ കൺകുളിരുന്ന കാഴ്ചകാണ്മാൻ കൊതിക്കുന്ന വറുഗീസിനു് അവസരം ഉണ്ടാകുമൊ എന്തൊ?

നസ്രാണികൾക്കു് കേരളത്തിലെ ഔദാര്യനിധികളായ ഭരണാധികാരികളും ഭരണീയരും ആയ ഹിന്ദുക്കൾ പ

ല സഹായങ്ങളും ചെയ്തിട്ടുണ്ടെന്ന് ജനങ്ങൾ അറിഞ്ഞും
വിശ്വസിച്ചും പോരുന്നുണ്ട്. വറുഗീസിനെപ്പോലെ മാ
നംനോക്കി പടമെഴുതുന്ന ഒരു ജനസമൂഹം, ഇന്ന് ഇവി
ടെ സമാധാനപൂർവ്വം ആകാവുന്നത്ര അഭിവൃദ്ധിയോടെ കഴി
ഞ്ഞുകൂടുന്ന ഒരു 'ഭാവം' മാത്രം കൊണ്ടാണ് ഞങ്ങളൊ
ക്കെ അങ്ങനെ വിശ്വസിക്കുന്നത്. അല്ലാതെ ചെപ്പേടു
കളും കല്ലെഴുത്തുകളും മററും തെരക്കി പിടിച്ചിട്ടല്ല. വറു
ഗീസിനെപ്പോലെ 'യുട്ടോപ്യാ' രചിക്കുന്ന തോമസ് മൂറ
ന്മാർക്കാണ് ഏററം ലേഖനവും വെള്ളിയിലെ സത്യസാക്ഷ്യ
വുംകൊണ്ട് തങ്ങളുടെ പേരും പെരുമയും നിലയ്ക്കുനി
ർത്തുവാൻ ആഗ്രഹവും ആവശ്യവും ഉണ്ടാകുക. ഇ
ന്നാട്ടിലെ ഏതേതു ശ്രീമാന്മാരുടെ ഏതെല്ലാം ത്യാഗപൂ
ർവ്വമായ സഹായസഹകരണങ്ങൾ കൊണ്ടാണ് ഇന്നിവി
ടെ ഉണ്ടെന്നു ഞെളിയുന്ന വെണ്മാളികകളും മട്ടുപ്പാവുക
ളും ഉണ്ടായിട്ടുള്ളതെന്ന് അക്കഥ അറിഞ്ഞിട്ടുള്ളവർക്കെ
ല്ലാം അറിയാം. കാലത്തിന്റെ മറിച്ചിൽ, തങ്ങളുടെ മഹ
നീയദാനങ്ങൾ ഇത്തരം വിഷം വമിക്കുന്ന ദുർബ്ബുദ്ധികളെ
തങ്ങളുടെ പിൻഗാമികളുടെ ഇടയിൽ വളർത്തിയേക്കുമെ
ന്നറിയാൻതക്ക ദീർഘദൃഷ്ടി ഉണ്ടായിരുന്നാൽ കൂടിയും
നിവിർത്തകൈ മടക്കുവാൻ മനസ്സുവരാത്തത്ര ദാനശീല
ന്മാരായിരുന്ന പുരാതന കേരളീയ ഹിന്ദുക്കളെന്ന് വെളി
പ്പെടുത്തുന്ന ചെപ്പേടുകൾ തെരക്കിപ്പിടിക്കുവാനുള്ള അ
തിസാഹസം ഇനിയെങ്കിലും മതിയാക്കുന്നതാണ് നന്ന്.
ചെങ്ങന്നൂർ പുത്തൻകാവിൽ പുതുതായി വെഞ്ചെരിപ്പു
കഴിഞ്ഞ പള്ളിയുടെ മുൻഭാഗത്ത് കരിങ്കല്ലിൽ എഴുതി
യിരിക്കുന്ന 'ഈ വാതലിന്റെ കട്ടിള ഇവിടെ മുൻപുണ്ടാ
യിരുന്ന പുത്തൻകാവ് ഭഗവതിക്ഷേത്രത്തിന്റേതാകുന്നു'
എന്ന വാചകംപോലും മുൻപൊരു കാലത്തവിടെ ഒരു
ഭഗവതിക്ഷേത്രം സ്ഥിതിചെയ്തിരുന്നു എന്ന അനുമാന
ത്തിന്മേലാണ്, ഹിന്ദുമതം അടിപറിഞ്ഞു ക്രിസ്തുമതത്തി

ന്റെ തിരത്തള്ളലിൽ ലയിച്ചു എന്നു മിഥ്യാഭിമാനപൂൎവ്വമായ അവിവേകത്തെ നില കൊള്ളിക്കുന്നതെന്ന് ആൎക്കാണ് അറിഞ്ഞുകൂടാത്തതു്? ഇനിയൊരുകാലത്തു് വറുഗീസിന്റെ തരക്കാരായ എത്രയാളുകൾക്കാണ്, ഈ ശിലാലിഖിതം, ചെങ്ങന്നൂരിലെ നസ്രാണികളുടെ കൊല്ലംശകതി സഹിച്ചുകൂടാഞ്ഞു് ഹിന്ദുദേവാലയങ്ങളുടെ കട്ടിളകളൊക്കെ നസ്രാണിപ്പള്ളികളുടെ കട്ടിളകളായി രൂപാന്തരപ്പെട്ടു എന്നുള്ള വിലകല്പിക്കവെയ്യാത്ത അനുമാനങ്ങൾക്കാധാരമായിത്തീരാൻ പോകുന്നതെന്നു് ആരറിഞ്ഞു? ഏതായാലും ഒന്നു തീർച്ചയാണ്. ശിലാരേഖകളും ചെപ്പേടുകളും കൊണ്ടാണ് തങ്ങളുടെ മേന്മ സ്ഥാപിക്കാൻ വറുഗീസുകുട്ടർ ഒരുങ്ങുന്നതെന്നിരിക്കെ, ആ വിധം ഉണ്ടായ പെരുമയ്ക്കും മുൻകാലത്തെ നസ്രാണികളുടെ അവസ്ഥ പല പ്രകാരത്തിലും പരുങ്ങലായിരുന്നു എന്ന് ആരുമേതുമാവശ്യപ്പെടാതെതന്നെ പെരുംപറയടിക്കുവാനായിരിക്കും ആ വക ലക്ഷ്യങ്ങൾ അധികം ഉപകരിക്കുന്നതു്. കേരളീയ ബ്രാഹ്മണരുടെ പുറം തല്ലിപ്പൊട്ടിക്കാനും രാജാക്കന്മാരുടെ എഴുന്നള്ളത്തു തട്ടത്തും നാട്ടുവാലായ്മക്കാലത്തു് ഘോഷയാത്ര നടത്തിയും രാജഭക്തി പ്രകടിപ്പിക്കാനുംമററും കേരളീയനസ്രാണികൾ വിരുതന്മാരായിരുന്നു എന്നുതെളിയിക്കാൻ പുറപ്പെട്ടിരിക്കുന്ന വറുഗീസിന് സ്വസമുദായത്തിന്റെ മേന്മ മുഴുവൻ; തന്റെ മുൻപിൽ മേന്മയുള്ളതായി കാണപ്പെടുന്നവയുടെ അധഃപതനത്തിലാണു സ്ഥിതിചെയ്യുന്നതെന്ന് നല്ല വിവരമുള്ളതായി തോന്നുന്നുണ്ടു്. വ്യാഘ്രവിക്രമനായിരുന്ന ഒരു മതാചാൎയ്യന്റെ കുടക്കിഴിൽ, തന്റെ മനോരാജ്യസാമ്രാജ്യം നിലനിൎത്തിയിരിക്കുന്ന ഒരു ദുൎമ്മദാന്ധന് ജല്പിക്കാവുന്നതു മുഴുവനുംകൊണ്ടാണു വറുഗീസ് തന്റെ ചരിത്രപൎയ്യടനം മുഴുമിച്ചിരിക്കുന്നതെന്നു കാണുന്നതിൽ പരിപൂൎണ്ണതൃപ്തിക്കല്ലാതെ അവകാശമില്ല. തിരുവിതാംകോടിന്റെ

ഇന്നത്തെ സുഭിക്ഷസുരഭിലമായ ഉന്നതാവസ്ഥക്ക കൈ കാൎയ്യകൎത്താവായിരുന്ന രാജാകേശവദാസൻ കൈക്കൂലി വാങ്ങിയതായി പള്ളികളെക്കുറിച്ചു സ്ഥാപിച്ച നമ്മുടെ ചരിത്രകാരൻ ബാലരാമവൎമ്മമഹാരാജാവിൻെറ കാലത്തെ ഒരു മാൎത്തൂത്തരകൻെറ ചിത്രം ഒന്നു മാറി വരഞ്ഞുണ്ടാക്കുവാൻ തയാറാകണമെന്നു് പ്രത്യേകമായ അപേക്ഷയുണ്ടു്. കള്ളരേഖയാധാരം നിൎമ്മിച്ചും, കള്ളസാക്ഷി പറഞ്ഞും കള്ളക്കടം വാങ്ങിയും, ഇടപാടുകാരെ ഉൻമൂലനാശം ചെയ്യുന്ന പണിയും, കള്ളക്കമ്മട്ടം കൊണ്ടു കുബേരപദവിനേടുന്ന മാതിരിയും വശമുള്ള കൂട്ടത്തിൽ ഒരു കള്ളച്ചരിത്രകാരനും ഒരു കള്ളച്ചിത്രകാരനും അവതരിക്കാൻ ഇത്ര വൈകിയതെന്തെന്നേ ഈയുള്ളവൎക്കു സന്ദേഹമുള്ളു.

കേരളത്തിൽ വളരെ മുൻകാലത്തുതന്നെ കൊല്ലും കൊലയും നടത്താനും, ഹിന്ദുവൎഗ്ഗിയരെ എന്തും ചെയ്യാനും അധികാരാവകാശങ്ങൾ നേടിയ വറുഗീസിൻെറ നസ്രാണിസമുദായം, കേരളത്തിൻെറ അതിൎത്തികളെ ഉല്ലംഘിച്ചും, ദക്ഷിണഇൻഡ്യായുടെ പരിധികളെ കടന്നും, ജൈത്രയാത്രചെയ്തു ഒരു അഖിലഭാരതീയസാമ്രാജ്യം സംസ്ഥാപനം ചെയ്യാൻ മുതിരാത്തതു വലിയകഷ്ടമായിപ്പോയി. പണ്ടത്തെ നസ്രാണിപ്പെരുമാളന്മാരും, പടയാളിപ്പെരുന്തലവന്മാരും, തുമ്പമണ്ണുമീൻ മുതലായ വിചിത്രസത്വങ്ങളും, എല്ലാത്തിനും മീതെ മാറുമാറെന്നു ജല്പിക്കുന്ന മാർ, മാത്ത്യൂസന്മാരും തൻെറ ആജ്ഞാകരന്മാരായിരുന്ന മുറയ്ക്കു ആ ഒരു അവശ്യകരണീയകൎമ്മം വറുഗീസു കഴിച്ചുവച്ചിട്ടില്ലെങ്കിൽ, പല്ല മൈലാപ്പൂരൊ, മാവേലിക്കരയൊ, തുമ്പമണ്ണൊ, തഴക്കരയൊ, നിരണത്തൊ, നിലയ്ക്കലൊ, കോട്ടയത്തൊ, കുറിച്ചേരിലൊ, കായംകുളത്തുതന്നെയൊ ചെന്നു് നിലംകുഴിച്ചൊ, തൊലി പൊളിച്ചൊ, കണക്കുനോക്കിയൊ, ഗണിച്ചറിഞ്ഞൊ, സിദ്ധിക്കാ

വുന്ന വിചിത്രചരിത്രരേഖകൾ സമ്പാദിക്കാൻ മുതിരാത്തത് നസ്രാണിസമുദായത്തിൻെറ ഭാഗ്യദോഷമെന്നല്ലാതെ എന്തുപറയട്ടെ. വറുഗീസു രൂപവൽകരിക്കുന്ന ഒരു നസ്രാണിസമുദായം, ഭാരതത്തിലെ ആധുനികരാഷ്ട്രീയനിലയിൽ ഇൻഡ്യൻ ക്രൈസ്തവാനികളുടെ ന്യൂനപ്രാമാണ്യത്തെ തച്ചുതകത്തുകളയാൻ തിർച്ചയായും ശക്തമാകുമായിരുന്നു.

കേരളത്തിലെ ഏതു വർഗ്ഗത്തെയും കൊണ്ടു് തങ്ങളുടെ മതപ്രചരണക്ഷുത്തു അടക്കാൻ മുതിന്ന, ഇപ്പോഴും ആപ്രവൃത്തിതുടരുന്ന—ഒരു സമുദായത്തെ,—വല്ല കാരണവശാലും, പൂർവ്വസമുദായവലയത്തിൽനിന്നു നിവൃത്തിയില്ലാതെ ബഹിഷ്കരിക്കപ്പെട്ട വല്ല പുണ്യൽക്കാരനാലും അപൂർവ്വമായി മാത്രം സൃഷ്ടിക്കപ്പെട്ടിരിക്കാവുന്നതും, ബാക്കി മുഴുവനും, എന്തെന്നും ഏതെന്നും അറിവില്ലാത്ത പഠിപ്പോ, പ്രാമാണ്യമോ തീരെ ഇല്ലാത്ത, അകവും പുറവും ഒരുപോലെ ഇരുണ്ട, ഏതു തരത്തിലുംപെട്ട ആളുകളെക്കൊണ്ടു എണ്ണം പെരുക്കിയതും ആയ ഒരു ക്രിസ്തീയജനസമൂഹത്തെ—ഞങ്ങൾക്കു കുറേക്കാലം മുൻപുമുതലെ കാണ്മാൻ കഴിഞ്ഞിട്ടുണ്ടു്. അവരുടെ തലവന്മാരെന്ന് അറിയിക്കപ്പെട്ടന്നവരെല്ലാം അന്ന് ഇവിടെ ചെപ്പേട്ടും കല്ലെഴുത്തും കൂടാതെ കൊല്ലും കൊലയുംനടത്തി സുവിദിതമായ ചാരിത്രത്തോടുകൂടിയ ചരിത്രത്തിനെന്നെന്നും ഉടമക്കാരായ ഹിന്ദുജനങ്ങളാൽ, ഓരോ കാരണവശാൽ സംഭാവിതന്മരായിരുന്നു എന്നറിയാനും കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഇവിടെ കണ്ടുവരുന്ന ഉയന്ന നസ്രാണിസമുദായക്കാരിൽ അധിക പങ്കുകാരും അത്ര പുരാതനമല്ലാത്ത കാലത്തു്, അന്നത്തെ ഹിന്ദുവർഗ്ഗീയരുടെ കൃഷികാര്യാദികളിൽ പ്രവർത്തിച്ചു്, പുറംപറമ്പുകളിലും, വയലുകളിലും അടകുടി കിടന്നിരുന്ന നാനാജാതിക്കാരായിരുന്നു, അവർ അന്നു കൊല്ലും കൊലയും നടത്തിയതു ആരെ എങ്ങനെ, ആയിരുന്നു, അവരുടെ അന്നത്തെ പടയോട്ടങ്ങൾ എ

ങ്ങോട്ടും എന്തുകരുതിയും ആയിരുന്നു, അവരുടെ അന്നത്തെ പടച്ചട്ടവട്ടങ്ങളും പടക്കോപ്പുകളും ഏതു രൂപത്തിലും തരത്തിലും ഉള്ളവ ആയിരുന്നു, എന്നെല്ലാം നല്ല വിവരമുള്ളവർ വറുഗീസിൻെറ സമുദായത്തിൽതന്നെ പലരുണ്ടു്. ഇന്നിവിടെ കാണുന്ന പള്ളികൾ എല്ലാം ഓരോരിക്കൽ ആരാരുടെ ഏതേതുരൂപത്തിലുള്ള സത്യസൗമനസ്യങ്ങളിൽനിന്നുത്ഭൂതമായതാണെന്നും അവയുടെ ഒക്കെ ആദിമകാലസ്ഥിതി ഏതുപ്രകാരമായിരുന്നു എന്നും അറിയുന്നതിനു ചെപ്പേടുകൾ കൂടാതെയുള്ള തെളിവുകൾതെരക്കിപ്പിടിക്കുക ആർക്കും കഴിവുള്ളതാണ്. തിരുവല്ലായിൽ പണ്ടിത്ത നസ്രാണിസാമ്രാജ്യസൗധത്തിൻെറ ആണിക്കല്ലുകൾകൂടി ൧൦൩൭, ൧൧൦൦, ൧൧൦൭-എന്നീ ആണ്ടുകളിലായി പിഴുതുവീണതു് അവിടവിടെ കിടപ്പുള്ളതു ആക്കു വേണമെങ്കിലും ചെന്നുകാണാവുന്നതും, അവയിലെ തലയിലെഴുത്തുകൾ ഏതു ഭാഷക്കാക്കും വായിച്ചുഗ്രഹിക്കാവുന്നതും ആണ്. തിരുവല്ലാ ഒരു നസ്രാണിസങ്കേതമാണെന്നു രാഘവയ്യാ ദിവാൻജിയ്ക്കുറപ്പുവരുത്തിക്കൊടുത്ത ചന്തയിലെ മഹാരഥന്മാർ അവിടന്നു കൈക്കൊള്ളുന്ന വിക്രമതപത്തിനു ബിജാവാപം ചെയ്യാൻ അനുവാദം നൽകിയ പുണ്യവാന്മാരോടു തങ്ങൾക്കുചിതമെന്നു തോന്നുന്ന തരത്തിൽ കൃതജ്ഞതകാണിക്കുവാൻ കൂസലില്ലാത്തവരാണെങ്കിലും തക്ക മുൻകരുതലോടെ മാറാൻപറഞ്ഞാൽ പഴയകല്ലും കട്ടയും കരത്തിലേന്താൻ തയാറുള്ള വാസ്തവത്തിനും ഏറെ പുരാതനമായ ചരിത്രരേഖകളൊന്നും ആവശ്യമാകാനിടയില്ലാ. ചങ്ങനാശേരിക്കു പടിഞ്ഞാറുവശത്തെ പുഞ്ചപ്പാടത്തുദിച്ചുയൻവരുന്ന ഒരു നസ്രാണിപ്പള്ളി എന്തെന്തു വിക്രമങ്ങൾ ഏതേതുജനസമൂഹങ്ങളുടെ ഇടയിൽകാട്ടി, ആരുടെ നെല്ലും ചക്രവുംകൊണ്ടാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളതെന്നു അറിയാവുന്നവർ വളരെക്കാണും. അവിടേയും അതുപോലെ പലയിടങ്ങളിലും കാലാകാലങ്ങളിൽ ആവശ്യംപോലെ

ആവേശിക്കപ്പെടുന്ന പുണ്യസ്വരൂപങ്ങളിൽ ഏതോ ഒന്നു തന്നെ ആണ് വറുഗീസിൻെറ സാഹസങ്ങൾക്കും തിരുമനം നൾകിയിട്ടുള്ളതെന്ന് നമുക്കൊക്കെ അറിയാവുന്നതാണ്. കാട്ടുപത്തനാപുരം എന്നറിയപ്പെടുന്ന വനാന്തരപ്രദേശത്തു രക്ഷാസൈന്യക്കാരും മററും കൂടി സ്ഥാപിച്ചിട്ടുള്ള ക്രിസ്തീയസാമ്രാജ്യത്തിൽ എത്ര എത്ര ബ്രാഹ്മണസങ്കേതങ്ങളാണു യേശുക്രിസ്തുവിലൂടേയുള്ള മാർഗ്ഗപ്രബോധനം കൊണ്ടു മാനസാന്തരപ്പെട്ടുകാണുന്നതെന്നും അവരൊക്കെ ആക്കെല്ലാം ഭാവിയിൽ തീണ്ടുകല്പിക്കാൻ പോകുന്നവരാണെന്നും ഊഹിച്ചറിയുവാൻ രസം തോന്നുന്നതാണ്. കടൽപുറങ്ങളിൽ നെടുനീളെ ഉയൎന്നുവന്നിട്ടുള്ള നസ്രാണി സാമ്രാജ്യഹർമ്മ്യങ്ങൾ തങ്ങളുടെ ഏതുതരക്കാരായ പൗരജാനപദന്മാരുടെ മേലാണ് സാമ്രാജ്യദുർമ്മോഹം കോരിവാരിച്ചൊരിയുന്നതെന്നും അന്വേഷിച്ചാൽ അറിയാം. വറുഗീസു പള്ളിക്കൂടത്തിൽ പഠിച്ചിട്ടുണ്ടെങ്കിൽ അന്നു കൂടെ പഠിച്ചിരുന്ന നായർബാലന്മാർ സ്കൂളിൽനിന്നു വീട്ടിൽ ചെല്ലുമ്പോൾ കുളിക്കേണ്ടിവന്നതു നായരെ നസ്രാണിക്കു തീണ്ടുണ്ടായിരുന്നതുകൊണ്ടാണെന്നറിവാൻ വിഷമമില്ലാത്തതാണ്. നസ്രാണികൾ മുഴുവൻ ബ്രാഹ്മണ്യം തികഞ്ഞവരും, ബ്രാഹ്മണരുടെ മതപരിവൎത്തനാനന്തരം അവരിൽനിന്നുൽഭൂതമായവരും ആണെന്നുകാണാൻ വറുഗീസിൻെറ നസ്രാണി തലവന്മാരെ ഒരു നോക്കുനോക്കിയാൽ മതിയത്രേ.

മാർമാത്യൂസ് അത്താനാസ്യോസാണ് വറുഗീസിൻെറ ഏക ജീവിധാരം. ആ ഒരു മെത്രാൻെറ അപദാനങ്ങൾ വൎണ്ണിക്കാനാണു വറുഗീസിനു കൌതുകവും. ചെപ്പേടുകളും മററും തിരിഞ്ഞുപിടിക്കുവാൻ വറുഗീസ് പുതുപ്പള്ളിലോളം ചെന്നെത്തിയിരിക്കയില്ല. അവിടെ ചെന്നന്വേഷിച്ചാൽ ഇതും ഇതിലപ്പുറവും ഗ്രഹിക്കാവുന്ന ഒരു ചരിത്രമാണ് ആ കൊലകൊമ്പൻെറതു്. ആ കൊലകൊമ്പ

നിൽനിന്നു പകന്ന പ്രഭാവത്തോടെ ഇവിടെ ജീവിക്കുന്ന കൊച്ചുകൊലകൊമ്പന്മാരെ അറിയാവുന്നവരൊട്ടേറെയാണുതാനും. തുമ്പമണ്ണിൽ കിളിത്തു പുതുപ്പള്ളിൽ പടന്ന ആ വീരശൂരപ്രഭാവനായ മതാചാൎയ്യൻെറ 'ആചാൎയ്യഗുരുത്വം' വല്ല ഗുരുത്വംകെട്ട നസ്രാണിയുംതന്നെ ഒന്നു് എഴുതിയുണ്ടാക്കിയാലാണു് വറുഗീസിനും കൂട്ടൎക്കും രുചിക്കുക. സ്വന്തം ക്ഷുദ്രസമുദായത്തിൻെറ നാലതിൎത്തികളിൽകൂടി സമാധാനവും സൗമനസ്യവും പുലൎത്താൻ കഴിയാത്ത ഒരു അശക്തനായ അപരിഷ്കൃതനാണു് ഇതരവൎഗ്ഗങ്ങളെ പുലൎത്താൻ പള്ളി പണിയിക്കുന്നതിനു് അനുവാദം വാങ്ങുന്ന പണിയിൽ ബദ്ധപരികരനായി കാണപ്പെടുന്നതു! വറുഗീസിൻെറ വഴി വളരെ നന്നുതന്നെ. തൻെറ കൌടില്യപ്രഭാവൻ ഇതരസമുദായങ്ങളിൽകൂടി കാരുണ്യവൎഷം ചൊരിഞ്ഞ ചിത്രം എത്ര അനുഭവരസത്തോടെയാണു വരഞ്ഞുകാട്ടുന്നതെന്നുനോക്കുക. വേമ്പനാട്ടുകായലിൽവച്ചു ദിവാൻപേഷ്കാർ ശങ്കുണ്ണിമേനോനുമായി നടമാടിയതായി കാണിച്ച ആ രംഗം കേരളീയർ ഏതുമൊന്നും അറിഞ്ഞുകൂടാത്ത മരത്തലയന്മാരാണെന്നു പണ്ടൊരു പാതിരിസ്സായിപ്പു് എഴുതി 'അച്ചിടുവിച്ചതും' വറുഗീസു നിത്യപാരായണം ചെയ്യുന്നതുമായ ആ ഗ്രന്ഥം വരുത്തിക്കൊടുത്ത വിശ്വാസാന്ധ്യംനിമിത്തമാണു് ആ രൂപത്തിലായതു്. പേഷ്കാർ ശങ്കുണ്ണിമേനോൻെറ കഴുത്തിൽ കയറിട്ടു് കായലിൽ താഴ്ത്തിക്കളെയുമെന്നു ഭയപ്പെടുത്തുവാൻ മുതിൎന്ന ഒരു ആരാച്ചാരാണത്രെ വറുഗീസിൻെറ സമുദായത്തിൻെറ സത്യവിശ്വാസം പുലൎത്തുവാൻ പോന്നവൻ! വൎഗ്ഗീസിൻെറ വൎഗ്ഗക്കാൎക്കു് ഈ വിശ്വാസം ഒട്ടും അധികപ്പെട്ടതല്ലെങ്കിലും കേരളത്തിലെ നസ്രാണികൾ ഈ അധികപ്രസംഗത്തെ അനുകൂലിക്കുമെന്നു വിശ്വസിക്കാൻ തീരെ തരമുള്ളതല്ല. വല്ല കാട്ടുമുട്ടാളന്മാരെക്കൊണ്ടും, വളൎത്തപ്പെടേണ്ടതാണു്, ക്രിസ്തീയസമുദായത്തിൻെറ അഭിമാനൈശ്വൎയ്യങ്ങളെന്നുവന്നുകൂടിയാൽ എന്താ

ന്നതിന്റെ അവസാനമെന്നാക്കറിയാം? മകൻ ചത്താലും വേണ്ടില്ല മരുമകളുടെ ദുഃഖം കാണണമെന്നും, മൂക്കു മുറിച്ചിട്ടെങ്കിലും ശകുനം മുടക്കണമെന്നും വറുഗീസിനുള്ള നിർബ്ബന്ധവ്രതം നായർവംശകേസരിയായിരുന്ന ശങ്കുണ്ണിമേനോനിൽക്രൂടി നായർ സമുദായത്തിനെ കയറിട്ടു പിടിക്കുവാൻ തുനിഞ്ഞതു സ്വന്തസമുദായത്തിനുതന്നെ ഒരു തീരാക്കളങ്കമായിത്തീൎന്നു. അത്രമാത്രം; മിസ്റ്റർ ശങ്കുണ്ണിമേനോൻ എങ്ങനെയുള്ള ആളാണെന്നറിവാൻ വഴി പലതുണ്ടു. വറുഗീസിന്റെ ആത്താനാസ്യോസിന്റെ തത്ഭവത്രുപങ്ങളും ചിലതില്ലാതില്ല. രണ്ടും തമ്മിൽ നോക്കിയറിഞ്ഞു ഗുണദോഷനിരൂപണംചെയ്യുന്നവരേ വസ്തുത കണ്ടുപിടിക്കൂ.

കേരളീയ ഹിന്ദുക്കളെ അവരുടെ ക്രൂട്ടത്തിൽപെട്ടചിലർ ഗ്രന്ഥനിൎമ്മാണം ചെയ്തു് ആ ഗ്രന്ഥങ്ങൾക്കില്ലാത്ത പ്രാമാണ്യം ആരോപിച്ചു മയക്കിയിട്ടുണ്ടു്. അതു വിശ്വസിക്കമൂലം അവൎക്കു ചില ന്യൂനതകളും ഉണ്ടായിട്ടുണ്ടു്. എന്നാലും അവരുടെ ക്രൂട്ടത്തിൽ ഒരു വിദ്വാൻകുട്ടി ഉണ്ടായിട്ടില്ലാ. വിദ്വാൻകുട്ടിയുടെ രേഖാനിൎമ്മാണം ഇവിടെ ആരും അനുകരിച്ചിട്ടുമില്ല. ആ തോതുപിടിച്ചു് പ്രവൎത്തിച്ചാൽ വിജയം കരസ്ഥമാണെന്നു കണ്ടുപിടിച്ച വറുഗീസ് അങ്ങനെ സ്വസമുദായത്തിന്റെ മേധാബലത്തെ സാക്ഷീകരിക്കുന്നു. അനുഭവം തരുന്ന ഉപദേശങ്ങളെ എടുത്തെറിഞ്ഞു് മണ്ണിലും പുണ്ണിലും ചികഞ്ഞു രേഖാസാക്ഷ്യങ്ങൾ ഉന്നയിക്കുന്ന വറുഗീസിനു ബോധം ഉണ്ടാക്കാൻ വാക്കുകൊണ്ടുള്ള വ്യാപാരത്തേക്കാൾ അധികം ഉതകുന്ന മാർഗ്ഗങ്ങൾ മററു പലതും കാണും. നായന്മാൎക്കും മററു ഹിന്ദുക്കൾക്കും വറുഗീസിന്റെ അത്താനാസ്യോസിനെപ്പോലെ ഒരു ആചാൎയ്യനുമുരുവല്ല, അദ്ധ്യക്ഷനേതാവുമല്ല, ആചാൎയ്യനോ അദ്ധ്യക്ഷനോപോലും ഇതേവരെ ഉണ്ടായിട്ടില്ലെന്നു്, ആ വക വ്യാപാരങ്ങൾക്കു് ഇന്നോളം ആവശ്യം മുതിൎന്നുകാണാത്തതുകൊണ്ടുത

ന്നെ ആക്കും അറിയാം. വറുഗീസ്സിനോട്ടു ഈ അവസരത്തി ൽ ഇത്ര കൂടിപറയേണ്ട ആവശ്യമേ ഞാൻ കാണുന്നുള്ളു. കേരളം പണ്ടല്ല ഇന്നും ഹിന്ദുക്കൾക്ക് സർവ്വപ്രാബല്യവും ഉ ള്ളിടംതന്നെ. വറുഗീസ്സിൻെറ കൂട്ടർ ഇവിടെ തല പൊന്തി ക്കാൻ തുടങ്ങിയിട്ട് ഏറെക്കാലം ആയിട്ടില്ലാ. വറുഗീസ്സു കാണുന്ന പുരാതനപള്ളികൾ ഓരോന്നും, കേരളത്തിലെ അക്കാലത്തെ ഹിന്ദുക്കളുടെ ഔദാൎയ്യംകൊണ്ട് ഉദിച്ചുയ ന്നു വന്നിട്ടുള്ളതാണ്. കപ്പലിറങ്ങിവന്നവരെ ആരെയും ഇവിടെക്കാണുന്നില്ലാ! ഹിന്ദുക്കളിൽ ഉയൎന്നവരെന്നു വറു ഗീസ്സും പറയുന്നവരാരും നസ്രാണികളായിട്ടില്ലാ. ഹിന്ദു മതത്തിൻെറ ഭാഗ്യദോഷംകൊണ്ട് ആചരിച്ചുപോരുന്ന തീണ്ടൽ തൊടീൽ അവരിൽ ചിലരെ വറുഗീസ്സിൻെറ കൂ ട്ടുകാരുടെ മെരട്ടുകളിൽപ്പെടുത്തുവാൻ സഹായിച്ചിട്ടു ണ്ട്. ഇന്നു പുതുകൃസ്ത്യാനിയെന്നും പുലക്രിസ്ത്യാനി യെന്നും മററും മററും വറുഗീസ്സിൻെറ കൂട്ടുകാർ പേരിട്ടു വിളിക്കുന്നവരുടെ അവസ്ഥതന്നെയായിരുന്നു ബാക്കിയു ള്ളവൎക്കും എന്നു സൂക്ഷ്മം ആലോചിച്ചാൽ കാണാം. പ ക്ഷേ കുറേക്കാലം മുൻപെന്നുമാത്രം ഭേദമുണ്ട്. ക്രിസ്തുമ തം ജാതിവ്യത്യാസം ആചരിക്കാത്തതാണെന്നു പറഞ്ഞു കേട്ടിട്ടുണ്ടെങ്കിലും അതു ക്രിസ്തുമതം എന്നൊന്നു വല്ലിടത്തും ഉണ്ടെങ്കിൽ അതിനേ ബാധകമാകൂ. ഇവിടെ നാം കാ ണുന്ന നസ്രാണിമതം ജാതിശാപത്തിലും സമുദായബ ന്ധത്തിനു ദോഷകരമായ മറെറല്ലാ അവസ്ഥകളിലും ഹി ന്ദുസമുദായങ്ങളെപ്പോലെ കുടുങ്ങിത്തന്നെയാണ് കാണു ന്നതു്. കേരളത്തിൽ നസ്രാണികൾ രാജ്യം ഭരിച്ചതായും അവർ പടപൊരുതതായും ആരും കേട്ടിട്ടില്ല. രാജ്യഭര ണവും പടപ്പോരും ആശാസ്യങ്ങളെന്നു അവൎക്കറിവാൻ കുറച്ചുകാലത്തിനുമുൻപ് മാത്രമേ ആവശ്യവും സൌക ൎയ്യവും ഉണ്ടായിട്ടുള്ളു. ഇനിയുള്ളകാലത്തു് വറുഗീസ്സി ൻെറ നസ്രാണിഭാവത്തിനു ആ ഒരു ഭാഗ്യം കിട്ടുമെന്നു

കരുതിക്കൂടാ. എല്ലാത്തിലും മീതെ അല്ലാതെയും ചില സ്ഥാനങ്ങളുണ്ട്. ആ സ്ഥാനങ്ങൾ കിട്ടിയാലും ചിലരൊക്കെ തൃപ്തിപ്പെടണം കേരളത്തിൽ നായന്മാരെ കയറിട്ടുപിടിക്കാനും പേടിപ്പിച്ചു ഒപ്പിടുവിക്കാനും ആരും ഉണ്ടായതായി ഇതേവരെ കേട്ടിട്ടില്ല. വറുഗീസിനു തെല്ലുമുണ്ടെങ്കിൽ പൂർവികപ്രതാപങ്ങൾ പലതും പലതുകൊണ്ടും കുറവായിരിക്കുന്ന ഇന്നത്തെ നായന്മാരിൽ തന്നെ അതു പരീക്ഷിച്ചുനോക്കാവുന്നതാണ്. അപ്പോളറിയാം അതിന്റെ അനുഭവം. അനുഭവംകൊണ്ടുണ്ടാകുന്ന അറിവിനാണുറപ്പുകൂടുന്നതെന്നു വറുഗീസു ഇനിയെങ്കിലും ധരിക്കേണ്ടതാകുന്നു. വറുഗീസ് അതു ധരിക്കാതെ ചെപ്പും പന്തും കൂട്ടി നാട്ടുകാരെ മെരട്ടാനാണിനിയും ഭാവമെങ്കിൽ അനാവാം ബാക്കി.

ഈ പ്രകൃതത്തിൽ കേരളത്തിലെ ക്രിസ്ത്യാനിസമുദായത്തോടുകൂടി രണ്ടുവാക്കു പറയേണ്ടതാവശ്യമായി വരുന്നു. ചിത്രമെഴുത്തു വറുഗീസു തന്റെ സാഹിത്യപരിശ്രമംകൊണ്ട് കേരളത്തിലെ ഹിന്തുക്കളെ പ്രത്യേകിച്ചു നായന്മാരെ ദിക്കുവിട്ടോടിക്കാമെന്നു കരുതിയാണതിനു തുനിഞ്ഞതു്. അതിനു അയാളുടെ ജാതിസ്പർദ്ധാജഡിലമായ ചിത്തവൃത്തി ഒന്നുതന്നെ പ്രേരകമെന്നു ഹിന്ദുക്കൾ കരുതിയിട്ടുള്ളു. വറുഗീസിനെപ്പോലെ തല മറന്നെണ്ണതേയ്ക്കുന്ന മററു ചരിത്രാന്വേഷകന്മാരുടെ ഭാരം പേറുവാനുള്ള ദൗർഭാഗ്യം കേരളത്തിലെ നസ്രാണിസമുദായത്തിനുണ്ടായിട്ടില്ലെന്നുതന്നെ അവർ തികച്ചും വിശ്വസിക്കുന്നതു്. ഹിന്ദുക്കളുടെ ഔദാര്യബുദ്ധിയുടേയും, മഹാമനസ്കതയുടേയും അളവ് കേരളത്തിലെ ക്രിസ്ത്യാനികൾ വളരെ മുൻപുതന്നെ അറിഞ്ഞുതുടങ്ങിയിട്ടുള്ളതും, വറുഗീസിന്റെ താന്തോന്നിത്തംനിറഞ്ഞ, സമുദായത്തിനടച്ചാക്ഷേപകരമായ, സമുദായത്തിലെ നട്ടുനായകങ്ങളെക്കൂടി അപകീ

ത്തിപ്പെടുത്തുന്ന, അത്യന്തം അവാസ്തവങ്ങളേക്കൊണ്ടും അയുക്തികളേക്കൊണ്ടും സമ്പൂർണ്ണമായ, വിവാദലേഖനങ്ങൾ കണ്ടിട്ടുപോലും അയാളുടെ അഹമ്മതിയേയും, അറിവുകേടിനേയും കുറിച്ചു തെല്ലൊരു പുച്ഛഹാസം തൂകുകമാത്രം ചെയ്തു മൗനം ഭജിക്കാൻ ശക്തമായിട്ടുള്ളതുകൊണ്ടു ഇപ്പോഴുംകൂടി പ്രത്യക്ഷപ്പെട്ടിട്ടുള്ളതും ആകുന്നു. എന്നാൽ വറുഗീസിന്റെ വകതിരിവില്ലായ്മയെ ശാസിച്ചടക്കുവാൻ ക്രിസ്ത്യാനിസമുദായത്തിനുള്ള കൎത്തവ്യബുദ്ധി ഇനിയെങ്കിലും ജാഗരൂകമാകുന്നില്ലെങ്കിൽ, അയാൾ അഹങ്കരിക്കുന്നതുപോലെ മുന്നൂറും അഞ്ഞൂറും വശങ്ങൾ നിറച്ചു ശ്രീമാൻ മന്നത്തു പത്മനാഭപിള്ളഅവർകളോടുള്ള മറുപടി പ്രസിദ്ധപ്പെടുത്തുവാൻ കേരളത്തിലെ ക്രിസ്ത്യാനികൾ ഒത്താശചെയ്യുയാണെങ്കിൽ അതിന്റെ പരിണാമം അത്ര ഹൃദ്യമാകാതെ വരാമെന്നു കരുതേണ്ടതാകുന്നു. വറുഗീസാകുന്ന മൂർഖൻപാമ്പ് ജാതിസ്പൎദ്ധയാകുന്ന ഭയങ്കരവിഷം ഇനിയും സമുദായശരീരത്തിൽ പ്രയോഗിച്ചെന്നുവരട്ടെ; അന്ന് അതിനുവേണ്ട മറുകൈ ചെയ്യാൻതക്ക കെൽപ്പുള്ള നരേന്ദ്രന്മാർ തന്നെ ഇവിടെ ഉണ്ടെന്നു നല്ലവണ്ണം ധരിക്കുവാനുള്ളതാകുന്നു. വറുഗീസിന്റെ ഇതോളമുള്ള സമുദായാവഹേളനങ്ങൾ ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകൾ ഒരു ചെറിയ ലേഖനപരമ്പരകൊണ്ടു വാസ്തവത്തിൽ ക്ഷമിക്കുകയാണു ചെയ്തിട്ടുള്ളതു്. പാലാഴിമഥനാവസരത്തിൽ വാസുകി വമിച്ച അത്യുജ്ജ്വലമായ വിഷം ഭൂമണ്ഡലത്തെ ഭസ്മമാക്കാൻ ഇടകൊടുക്കാതെ, ശ്രീപരമേശ്വരൻ അതു ഭക്ഷിച്ച് സാക്ഷാൽ ശ്രീനീലകണ്ഠനായി ഭവിച്ച കഥ ഹിന്ദുക്കളുടെ പുരാണത്തിലുണ്ട്. വറുഗീസാകുന്ന വാസുകി ഇവിടെ വമിച്ച സമുദായനിന്ദാകാകോളം സമുദായഭക്തന്മാരുടെ ഞരമ്പുകൾക്കു ചൂടുപിടിപ്പിക്കുകയും, അവൎക്കു ക്രമേണ പ്രതിക്രിയാകൗതുകം ജനിച്ചുതുടങ്ങുകയും ചെയ്യുന്നതറി

ഞ്ഞു് മഹാമനസ്കനായ മന്നത്തു പത്മനാഭപിള്ള അവർ
കൾ ഈ വിഷയത്തിൽ പ്രവേശിച്ചു ചിലതു പറകയും,
അങ്ങനെ സമുദായങ്ങൾക്ക തമ്മിൽ ഉണ്ടാകുമായിരുന്ന ഭ
യങ്കരഘട്ടനം കൂടാതെ കഴിക്കയും ചെയ്തതായിട്ടാണു വിചാ
രിക്കേണ്ടതു് സമുദായങ്ങൾക്ക തമ്മിൽ എന്നെന്നും ഉ
ണ്ടായിരിക്കേണ്ട ഹൃദ്യമായ സാഹോദര്യത്തെ ഭഞ്ജിച്ചുകൊ
ണ്ടു വറുഗീസു തുടന്ന ഇളകിയ ട്ടം ശമിപ്പിക്കുവാൻ ഇ
വിടെ അല്പം ചില സംഗതികൾ പ്രസ്താവിച്ചിട്ടുള്ളതിൽ
നസ്രാണികളെ കൈപ്പോടെ സ്പർശിക്കുന്നതായി തോന്നുന്ന
തൊക്കെ വറുഗീസിന്റെ കല്പിതനസ്രാണി സമുദായത്തിനു
സമപ്പിച്ചിട്ടുള്ള ഉപഹാരങ്ങളായി മാത്രമെ നിങ്ങൾ
പരിഗണിക്കേണ്ടു എന്നു പ്രത്യേകം ഓമ്മിപ്പിക്കേണ്ടതി
ല്ലല്ലോ.

---

SenGupta Memorial
PUTHIYARA.
Readingroom & Library

## രണ്ടാം അദ്ധ്യായം.

---

### നായന്മാർ ആരാണ്?

നായന്മാർ കേരളത്തിൻെറ നായകന്മാരായിരുന്നു. അവരായിരുന്നു ഇവിടത്തെ നാട്ടുവാഴികളും ഭൂസ്വാമികളും; പ്രാബല്യവും പ്രാധാന്യവും നായന്മാരുടെ പൈതൃകസ്വത്തായിരുന്നു; ആലോചനാമണ്ഡപത്തിലും, ആയോധനരംഗത്തിലും ഒരുപോലെ അവർ നേതൃത്വം വഹിച്ചു; സ്വരാജ്യസംരക്ഷണാർത്ഥം അവർ ആയോധനവിദ്യ കുലവൃത്തിയായി അംഗീകരിച്ചിരുന്നു; കൗമാരദശയിൽ തന്നെ ഓരോ നായരും ആയുസ്സിനെ മാതൃഭൂമിക്കുവേണ്ടി അർപ്പിച്ചു; ഇങ്ങനെ ആത്മത്യാഗം മാതൃസ്തന്യപാനത്തോടുകൂടി ശീലിച്ചവരായിരുന്നു നായന്മാർ; കേരളത്തിൽ നായന്മാരൊഴികെ ഇന്നുള്ള സകല സമുദായങ്ങളും അവരുടെ ഇന്നത്തെ അഭിവൃദ്ധിക്ക് സകല പ്രകാരങ്ങളിലും നായന്മാരോടു കടപ്പെട്ടാണിരിക്കുന്നത്; ചരിത്രവും, മാമൂലും, ഐതിഹ്യവും, എല്ലാത്തിനും ഉപരിയായി അനുഭവവും ഒരുപോലെ നായന്മാരുടെ മേന്മയെ ഘോഷിക്കുക തന്നെ ചെയ്യുന്നു.

എന്നാൽ ഇതൊന്നും നമ്മുടെ വറുഗീസു കേട്ടിട്ടില്ല. അതാണ്, അയാളുടെ നസ്രാണിസാമ്രാജ്യനീതി നായർക്കു തീണ്ടു കല്പിച്ചത്; കൊച്ചിരാജാവിൻെറ ശേവുകക്കാരെ അടിച്ചു പുറക്കേല്പിക്കാൻ ഒരു മലങ്കരമെത്രാൻെറ ആൾക്കാർക്കു കെല്പു വരുത്തിയതും അതാണ്; മെത്രാൻെറ ബാല്യക്കാരൻ കൊച്ചിയിലെ ഒരു പോലീസു നായരെ ഹിംസിച്ചു എന്നു തട്ടിമൂളിച്ചതും അതുകൊണ്ടാണ്; അതുകൊണ്ടാണ്, കൊച്ചിയിലെ പോലീസു മേധാവിയായ മാങ്കായിൽ പണിക്കർക്കു മലങ്കരമെത്രാനു കൈയാ

മം വയ്ക്കാൻ കെൽപ്പു പോരാതെയായതു; രാജാ കേശവദാസൻ കൈക്കൂലി വാങ്ങിയെന്നും, ശങ്കുണ്ണിമേനോൻ പേഷ്കാരെ കായലിൽ കെട്ടിത്താഴ്ത്താൻ തുടങ്ങിയെന്നും, അദ്ദേഹം മെത്രാൻെറ കണ്ണുരുട്ടിൽ പിരണ്ടു ചാലിൽ പള്ളി പണിയിക്കാനുള്ള അനുവാദം അപ്പോഴെ എഴുതി ഒപ്പിട്ടു കൊടുത്തു എന്നുകൂടിയും ലേശമെങ്കിലും സങ്കോചം കൂടാതെ എഴുതിപ്പിടിപ്പിക്കാൻ തോന്നിയതും അതുകൊണ്ടാണ്. വറുഗീസിൻെറ ഈ അറിവുകേട്ട് നാം വകവച്ചു കൊടുക്കാതെ തരമില്ല. "പണ്ടുണ്ടോ പാണൻ പോത്തു പൂട്ടീട്ടുള്ളു" എന്നോർത്തു സകലരും ഇതു ക്ഷമിച്ചുകൊള്ളേണ്ടതാണ്. നായന്മാരാരായിരുന്നുവെന്ന് ഇവിടെ അല്പം ഒന്നു പ്രതിപാദിക്കുന്നതു് വറുഗീസിൻെറ തരക്കാരുടെ ഇരുളടഞ്ഞ കണ്ണുകളിൽ അല്പമെങ്കിലും വെളിച്ചം കടക്കണമെന്ന ഉദ്ദേശത്തോടെയാണ്.

നായന്മാരെ കുറിച്ചു ഇതേവരെയായി ഒട്ടുവളരെ ആളുകൾ എഴുതുകയും പറകയും ചെയ്തിട്ടുണ്ട്. അവരെപ്പററി ഇപ്പോൾ എന്തുതന്നെ എഴുതിയാലും അതിനു ഒരു പുതുമയുണ്ടാവാൻ ഇടയില്ലാത്തവണ്ണം ആണതിൻെറ സ്ഥിതിയും; ചുവടെ വിവരിക്കുന്ന കാര്യങ്ങൾ പണ്ഡിതാഗ്രഗണ്യന്മാരായ പലരും പലപ്പോഴായി പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളുടെ സംഗ്രഹം മാത്രമാകുന്നു.

കേരളം അത്ര പുരാതനമല്ലാത്ത ഒരു അധിനിവേശസ്ഥാനമാണെന്നു ചരിത്രം ഘോഷിക്കുന്നു. പരശുരാമൻ ബ്രാഹ്മണപ്രീത്യർത്ഥം ദാനം ചെയ്വാനായി വരുണനിൽനിന്നു വാങ്ങിയതാണിവിടമെന്നുള്ള ഐതിഹാസികമതം കേവലം അർത്ഥവാദം മാത്രമാണെന്നും, വളരെ മുമ്പൊരിക്കൽ ഭൂഗർഭത്തിലുണ്ടായ ഏതോ മാററം മൂലം ഭൂഭാഗത്തിൻെറ ആകൃതിക്കു നേരിട്ട സാരമായ വ്യത്യാസത്തിൻെറ ഫലമാ

യി കേരളം സമുദ്രാന്തഭൂവായിത്തീൎന്നതാണെന്നുംഉള്ള അഭിപ്രായങ്ങൾ സിദ്ധാന്തദശയിൽ എത്തീട്ടു നാം വളരെ കഴിഞ്ഞിട്ടുണ്ടു്. ഇമ്പീരിയൽ ഗസ്സററിയറിൽ ഈ ഭാഗം വ്യക്തമാക്കിയിട്ടുള്ളതാകുന്നു. കേരളത്തിനു ൪൦൦൦ സംവത്സരത്തെ പഴക്കമേയുള്ളൂ എന്നാണു് ചരിത്രം സിദ്ധാന്തിക്കുന്നതു്. ആസ്ത്രേലിയാഭൂഖണ്ഡവും, സിലോണും മററു പല ഭൂഭാഗങ്ങളും ഒരു കാലത്തു് ഇൻഡ്യയോടുചേൎന്നു കിടന്നിരുന്നു എന്നും ഭൂകമ്പത്താലോ മറേറാ അവയിൽ മിക്കഭാഗവും കാലാന്തരത്തിൽ സമുദ്രമായിത്തീൎന്നു എന്നും ശാസ്ത്രജ്ഞന്മാർ ഊഹിക്കുന്നു. സിലോൺ അഥവാ സിംഹളദ്വീപു് ഇൻഡ്യയിൽനിന്നു വേർപിരിഞ്ഞതു ബി. സി. ൨൩൮൭-ലും, ബി. സി. ൫൦൪-ലും, ബി. സി. ൨൧൦൬-ലും ഉണ്ടായ ഭൂകമ്പങ്ങൾ കൊണ്ടാണെന്നു സിംഹളവാസികൾ വിശ്വസിച്ചുവരുന്നു. ബി. സി. ൨൩൪൮ നോടടുത്തകാലത്താണു്, ക്രിസ്തുവേദപുസ്തകത്തിൽ നിൎദ്ദേശിക്കുന്ന നോഹയുടെ ജലപ്രളയം ഉണ്ടായിട്ടുള്ളതെന്നും, ഹിന്ദുക്കളുടെ മത്സ്യാവതാരവും അക്കാലത്തുതന്നെ ആയിരിക്കണമെന്നും ചരിത്രപണ്ഡിതന്മാർ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്.

കേരളത്തിലെ ആദിമനിവാസികൾ ചേരമർ, പുലയർ, ഇന്നു കാടുകളിൽ കാണുന്ന പല വൎഗ്ഗക്കാർ ഇവരുടെ പൂൎവ്വികന്മാർ ആയിരുന്നു എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു.

കേരളത്തിലെ ആദിമനിവാസികൾ ആരുതന്നെ ആയാലും, കേരളീയപരിഷ്കാരസൗധത്തിനു അടിസ്ഥാനമിടുകയും അതു കെട്ടിപ്പൊക്കുകയും ചെയ്തതു നായന്മാരാണെന്നുള്ളതു നിൎവ്വിവാദമാകുന്നു. അവർ ക്രിസ്ത്വബ്ദത്തിനു എത്രയോ മുൻപുതന്നെ കേരളത്തിൽ കുടികയറിപ്പാൎത്തു. അവർ എവിടെനിന്നു വന്നവരാണെന്നുള്ള വിഷയം ഇന്നും പണ്ഡിതന്മാരുടെ ആലോചനാസരണിയെ പരിപൂൎണ്ണമാ

യി അതിക്രമിച്ചു കഴിഞ്ഞിട്ടില്ല. ലോകമൊട്ടാകെ ഇന്നു കാണുന്ന പരിഷ്കാരപ്രവാഹം ആൎയ്യഹിമഗിരിഗളിതമാണെന്നാണല്ലോ ഉൽഘോഷിക്കപ്പെടുന്നത്. മദ്ധ്യഏഷ്യയിലോ, അഥവാ ഉത്തരധ്രുവപ്രദേശങ്ങളിൽ തന്നെയോ നിന്നു പുറപ്പെട്ട ഒരു ആൎയ്യജനപ്രവാഹമാണ് ഒരംശം പാശ്ചാത്യദേശങ്ങളെയും പിന്നെ ഒരംശം പൌരസ്ത്യഭൂഭാഗങ്ങളേയും സേചനം ചെയ്തിട്ടുള്ളതെന്ന് അവർ അനുമാനിക്കുന്നു. പാശ്ചാത്യദേശങ്ങളിൽ ചെന്നെത്തിയ ജനങ്ങൾ പിന്നീടും അനേക നൂററാണ്ടുകൾ, പറയത്തക്ക പരിഷ്കാരമൊന്നും കൂടാതെ തന്നെ കഴിഞ്ഞുകൂടി എന്നും, പൌരസ്ത്യദേശത്തേയ്ക്കു--ഇന്ത്യയിലേയ്ക്കു—പോന്നവർ ഇന്ത്യയുടെ സീമാന്തഭൂവിൽവച്ചുതന്നെ,-മററവർ അപരിഷ്കൃതന്മാരായിക്കഴിഞ്ഞ ആ കാലത്തുതന്നെ—പരിഷ്കാരകാഹളം മുഴക്കിയെന്നും ചരിത്രംകൊണ്ടു കാണാവുന്നതാണ്. ഒരേ പൂൎവ്വനിവാസത്തിൽ നിന്നു പുറപ്പെട്ടു പോന്നവരിൽ ഭാരതാഭിമുഖമായി പ്രയാണം ചെയ്ത ഒരു സംഘം ആളുകൾ മാത്രം നാഗരികന്മാരായിരുന്നു എന്നു വന്നുകൂടുന്നതു സംഭാവ്യമല്ലെന്നു തീൎച്ചയാണല്ലോ. ഭാരതത്തിൽ കടന്നുകൂടിയ ആൎയ്യന്മാർ അവിടെ അവരുടെ പ്രയാണത്തിൽ അതിനാഗരികമായ ഒരു ജനസമുദായത്തോടു പ്രത്യംഗുലം, പ്രതിനിമിഷം, ഇടഞ്ഞുകൊണ്ടാണിരുന്നതെന്നു വേദങ്ങളും പുരാണങ്ങളും എല്ലാം ഒരുപോലെ സമ്മതിക്കുന്നു. ആ സ്ഥിതിക്ക് അതിപ്രബലമായ ആൎയ്യനാഗരികത പോലും ഭാരതത്തിലെ അന്നത്തെ ജനസഞ്ചയത്തിൽനിന്നു സഞ്ചയിച്ച്, വേഷാഡംബരങ്ങളിൽ സ്വന്തമനോധൎമ്മം കലൎത്തി പരിഷ്കരിച്ചുണ്ടായതായിരിക്കണം എന്നു ബലമായി സന്ദേഹിക്കാൻ, അല്ല, തീരുമാനിപ്പാൻ തന്നെ, അവകാശമുള്ളതല്ലേ? ഇങ്ങിനെ ഭാരതവൎഷത്തിലേക്കു കടന്നുവന്ന ആൎയ്യന്മാൎക്കുപോലും പരിഷ്കാരം കൈമാറുവാൻ തക്ക പൂൎവ്വികനാഗരികത അന്നു ഇന്ത്യ മുഴുവൻ കുടിപാൎത്തിരുന്ന ദ്രാവിഡസമുദായത്തിനല്ലാതെ ഉണ്ടാ

യിരുന്നില്ലെന്നുള്ളതു ചരിത്രജ്ഞന്മാർ സംവദിക്കും. വേദോപനിഷത്സൂക്തങ്ങളുടേയും, ഇതിഹാസപുരാണങ്ങളുടേയും ഉള്ളുകള്ളികൾ അറിയാവുന്നവർക്കു് ഈ അനുമാനത്തിനു ദൃഷ്ടാന്തം തേടിപ്പിടിപ്പാൻ അകലെപ്പോകേണ്ടതുമില്ലാ. ആ ദ്രാവിഡന്മാരിൽ തെന്നിന്ത്യയിൽ പ്രബലന്മാരായിരുന്ന പൂർവികന്മാരിൽനിന്നാണ് ഇന്നത്തെ നായർസമുദായം തുടർന്നുപോയിട്ടുള്ളതെന്നു തീർച്ചയായും അഭിമാനിക്കാവുന്നതാകുന്നു. ഭൂമിയിൽ ആദ്യമായി ജനവാസം തുടങ്ങിയതുതന്നെ ദ്രാവിഡദേശത്തായിരുന്നുവെന്നും ഇദംപ്രഥമമായി പ്രഫുല്ലമായതു ദ്രാവിഡപരിഷ്ക്കാരതരുവിന്റെ കോരകങ്ങളായിരുന്നുവെന്നും ദിവ്യചക്ഷുസ്സായിരുന്ന അഗസ്ത്യമഹർഷി പ്രവചിച്ചിട്ടുണ്ടു്. ആ മഹാത്മാവിന്റെ അഭിപ്രായങ്ങളെ അനുരോധിച്ചുകൊണ്ടു, സുഗൃഹീതനാമാവായിരുന്ന ചട്ടമ്പിസ്വാമി തിരുവടികൾ ഒരു ഗ്രന്ഥം തന്നെ രചിച്ചു് ഈ വാദത്തെ സിദ്ധാന്തിച്ചിട്ടുമുണ്ടു്. കേരളത്തിൽ പിന്നീടു് ഒരു കാലത്തു് ആര്യബ്രാഹ്മണർ കയറിപ്പാർക്കാനിടയായി എന്നും, ക്രമേണ അവരുടെ ഓരോ തന്ത്രങ്ങളാൽ ആകുലമായി ചമഞ്ഞ ദ്രാവിഡസമുദായം ഒരു മിശ്രനിലയെ പ്രാപിച്ചു എന്നും, അങ്ങനെ ഇന്നത്തെ നായർസമുദായം ദ്രവിഡാര്യസങ്കരമായിത്തീർന്നു എന്നും കൂടി പ്രസ്താവിച്ചുകൊണ്ടു് ഈ പ്രകൃതത്തെ ഇവിടെ ഉപസംഹരിക്കട്ടെ.

ശ്രേഷ്ഠമായിട്ടുള്ള എല്ലാത്തിനും അട്ടിപ്പേറായ പകർപ്പവകാശം മുഴുവനെ ആര്യന്മാർക്കു് — ആര്യബ്രാഹ്മണർക്കു് — ആണെന്നു സിദ്ധാന്തിക്കുന്ന അവരുടെ മനോധർമ്മസുരഭിലങ്ങളും അതിശയോക്തിബഹുലങ്ങളും ആയ പുരാണേതിഹാസങ്ങളിൽ മതിമയങ്ങിയിരിക്കുന്ന പലർക്കും അരോചകമായിത്തീരുവാനിടയുള്ള ഈ വാദമുഖത്തെ സവിസ്തരമായി ഉപപാദിക്കുവാനുള്ള അവകാശം ചരിത്രലേഖനപടുക്കൾക്കായി സ്വമനസാ ഒഴിഞ്ഞുകൊടുക്കുവാനേ ഇവിടെ തൽക്കാലം തരമുള്ളു എന്നു വ്യസനിക്കുന്നു.

മേൽ സൂചിപ്പിച്ച ഭാഗംകൊണ്ടു നായന്മാരുടെ പൗരാണികത വ്യക്തമായിട്ടുണ്ട്. വറുഗീസിൻെറ സമുദായക്കാർ കരിശിന്മേൽ കെട്ടിയ കയററിൻതലയ്ക്കൽ പിടിച്ചു സത്യംചെയ്യുതിനും, വറുഗീസിൻെറ ക്നായിത്തോമ്മാച്ചൻ —അല്ല, മാർത്തോമ്മാശ്ലീഹാ തന്നെ പോരാ. ദൈവപുത്രനായ യേശുക്രിസ്തു തന്നെ —ജനിക്കുന്നതിനുമുൻപ് നായന്മാർ കേരളത്തിലെ നായകസമുദായമായിരുന്നു എന്നാണ് ഇതുകൊണ്ടു വന്നുകൂടുന്നത്. മേൽവിവരിച്ചതൊക്കെ പഴമകളാണെന്നും, അവയെല്ലാന്നും പ്രാമാണ്യം അനുവദിക്കത്തക്കതല്ലെന്നും ഒരു വാദമുഖം വറുഗീസു പുറപ്പെടുവിക്കാനിടയുള്ളതാണ്. മിസ്റ്റർ താക്കോർഖാൻചന്ദ്രവമ്മാ എന്ന ഒരു മതചരിത്രനിഷ്ണാതൻ പ്രസാധനം ചെയ്തിട്ടുള്ള "Christ a Myth" 'ക്രിസ്തു ഒരു കള്ളക്കഥ' എന്നഗ്രന്ഥത്തിലേക്കു വറുഗീസിൻെറ ദൃഷ്ടി പതിയുന്നതു ഈ അവസരത്തിൽ രസാവഹമായിരിക്കും. A. D. ൫൨-ൽ തന്നെ, മാർത്തോമ്മാശ്ലീഹാ കേരളത്തിൽ മാർഗം അറിയിക്കാൻ എത്തിച്ചേൎന്ന എന്ന് ഒരു കൂട്ടക്കുള്ള ദൃഢവിശ്വാസം ആ പുണ്യവാൻ ദക്ഷിണഇന്ത്യകണ്ടിട്ടേ ഇല്ല എന്നു ഇതരന്മാർ തേടിപ്പിടിച്ചിട്ടുള്ള ബലമേറിയ തെളിവുകളാൽ ഖണ്ഡിതമായിട്ടാണ് വിചാരിക്കപ്പെടേണ്ടതെന്നും ഓൎമ്മിക്കുന്നതു കൊള്ളാം.

നായന്മാർ മനുഷ്യസമുദായത്തിലെ ഒരു ശ്രേഷ്ഠവർഗ്ഗക്കാരാകുന്നു. അവർ കേരളത്തിൻെറ പൗരാണികതയോളം തന്നെ വരുന്ന പൂൎവചരിത്രമുള്ളവരാണ്. അക്കാലം മുതലെ അവർ പരമ്പരയാ യോദ്ധൃവൃത്തിയിലേർപ്പെട്ടു തങ്ങളുടെ പ്രാമാണ്യത്തെ ചിരസ്ഥായിയാക്കിത്തീൎത്തിട്ടുള്ളവരാണ്. പാശ്ചാത്യന്മാർ ഇന്ത്യയിൽ പ്രവേശിച്ച പൂൎവകാലങ്ങളിൽ എല്ലാം നായന്മാർ ഇവിടെ അപ്രതിഷേധ്യമായ പ്രാമാണ്യത്തോടെ ഇരുന്നു എന്നു അവർ രേഖപ്പെടുത്തിയിട്ടുമുണ്ട്.

നായന്മാർ കേരളനാട്ടിന്റെ നായകന്മാരായിരുന്നു. അന്ന് ശത്രുക്കളുടെ അതിക്രമണങ്ങളിൽ നിന്നും നാടിനെ രക്ഷിക്കേണ്ട കടമ അവൎക്കാണുണ്ടായിരുന്നത്. ആ കടമ അവരെ ആയോധനചതുരന്മാരാക്കിത്തീൎത്തു. ശരീരദാൎഢ്യവും ശക്തിയും അവരുടെ സഹജഗുണങ്ങളായിരുന്നു. യുദ്ധവൃത്തികൂടാതെ കൃഷിത്തൊഴിലിലും അവർ ക്രമേണ ഏൎപ്പെടാൻ കഴിയത്തക്കവണ്ണം അവരുടെ ഭുജബലം ശത്രുശക്തിയെ അപ്പോഴപ്പോൾ കബളീകരിച്ചിരുന്നു. അവൎക്കുണ്ടായിരുന്ന ഭരണാവകാശം അറുനൂററുവർകൂടങ്ങിയ ഭരണയോഗങ്ങളുടെയും നാട്ട്, തറ മുതലായ അന്നത്തെ രാഷ്ട്രകക്ഷികളുടേയും പ്രസ്താവംകൊണ്ടു തെളിയുന്നതാകുന്നു. ബാഹ്യാഭ്യന്തര ക്ഷോഭങ്ങളിൽ നിന്നു നാടുരക്ഷിക്കുകമാത്രമല്ല, ആഭ്യന്തര ഭരണകാൎയ്യങ്ങളെല്ലാം തന്നെ നായരുടെ ചുമതലയിലാണു അന്നു നടന്നുപോന്നത്. ഇങ്ങനെ ഒരു സമുദായം നാട്ടിനുവേണ്ടിത്തന്നെ ജീവിച്ചുപോന്നതാണ്, കേരളത്തെ വിദേശീയ വിജിഗീഷുക്കളുടെ പന്തയ സാധനമായി ഉഴലുവാൻ ഇടയാകാതെ കാത്തത്. മാലിക് കാഫറിനെയോ, ഹൈദരെയോ, ടിപ്പുവിനെയോ—എന്തിന്, മുകിലനെപ്പോലും—ചെറുത്തുനില്ക്കുവാനായി വറുഗീസിന്റെ നസ്രാണി വീരന്മാരിൽ ഒരൊററ ആളെ ആരും കണ്ടിട്ടില്ല. കേട്ടിട്ടുപോലുമില്ല. രാജേന്ദ്രചോളനെയോ, കുലോത്തുംഗചോളനെയോ, രാജ്യസമ്പാദനകുതുകികളായിരുന്ന പാണ്ഡ്യന്മാരിലാരെയെങ്കിലുമോ ഒരൊററ നസ്രാണിവീരന്റെ പേർ സ്തംഭിപ്പിച്ചതായി അറിഞ്ഞിട്ടില്ല! എന്നിട്ടും നായൎക്കുണ്ടോ വീരത്വം, ശൂരത്വം, ധീരത്വം എന്നൊക്കെയാണു വറുഗീസിന്റെ പല്ലവി!

നായന്മാർ ക്രമേണ കേരളത്തിലെ മതസംബന്ധമായ കാൎയ്യങ്ങളിലും അധികാരമുള്ളവരായിത്തീൎന്നു. നായരുടെ ക്ഷേത്രങ്ങൾ കേരളത്തിൽഎത്രയെന്നും, അതിനുവേണ്ടി ആ

സമുദായം വ്യയം ചെയ്തിട്ടുള്ള ധനം എത്രയെന്നും ഇക്കാലത്തും വെളിയിൽ കാണാവുന്നതാകുന്നു. രക്ഷാധികാരം സമ്പൂൎണ്ണമായി കൈവശം വച്ചിരുന്നകാലങ്ങളിൽ നായരുടെ അധീനതയിലിരുന്ന തറകൾ പിൻകാലത്തു് അവർ ബ്രാഹ്മണരെ ഏല്പിച്ചിട്ടുള്ളതിനു അനേകം ലക്ഷ്യങ്ങളുണ്ടു്. അതുപോലെ ക്ഷേത്രങ്ങളും. പല മഹാക്ഷേത്രങ്ങളിലും നായന്മാരിൽ പ്രത്യേകം ഒരു കുടുംബക്കാരുടെ സാന്നിദ്ധ്യംകൂടാതെ ഉത്സവം മുതലായ അടിയന്തിരങ്ങൾ ഇക്കാലത്തുപോലും നടത്തിക്കൂടെന്നു വച്ചിരിക്കുന്നതിൽ അവൎക്കു ക്ഷേത്രകാൎയ്യങ്ങളിൽ പൂൎവ്വകാലത്തുണ്ടായിരുന്ന അധികാരാവകാശങ്ങൾ എത്ര വമ്പിച്ചതായിരുന്നു എന്നു വ്യക്തമാകുന്നു. ചെങ്ങന്നൂർ പുത്തൻകാവിലെന്നപോലെ ഹിന്തുക്ഷേത്രങ്ങളുടെ കട്ടിളകൾ ഇളക്കി നസ്രാണിപ്പള്ളികൾക്കു വച്ചു് തങ്ങളുടെ ജൈത്രചരിത്രം അവകളിൽ കൊത്തിക്കാണിച്ചു് കേരളം ഒക്കപ്പാടെ നസ്രാണീകരിച്ചുകഴിയുംമുൻപു വറുഗീസു തെരക്കിപ്പിടിച്ചാൽ ക്ഷേത്രകാൎയ്യങ്ങളിലുണ്ടായിരുന്ന നായർപ്രാമാണ്യത്തിന്റെ അവശേഷങ്ങൾ കണ്ടുകിട്ടുന്നതാണു്. ക്ഷേത്രക്കട്ടിളകൾ പള്ളിക്കു ചേൎക്കുന്ന കൂട്ടർ, സോമനാഥസ്വാമിയുടെ ബിംബം സിംഹാസനച്ചോട്ടിൽ ചവിട്ടിക്കയറാനുപയോഗിച്ച മഹമ്മദുഗസ്നിയെ,—മററു ചിലദേവബിംബങ്ങളെ ഗോമാംസം പാകം ചെയ്വാൻ അടുപ്പുകല്ലുകളാക്കിനോക്കിയ ടിപ്പുസുൽത്താനെ,—ചെങ്ങന്നൂരിലെ ദേവന്റെ ബിംബം ആറാട്ടിനെഴുന്നള്ളിച്ചുകൊണ്ടുപോയപ്പോൾ, വറുഗീസിന്റെ അത്താനാസ്യോസിന്റെ പഞ്ചകല്യാണിയുടെ മേൽ പുതുപ്പള്ളിക്കാരെന്നപോലെ കല്ലുപെറുക്കി എറിഞ്ഞുനോക്കിയ നസ്രാണിവീരന്മാരെ,—ന്തുറൊഴക്കാട്ടുചേരിക്കലിലെ ഇടിഞ്ഞുപൊളിഞ്ഞ ദേവബിംബം മാററിപ്രതിഷ്ഠിക്കാൻ അതിസാഹസം ചെയ്ത ബ: അച്ചനെയും കൂട്ടരെയുംകൂടെ ഒന്നു സ്മരിച്ചുകൊള്ളേണ്ടതുണ്ടെന്നത്രേ ഇവിടെ ഒന്നു പറവാനുള്ളതു്!

നായരെ കേരളത്തിലെ ബ്രാഹ്മണരും ക്ഷത്രിയരും എങ്ങിനെ ആദരിച്ചിരുന്നു എന്നുള്ളതിനു ഇരിങ്ങാലക്കുടെ തച്ചുടയതമ്പുരാൻെറസ്ഥിതി പ്രസ്പഷ്ടലക്ഷ്യമാകുന്നു. തച്ചുടയതമ്പുരാൻെറ പ്രാമാണ്യം ഉൽഘോഷിക്കുന്ന ഒരു ചെപ്പേട്ടു പകൎത്തികാണിക്കാനില്ലല്ലോ എന്നു മനസ്താപിക്കയെ തരമുള്ളു.* എന്നാൽ വറുഗീസു പുസ്തകംരചിക്കാൻ തെണ്ടിയുണ്ടാക്കുന്ന പണത്തിൽനിന്നും ഒരംശം ചിലവുചെയ്തു ഇരിങ്ങാലക്കുടെവരെ ഒന്നു പോയിവന്നാൽ കൊള്ളാമെന്നു ഞാൻ ശുപാൎശചെയ്തുകൊള്ളുന്നു.

ഇനി വറുഗീസുകൂടി വകവച്ചുകൊടുക്കുന്ന വിദേശീയസഞ്ചാരികളെ അന്വേഷിക്കാം. പണ്ടു കേരളം സന്ദൎശിച്ച ഫ്രെ്ഡറിക്ക് എന്ന ആൾ പറയുന്നു:– "കൊച്ചീരാജാവിനു എഴുപതിനായിരം ഭടന്മാരെ വിളിച്ചുകൂട്ടാനെ അധികാരശക്തിയുള്ളു. അദ്ദേഹത്തിൻെറ സേനയിൽ വളരെ യോഗ്യപുരുഷന്മാരുണ്ട്. ഇവരെ അമൊക്ക് എന്നോ നായ്ര് എന്നോ വിളിച്ചുവരുന്നു. അവർ രാജാവിൻെറ ബഹുമതിയെ രക്ഷിക്കാൻവേണ്ടി തങ്ങളുടെ പ്രാണനെപ്പോലും വിലയില്ലാത്തതായി ത്യജിക്കുന്നു. തങ്ങൾ മരിച്ചുപോകുമെന്നു അവൎക്കബോധമുണ്ടായിരുന്നാൽകൂടിയും ഏതാപത്തിലും മുന്നിൽ ചാടി മുതിൎന്നുനില്ക്കുന്നു...........
..." ഈ രേഖ വിശ്വാസ്യമായിരുന്നാൽ അതു കൊച്ചീരാജവംശത്തെ മാമോദീസാമുക്കി നസ്രാണിരാജവംശമാക്കിത്തീൎത്തുകളഞ്ഞതിനു മുൻപാണെന്നു വാദിക്കുന്നതിൽ അസാംഗത്യം ഒന്നും ഉണ്ടാകയില്ലല്ലോ. ക്രിസ്തു ൧൬-ാം ശതകത്തിൻെറ മദ്ധ്യത്തിൽ കേരളത്തിലെ പോൎട്ടുഗീസുകാരുടെ മേധാവായിരുന്ന കേബ്രാളിൻെറ സഹചാരി ആയിരുന്ന ലൂയിഡ്-ക്യാമൊവെൻസ് (Luise De Camoens) രചിച്ച "ദി ലൂസിയാഡ്സ്" (The Luciads) എന്ന കവിതയിൽനിന്നു ഒരുഭാഗം ഇതാ "വേലക്കാരായ കീഴ്ജാതിക്കാൎക്ക പൊലയർ

എന്നു പേരാകുന്നു. പ്രൗഢമായ സൈന്യത്തിൽ അഭിമാനികളായ നായന്മാൎക്കത്രെ പ്രധാനമായി അവകാശമുള്ളതു്. ഇവർ മററുള്ള കലാവിദ്യകളെയും പരിഷ്കാരത്തെയും വെറുക്കുന്നു. യുദ്ധത്തിങ്കൽ വലത്തുകൈയിൽ ജാജ്വല്യമാനമായ വാളിളക്കി ഇടത്തുകൈയിൽ പരിശയെ പ്രയോഗിക്കുന്നു." ഈ വൎണ്ണനാകാലമായ ൧൫൧൬-ൽ വറുഗീസിൻെറ അന്തോനാസ്യോസിൻെറ ജന്മദാതാവിൻെറ പാദസ്പൎശംകൊണ്ടുപോലും കേരളം അനുഗൃഹീതമായിട്ടില്ലെന്നു സമ്മതിക്കുമല്ലോ. ൧൫൧൪-ൽ ഇൻഡ്യയിൽ വന്ന ഗാസ്പാർഡി കൊറിയാ, (Gaspar De Correa) താൻ കോഴിക്കോട്ടു വച്ചു കണ്ട ഒരു നായരെപ്പററി ഇങ്ങനെ എഴുതുന്നു:—"രാജാവിൻെറ ഒരു ഭൃത്യൻ കപ്പലിൽ വന്നു. അയാൾ കുലീനനും 'നായർ' എന്നു പറയപ്പെടുന്ന ആളുമാണു്. കൈയിൽ അതിപ്രകാശമാനമായ ഒരു വട്ടപരിശ ഉണ്ടായിരുന്നു. വാളിനു ൨൧ അംഗുലം നീളമേ ഉള്ളു. അഗ്രത്തിങ്കൽ നന്നേ വീതിയുമുണ്ടു്." ൧൪൯൮-ൽ കോഴിക്കോട്ടു കപ്പലിറങ്ങിയ വാസ്കോഡിഗാമാ (Vasco da gama) കോഴിക്കോട്ടുസാമൂതിരിയെ വൎണ്ണിച്ചിട്ടുള്ളതിൽ ഒരു ഭാഗമാണിതു് "............ നായന്മാരേപ്പോലെ വാളും പരിചയും ധരിച്ചിട്ടുള്ള അനേകം മൂൎജനങ്ങൾ അവിടെ ഉണ്ടായിരുന്നു................രാജാവിൻെറ സമീപത്തു അദ്ദേഹത്തിൻെറ വാലിക്കാരനായ ഒരു ബാലൻ നിന്നിരുന്നു......................അവൻെറ കൈയിൽ പൊന്നലുക്കിട്ടതും നടുവിൽ പൊൻമുഴപ്പുള്ളതും അകമേ പൊൻവളയങ്ങളുള്ളതും ആയ ഒരു ചെമന്ന പരിച ഉണ്ടായിരുന്നു. അററം വൃത്താകാരമായും പൊൻകൈപിടിയും മുത്തലുക്കുകളുമുള്ളതായും ഒരു ചെറിയ വാളും ഊരി പിടിച്ചിരുന്നു.' നായന്മാരേക്കുറിച്ചു അതിപുരാതനമായ ഒരു ചരിത്രത്തിൽ ബർബോസാ എന്ന മഹാൻ ഇങ്ങനെ എഴുതിയിരിക്കുന്നു." മലബാറിലെ നായന്മാർ മഹാകുലജാതന്മാരാണു്. അവർ ഏതു രാജാവിനോടോ പ്രഭുവിനോടോ

ഒരുമിച്ചുനടക്കുന്നുവോ ആ രാജാവോ പ്രഭുവോ സ്വന്തമായി കൈകൊണ്ടുതന്നെ അവക്കു ആയുധങ്ങൾ നൽകേണം. അങ്ങനെ ആയുധം വാങ്ങുന്ന കാലംവരെ അവക്കു ആയുധം ധരിക്കുകയോ "നായർ" എന്നു പേരെടുക്കുകയോ ചെയ്യാൻ പാടുള്ളതല്ല. സാധാരണ ഏഴാം വയസ്സിലാണു് അവക്കു വിദ്യ ആരംഭിക്കുന്നതു്. ശരീരത്തെ നല്ലപോലെ വഴക്കത്തക്കവണ്ണമുള്ള അഭ്യാസങ്ങളും മററും സമ്പാദിക്കുവാനായിട്ടാണു്, വില്ലു്, ശരം, ഗദ, ഈട്ടി, കുന്തം, വാൾ മുതലായവ പ്രയോഗിപ്പാൻ അഭ്യസിക്കുന്നതു്. ഈ വിദ്യകളെ അഭ്യസിപ്പിക്കാൻ വളരെ സമത്ഥരായ ആളുകളുണ്ടു്. ഇവരെ "പണിക്കർ" എന്നു വിളിക്കുന്നു; ഇവർ യുദ്ധത്തിൽ നേതാക്കന്മാരാണു്. അവരെ രാജാവിന്റെ അംഗരക്ഷകന്മാരായി സ്വീകരിക്കുന്നു. രാജാവിനെ യാതൊരു ശത്രു കൊല്ലുന്നുവോ ആ ശത്രുവിന്റെ കൈക്കൽ പെട്ടുതന്നെ മരിക്കുവാൻ അവർ നിർബ്ബന്ധിതരാണു്. ആകയാൽ യാതൊരു യുദ്ധത്തിലും രാജാവു ശത്രുക്കളാൽ ഹതനായാൽ അവർ ശത്രുക്കളുടെ ഇടയിൽ ചാടി തങ്ങളുടെ ശക്തിയുള്ള തക്കവണ്ണം പടവെട്ടി മരിയ്ക്കുന്നു. ഒരുവൻ മരിച്ചാൽ മററൊരുവൻ പിൻതുടരുന്നു. ഇങ്ങനെ പത്തുപന്ത്രണ്ടുപേർ തങ്ങളുടെ രാജാവിനെക്കരുതി ചിലപ്പോൾ മരിക്കാറുണ്ടു്." സെല്യൂക്കസ്സ് എന്ന യവനനൃപന്റെ പ്രതിനിധിയായി ചന്ദ്രഗുപ്തന്റെ രാജധാനിയിൽ പാത്തിരുന്ന മെഗാസ്തനീസ്സ് എന്ന വിദേശസഞ്ചാരി (B. C. 306-289)യുടെ വിവരണത്തിലും നായന്മാരെ പരാമശിച്ചു കാണുന്നു. സിന്ധുനദിയുടെ പതനസ്ഥാനംമുതൽ ൧൩൨൫-മൈൽ വിസ്താരത്തിൽ കിടക്കുന്ന മരുഭൂമിക്കപ്പുറം നിവസിക്കുന്ന പല ജാതിക്കാരേയും സമുദ്രത്തിനടുത്തു കിടക്കുന്ന പവ്വതപംക്തികളേയും പററി വിവരിച്ചതിനുശേഷം അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു. "ഇന്ത്യയിലെ പവ്വതങ്ങളിൽ ഏററവും ഉയന്നതായ കാപ്പിറേറാലിയാ എന്ന പവ്വതത്താൽ ആവരണംചെയ്യപ്പെട്ട നാ

റോ(Naroe) എന്ന ജാതിക്കാരാണ് പിന്നീടുള്ളതു്. ......"
ഇതിൽ വിവരിക്കുന്ന പർവ്വതം പശ്ചിമപർവ്വതവും നാറോ
എന്ന നാമം നായന്മാരെ നിർദ്ദേശിക്കുന്നതും ആണെന്നു
പണ്ഡിതന്മാർ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.

മേൽ കാണിച്ചതുകൂടാതെ പേർഷ്യാക്കാരനായ അബ്ദു
ൽറസ്സാക്കു, അറബിക്കാരനായ സിനഡീൻ, പോർട്ടുഗീസു
കാരനായ ഡി- ബാറോസ്, ഗോവീയാ, ഡച്ചുകാരിൽ കാ
പ്ടൻ ന്യൂഹോഫ്, അഡ്മിറൻസ്റ്റാവോറൈനസ്, ഫ്ര
ഞ്ചുകാരിൽ ലാബോർഡനെ, ഇററലിക്കാരിൽ ഡല്ലാവല്ല
ഇംഗ്ലീഷ്കാരിൽ പർച്ചാസ്സജോൺസ്റ്റൺ സർ ഹെക്ടർമ
ൺറോ, കണ്ണൽ വിൽക്സ് മുതലായി പലരും നായന്മരെ
ക്കുറിച്ച് പ്രശസ്തിപരങ്ങളായ അഭിപ്രായങ്ങൾ രേഖപ്പെടു
ത്തിയിട്ടുള്ളതും, അവ വള്ളിക്കണക്കുകളിൽ മാത്രമല്ലാതെ
ലോകത്തിലെ ഉത്തമഗ്രന്ഥശേഖരത്തിൽ സ്ഥാനം പിടിച്ചി
ട്ടുള്ളതുമാകുന്നു.

തിരുവിതാംകോട്ടുരാജ്യത്തിൻെറ അടുത്തു കഴിഞ്ഞ ഇ
രുന്നൂറുസംവത്സരങ്ങളിലെ ചരിത്രം വറുഗീസു ഒന്നു ശ്രദ്ധിച്ചു
പരിശോധിക്കേണ്ടതാണ്. അയ്യപ്പൻമാർത്താണ്ഡപിള്ള,
അയ്യപ്പൻ ചെമ്പകരാമൻപിള്ള, തമ്പികുമാരൻ ചെമ്പക
രാമൻപിള്ള, മല്ലൻ ചെമ്പകരാമൻപിള്ള, ഉമ്മിണി
ത്തമ്പി, രാജാ കേശവദാസൻ തുടങ്ങി രാജ്യകാര്യതന്ത്ര
ജ്ഞന്മാരും, സൈന്യനായകന്മാരും ആയി ഏകകാ
ലത്തിൽ ശോഭിച്ചിരുന്ന നായർ വീരന്മാരുടെ വൃത്താന്ത
ങ്ങൾ നായർസമുദായത്തെക്കുറിച്ച് വല്ലതും ചില ബോധ
ങ്ങൾ വർഗീസിനുണ്ടാക്കിക്കൊടുക്കുന്നില്ലെങ്കിൽ ആ ചരി
ത്രലേഖകൻെറ കാര്യഗ്രഹണപാടവത്തെക്കുറിച്ച് തീരെ
അസൂയപ്പെടാനില്ലെന്നുമാത്രമേ പറയേണ്ടതുള്ളൂ. ഈ
വീരന്മാരിൽ എല്ലാംകൊണ്ടും ലലാമഭൂതനായിരുന്ന രാ

ജാ കേശവദാസൻെറ നാമധേയത്തെ തീണ്ടിയശുദ്ധമാക്കുവാൻ അധികാരവും, അവകാശവും ആവശ്യവും ഏതും കൂടാതെതന്നെ വറുഗീസു തൻെറ ചരിത്രപര്യ്യടനത്തിൽ തുനിഞ്ഞു കാണുന്നുണ്ട്. തിരുവിതാംകോട്ടെ പള്ളിക്കൂടംകുട്ടികളിൽ നാലാംതരക്കാക്കുപോലും നല്ല വിവരമുള്ള കേശവദാസൻെറ ചരിത്രം നിർല്ലജ്ജം കരുപ്പിച്ചു കാണിക്കുവാൻ അഹങ്കാരംകൊണ്ടോ, അസൂയകൊണ്ടോ, അജ്ഞാനംകൊണ്ടുതന്നെയോ മുതിന്ന വറുഗീസിന് ആ നായർകുലകേസരിയുടെ പേരിനെ ഉള്ളുകിടുങ്ങാതെ ഉച്ചരിക്കുവാൻപോലും കെൽപുള്ള ഒരു നസ്രാണിയുടെ പേർ ചൂണ്ടിക്കാട്ടുവാൻ എത്രതെല്ലാം പള്ളിക്കണക്കാം തെരക്കിപ്പിടിച്ചാലും, എത്ര മാർമെത്രാന്മാരെ പഞ്ചകല്യാണിപ്പുറത്തിരുത്തി ജ്ഞാനസ്നാനജൈത്രയാത്ര നടത്തിയാലും കഴിവുണ്ടാകയില്ല എന്നുള്ളതു് തീർച്ചയാകുന്നു. പാരമ്പര്യപ്രതാപത്തിൻെറ പന്തികേടുകൊണ്ടുള്ള പരുങ്ങലിൽ പാറായിതന്നെ ആയുള്ള വറുഗീസ് ഉത്തമകുലജാതന്മാരായ, ഉൽകൃഷ്ടരാജ്യഭക്തന്മാരായ, ഉന്നത യശസ്കന്മാരായ നായർനായകന്മാരുടെ നാമോച്ചാരണത്തിൽ നഷ്ടവീര്യനാകുന്നതു് സ്വാഭാവികമെന്നല്ലാതെ എന്തുപറയട്ടെ!

രാജാകേശവദാസനെക്കാറം സ്വരാജ്യാഭിമാനിയായും, സ്ഥിരോത്സാഹിയായും, ബുദ്ധിമാനായും ദീർഘദൃഷ്ടിയായും ഒരു രാജ്യതന്ത്രി ഇന്നാട്ടിലുണ്ടായിട്ടില്ല. സർവ്വഥാ പ്രശസ്തമായ ഒരു സമുദായത്തിനല്ലാതെ അദ്ദേഹത്തെ പെററു വളത്തുന്നതിനുള്ള ഭാഗ്യം ഉണ്ടാകയുമില്ല. വിവിധഭാഷാപണ്ഡിതനായി, ആയോധനവിദ്യയിൽ അതിനിപുണനായി, സ്വദേശാഭിമാനിയായി അവസരോചിതബുദ്ധിയായിരുന്ന അദ്ദേഹം നായർസമുദായചരിത്രം ഉള്ളകാലത്തോളം, അറിവുള്ള സകല ജനങ്ങളുടെയും ആരാധനാപാത്രമായി

ശോഭിക്കുന്നതാണ്. തെക്കൻതിരുവിതാംകോട്ടെ ഒരു കു ഗ്രാമത്തിൽ, ദാരിദ്ര്യദൂനമെങ്കിലും ചാരിത്രസമ്പന്നമായ ഒരു നായർകുടുംബത്തിൽ പിറന്ന കേശവപിള്ള തന്റെ ബുദ്ധിമാഹാത്മ്യത്താലും കാര്യശേഷിയാലും രാജസേവനം ആരംഭിച്ച് ഒടുവിൽ തിരുവിതാംകോട്ടെ മന്ത്രിപദം വഹിച്ച് രാജ്യത്തിനും സ്വന്തരാജ്യസഖ്യം സിദ്ധിച്ച അന്യരാജ്യങ്ങൾക്കും, സർവ്വപ്രജകൾക്കും മുമ്പുണ്ടായിട്ടില്ലാത്ത അനേക നന്മകൾ ചെയ്തു യശസ്സും ശ്രേയസ്സും നേടുകയാണുണ്ടായത്. അന്നത്തെ ബ്രിട്ടീഷ്മേൽകോയ്മ അദ്ദേഹത്തിന്റെ രാജ്യസേവനകൃത്യങ്ങൾക്കായുള്ള അഭിനന്ദനമായി നൽകിയതായിരുന്നു, രാജാ എന്നും ദാസ്, എന്നും ഉള്ള സ്ഥാനമാനങ്ങൾ. അന്ത്യനിമിഷംവരെയും അദ്ദേഹം നാട്ടുകാരുടെ കാര്യങ്ങളിൽ ഏകാഗ്രചിത്തനായി വർത്തിച്ചു. തന്റെ ലാഭനഷ്ടങ്ങളെ ഗണിക്കാതെ അമിതമായ ക്ലേശങ്ങൾ അനുഭവിച്ചും അദ്ദേഹം രാജ്യക്ഷേമം പുലർത്തി. സമരധീരനായിരുന്ന ആ മന്ത്രി തിരുവിതാംകോട്ടുകാരുടെ വലിയ കപ്പിത്താനായിരുന്ന ഡിലനായിയുടെ പിൽക്കാലം സേനാനായകത്വംകൂടി വഹിച്ചിരുന്നു. മററു ദേശങ്ങളിൽ ആളുകൾ ഒരു ചെറിയ പെരമ്പോ, വടിയോ കൂടാതെ ചുഴററി നടക്കുന്നതുപോലെ ശക്തിമത്തായ ഖഡ്ഗത്തെ നിഷ്പ്രയാസം പ്രയോഗിക്കാൻ കഴിയുമായിരുന്ന തിരുവിതാംകോട്ടെ നായന്മാരുടെ കൂട്ടത്തിൽ ജനിച്ചു വളന്ന ആ നേതാവ് അന്നുമിന്നും, ഇനി എന്നുംതന്നെയും നായർനാടായ ഈ കേരളത്തിനഭിമാനസ്തംഭമാകുന്നു. ടിപ്പുസുൽത്താന്റെ ഭയങ്കരമായ അക്രമങ്ങളിൽനിന്നു കേരളത്തെ രക്ഷിച്ച ആ, നായർവീരന്റെ അപദാനങ്ങളൊന്നും വറുഗീസറിഞ്ഞിട്ടില്ലെങ്കിൽ പരിതപിക്കയേ തരമൊള്ളു. ആ മഹാപുരുഷന് 'രാജാ കേശവദാസ്' എന്ന വിരുതുപേരു ബ്രിട്ടീഷ് ഗവമ്മെന്റിൽനിന്നു കിട്ടിയതായി അയൽപക്കത്തുള്ള പള്ളിക്കൂടം കുട്ടികളോടു ചോദിച്ചറിഞ്ഞശേഷം അതിനിടയാക്കി

യ അദ്ദേഹത്തിൻെറ ഗുണഗണങ്ങൾ അന്വേഷിച്ചു പഠി ക്കുകയായിരുന്നു വേണ്ടത്. വിരുതുപേരുവാങ്ങാൻ വഴി പലതുമുള്ള—വല്ല വെള്ളപ്പൊക്കക്കാലത്തും വല്ലതും ചിലതു പ്രവൎത്തിച്ചാൽപ്പോലും വിരുതു കിട്ടുന്ന—ഇക്കാലത്തുപോലും ഇതുപോലെ ഒരു ബഹുമാനം അൎക്കും സിദ്ധിച്ചു കാണാത്തതെന്തായിരിക്കാം.!

രാജാകേശവദാസനിൽനിന്ന് ഒട്ടും താഴെയാവാത്ത തരത്തിൽ മാതൃഭൂസേവനംചെയ്തു കൃതകൃത്യരായി സ്വജനങ്ങളുടേയും സ്വരാജ്യക്കാരുടേയും ഭക്തിബഹുമാനങ്ങളെ സമാൎജ്ജിച്ചിട്ടുള്ള നായർവീരന്മാരായിരുന്നു മുൻപു നാമനിർദ്ദേശം ചെയ്തിട്ടുള്ളവരെല്ലാം. അയ്യപ്പൻമാർത്താണ്ഡപ്പിള്ള ദളവാ തൻെറ സേവനങ്ങൾക്കു സംഭാവനയായി കൊച്ചീത്തമ്പുരാനിൽനിന്നു സിദ്ധിച്ച പുത്തൻചിറപ്രദേശം തിരുവിതാംകോട്ടേയ്ക്കു ചേർത്തിട്ടു പ്രത്യക്ഷപ്പെടുത്തിയ ത്യാഗമാഹാത്മ്യം വറുഗീസിനു അനുമോദനീയമായിത്തോന്നുന്നില്ലെങ്കിൽ ആവക മഹൽഗുണങ്ങളെ ആദരിക്കാനുള്ള സൽബുദ്ധിയും ആദർശബുദ്ധിയും ഇല്ലാത്ത ആ ആളെ നോക്കി ശാന്തം, പാപം! എന്നുച്ചരിക്കുകയെ നിവൃത്തിയുള്ളു.

കുറേക്കൂടി അടുത്തകാലത്തു നായർവീൎയ്യത്തിൻെറ രാജ്യസേവനചാതുൎയ്യം പ്രകടിപ്പിച്ച വീരനായിരുന്നു വറുഗീസിൻെറ ചരിത്രങ്ങളിൽ നിർദ്ദേശിക്കുന്ന ശങ്കുണ്ണിമേനോൻ പേഷ്കാരവർകൾ. അദ്ദേഹത്തിൻെറ വാസ്തവചരിത്രം, സദാചാരശുദ്ധി, നിഷ്പക്ഷപാതമായ നീതിനിഷ്ഠ, നിർഭയരാജ്യസേവനം മുതലായ ഗുണങ്ങളെ പ്രകടീകരിക്കുന്നതാകുന്നു.

വറുഗീസിൻെറ മാത്യൂസ് മെത്രാനാകുന്ന കാൎക്കോടകൻ, ആ നായർകേസരിയെ ദംശിച്ചു, അല്ല ദംശിക്കുവാൻ ഭാവിച്ചു എന്നാണു പുതിയതായി കണ്ടെത്തിയി

രിക്കുന്ന ചരിത്രം. ശംകുണ്ണിമേനോനെപ്പോലെ ഒരു സ
ക്കാരുദ്യോഗസ്ഥൻ വറുഗീസു സങ്കല്പിക്കുന്നവിധം ഒരു
അപരാധം പ്രവൎത്തിക്കുകയെന്നുള്ളതു കേവലം അസംഭ
വ്യമാകുന്നു. അതെന്നല്ലാ മിസ്റ്റർ മേനോൻ എന്തുതന്നെ
പ്രവൎത്തിച്ചിരുന്നാലും അദ്ദേഹത്തിനോട്, വറുഗീസ്
ചിത്രീകരിക്കുന്ന രൂപത്തിൽ, വേണ്ടാ, സാധാരണമായ
വിധംതന്നെ അകന്നുമാറിനിന്ന് കാൎയ്യം ബോധിപ്പിക്കാൻ
കൂടി മെത്രാന്നു കഴിഞ്ഞിരിക്കയില്ലതാനും. വറുഗീസ്പ
റകൊട്ടിപ്പുകഴ്ത്തുന്ന മെത്രാനെയും, തിരുവിതാംകോട്ടുപേ
ഷ്കാരായിരുന്ന ശംകുണ്ണിമേനോനെയും അറിയുന്നവർ
ഇന്നും ഇന്നാട്ടിൽ അപൂൎവമല്ലാതിരിക്കെ, "തക്കയോഗ്യം"
അറിഞ്ഞുകൂടാത്ത ഈ "താന്തോന്നിത്തത്തി" നു മുതിന്നതു
ഒരു മകുടംവച്ച മറുത്തരം എന്നല്ലാതെ പറയേണ്ടതില്ല.
താൻ തന്നെ എഴുതിപ്പിടിപ്പിച്ചിട്ടുള്ള പ്രകാരം ജനനം മു
തൽ മരണംവരെ, മൎയ്യാദകേടും, ക്രൂരതയും, വഞ്ചനയും,
വഞ്ചതിയും, കള്ളത്തരവും കൊള്ളരുതായ്കയും കൊണ്ടു നി
റഞ്ഞ ഒരു മെത്രാനെ ഭരിക്കുക തന്റെ സമുദായത്തിനു
ഭൂഷണമാണെന്നു വറുഗീസു ധരിച്ചിട്ടുള്ളതിൽ അത്ഭുത
പ്പെടാനൊന്നുമില്ല. യേശുക്രിസ്തുവിന്റെ പ്രാതിനിധ്യം
വഹിച്ചു തങ്ങളെ മോക്ഷരാജ്യത്തിലെത്തിക്കുവാൻ വറു
ഗീസു വരച്ചുണ്ടാക്കിയിട്ടുള്ള ഈ മെത്രാന്റെ ഭയങ്കരസ്വ
രൂപം കേരളത്തിലെ മതാഭിമാനമുള്ള നസ്രാണികളി
ൽ വല്ല അല്പപക്ഷക്കാക്കെങ്കിലും ഹൃദ്യമായി തോന്നിയി
രിക്കുമെന്നു വിശ്വസിക്കുന്നതുതന്നെ മഹാപാതകമാണ്.
പിന്നെ വേണ്ടേ ശംകുണ്ണിമേനോന്റെ ചരിത്രത്തിനു അ
തിൽ പ്രസക്തി ഉണ്ടാകുന്നകാൎയ്യം. രാജശ്രീ ശംകുണ്ണിമേ
നോന്റെ ഗുണഗണങ്ങളിൽ സഹസ്രാംശമെങ്കിലും, ഒ
ട്ടും അതിശയോക്തികൂടാതെ, വായനക്കാർ ധരിക്കാറാ
കണമെന്നുകരുതി ഇതിൽ തുടൎന്നു ചേൎത്തിട്ടുള്ളതു വായിക്കു
മ്പോൾ വറുഗീസു രചിച്ച "മാർ മത്ഥ്യൂസുവിജയം അറുക

ലപ്പാട്ടിന്" തക്ക അഭിപ്രായം തോന്നാനും, ഒത്ത സമ്മാനം നൽകാനും ആൎക്കും കഴിയാതെ വരികയില്ലെന്നാണ് ഇതെഴുതുന്ന ആളിന്റെ വിനീതമായ വിശ്വാസം.

നായരാരാണെന്നു വറുഗീസിനു നേരിട്ടിട്ടുള്ള മതിഭ്രമത്തിനു മേൽ ചേൎത്തിട്ടുള്ള സംഗതികൾ കുറെ സമാധാനമുണ്ടാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു. ആഭിജാത്യത്തിൽ നായരെ തള്ളിനീക്കി നസ്രാണിയെ മുൻകയറ്റാൻ വറുഗീസു താല്പൎയ്യപ്പെട്ടു കാണുന്നതിനെക്കുറിച്ചും ഇവിടെ ഒന്നു ചിന്തിച്ചുകൊള്ളാം. തീണ്ടലാണ്, ആഭിജാത്യത്തിന്റെ അടിസ്ഥാനമെന്നു വറുഗീസു വിശ്വസിച്ചു കാണുന്നു. നസ്രാണികളും നായരും മുൻപൊരുകാലത്തു ക്ഷേത്രപ്രവേശാവകാശത്തിൽ കൂടി ഒരുപോലെയാണ് കഴിഞ്ഞുകൂടിയിരുന്നതു എന്നു വറുഗീസു വിചാരിക്കുകയോ വിശ്വസിപ്പിക്കാൻ ശ്രമിക്കയോ ചെയ്യുന്നുണ്ട്- നായൎക്ക് അഭിമാനമെന്നു കാണുന്നതൊക്കെ തങ്ങൾക്കും അഭിമാനം തന്നെ എന്നു വിഭ്രമിക്കുന്ന ഈ ആശയത്തിന്റെ ഉല്പത്തി എങ്ങനെ എന്നു പ്രത്യേകം വിവരിക്കേണ്ടതില്ല. പൂൎവ്വചരിത്രത്തെക്കുറിച്ചു അശേഷം അഭിമാനക്കുറവില്ലാത്ത നായൎക്കുപോലും, അവർ വകതിരിവുള്ളവരും, പഠിപ്പുള്ളവരും ആകകൊണ്ടു തങ്ങളിൽ ഉപരിയായ അവസ്ഥകൾ ലോകചരിത്രത്തിൽ ദൎശിച്ചു ആ ആദൎശത്തെ പിന്തുടരുവാൻ ന്യായമായ അഭിനിവേശം കാണുന്നുണ്ട്. വറുഗീസു ആകക്കൂടി, അഭിമാനത്തിനായാലും, ആഭിജാത്യത്തിനായാലും കുറകളഞ്ഞ ആദൎശമായി കണക്കാക്കിയിട്ടുള്ളതു നായരെത്തന്നെയാണെന്നും, നായൎക്കുള്ള മേന്മ ഒക്കെ തങ്ങൾക്കുമുണ്ടായിരുന്നു എന്നു സ്ഥാപിച്ചാൽ ബാക്കി ഒന്നും നസ്രാണിക്കു സിദ്ധിക്കേണ്ടതില്ലെന്നു വിദ്വാൻ വിശ്വസിച്ചിട്ടുണ്ടെന്നും ചരിത്രലേഖനങ്ങളിൽ നിന്നു നല്ലവണ്ണം വെളിവാകുന്നു

ണ്ട്. നായക്കു താഴെയാണു തങ്ങളുടെ നില എന്നു സ്വയമേവ സമ്മതിച്ചുകൊള്ളുന്ന ഈ അഭിപ്രായഗതി, തന്നെ വാദസമരത്തിൽ ഒരടി പിന്നോക്കം വെയ്പിക്കയാണു ചെയ്തിട്ടുള്ളതെന്ന് വറുഗീസറിഞ്ഞിട്ടില്ലാ. പണ്ടു നസ്റാണികൾ നായരോടു സമമായ ആഭിജാത്യത്തിൽ കഴിഞ്ഞുകൂടിയിരുന്നവരാണെന്നും നസ്റാണികൾ ഈഴവാദികളെക്കൂടി മാനസാന്തരപ്പെടുത്തി സ്വയം "വട്ടക" നായരായിത്തീർന്നതുമുതലാണ് ആ ആഭിജാത്യം നഷ്ടമായതു് അല്ല, തങ്ങൾ തന്നെ നഷ്ടമാക്കിയതു്—എന്നും സമ്മതിച്ചുകൊണ്ട് വറുഗീസിൻെറ തദ്രൂപം തോന്നിക്കുന്ന ഒരു "ശില്പി" കോട്ടയത്തെ പൌരപ്രഭാപത്രരംഗങ്ങളിൽ നടമാടിക്കാണുകയുണ്ടായി. ഈഴവാദികളെ ചേർത്തു ആഭിജാത്യഭ്രംശം അടുത്തകാലത്തെങ്കിലും തങ്ങൾക്കു സമ്മതിച്ചേക്കുവാൻ കരുണ തോന്നിയ വമ്പന്മാരേ! നിങ്ങൾക്കു സ്തുതി പറഞ്ഞുകൊള്ളുന്നു.

വറുഗീസിൻെറ നസ്റാണിതലവന്മാരായിരുന്നു കേരളത്തിലെ സകല ജാതിക്കാരുടേയും അഭിമാനാവകാശങ്ങളെ പുലർത്തിപ്പോന്നിരുന്നതെന്നും അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. ആക്കു വേണമെങ്കിലും എത്ര വേണമെങ്കിലും ചോർത്തിക്കൊടുത്താലും അവസാനിക്കാത്തത്ര ആഭിജാത്യമദജലം അവർ സംഭരിച്ചതിൻെറ ചരിത്രം തല്ക്കാലം വിസ്തരിക്കാതെ ഇരിക്കയാണു നന്ന്. ഒരു ചരിത്രാംശം കൂടി ഇവിടെ ഉദ്ധരിച്ചുകാണിക്കാം. പോർട്ടുഗീസു കപ്പിത്താനായ പച്ചിക്കോവു് ചില പുലയരെ നായന്മാരാക്കിക്കാണിക്കണമെന്നു കൊച്ചീത്തമ്പുരാനോടു താല്പര്യപ്പെട്ടു. അതിനദ്ദേഹം പറഞ്ഞ മറുപടി ഏതാണ്ടിങ്ങനെയായിരുന്നു. "ഇങ്ങനെ ചെയ്വാൻ മററു ഹിന്തുരാജാക്കന്മാരും ധൈര്യപ്പെട്ടു കണ്ടിട്ടില്ല. തന്നെയുമല്ല ഞാൻ അങ്ങനെ ചെയ്താൽ നായന്മാർ എന്നെ കൊന്നുകളയും. അതു

കൊണ്ടു് തരമില്ല." വീണ്ടുംപച്ചിക്കോവിൻെറ നിർബന്ധം കൊണ്ടു് ആ തമ്പുരാൻ ചില പുലയക്ക് ആയുധം ധരിച്ചു കൊണ്ടു നായന്മാർ സഞ്ചരിക്കുന്നവഴിയിൽ കൂടി പോകുവാൻ അനുവാദം നൽകുക ഉണ്ടായി ഈ ചരിത്രാംശത്തെ നസ്റാണികൾ പുലയരോടു കാണിച്ച വൈമനസ്യമായി വ്യാഖ്യാനിക്കയാണു വേണ്ടതു എന്നൊരു താക്കീതുകൂടി ഇവിടെ ചെയ്യേണ്ടിയിരിക്കുന്നു. തമ്പുരാൻെറ വാക്കുകൊണ്ടു തലകുലുക്കി സമ്മതിച്ചിരിക്കുന്ന നായരുടെ അപ്രതിഷേധ്യമായ പ്രാമാണ്യം അതിലുണ്ടെന്നു വറുഗീസു ധരിച്ചിരിക്കയില്ല. നായക്ക്, തന്നെ കൊല്ലാൻ കൂടി കഴിയുമെന്നു മുഖത്തു കണ്ടും വിളിച്ചുപറഞ്ഞ തമ്പുരാൻ ആ സമുദായക്കാരുടെ ഒത്താശകൊണ്ടുതന്നെയാണു്, താനേതും സ്മരിക്കപോലും ചെയ്തിട്ടില്ലാത്ത നസ്റാണികളുടെ ഔദാര്യംകൊണ്ടല്ല, പുലയക്ക് ആയുധം ധരിച്ചു സഞ്ചരിക്കാനുള്ള സമ്മതം നൽകിയതെന്നാണതിനത്ഥമെന്നു വറുഗീസിനറിഞ്ഞുകൂടാ. പാവം! വല്ലതും നാലക്ഷരം പഠിച്ചു് അനുമാനശക്തിയും കാര്യഗ്രഹണപാടവവും നേടും മുൻപു് ചരിത്രം നിർമ്മിക്കാൻ തുനിഞ്ഞിറങ്ങിയ പാപം എന്നല്ലാതെ എന്താണു പറയേണ്ടതു്.?

വറുഗീസേ, നായന്മാരാരാണെന്നു ഇനിയും അറിഞ്ഞില്ലെങ്കിൽ പറയാം. അവരാണു കേരളത്തിലെ അധികാരികൾ. നസ്റാണികൾക്കു ഇവിടെ അവലംബം നൽകിയതു് അവരാണു്. വറുഗീസു കണക്കു നോക്കാൻ പോകാറുള്ള പള്ളികൾ പണിയിക്കാൻ സ്ഥലമല്ല പണം പോലും കൊടുത്തും കൊടുപ്പിച്ചും ഔദാര്യം കാണിച്ചിട്ടുള്ളവരാണു് അവർ. പലതുകൊണ്ടും ക്ഷയിച്ചതുപോലെ കാണുന്നുണ്ടെങ്കിലും ഇക്കാലത്തും കേരളത്തിലെ ഏക പ്രബലസമുദായമാണു നായന്മാർ. അങ്ങിങ്ങു മിന്നാമിനുങ്ങു പോലെ കാണുന്ന പ്രകാശം കണ്ടുകൊണ്ടു് അഹങ്കരിക്കേണ്ടാ. നായരുടെ ഭുജബലംകൊണ്ടു നേടി അവരുടെ മേ

ധാബലംകൊണ്ടു വർദ്ധിച്ച് കേരളത്തിൽ അവൎക്കുള്ള പ്രാമാണ്യം അസ്തമിക്കുന്ന കാലം ഉണ്ടാകയില്ല. നസ്രാണികളെ വറുഗീസറിയുന്നതിലും കൂടുതൽ നായന്മാരറിയുന്നുണ്ട്. വറുഗീസിനു തോന്നി ; മനോധൎമ്മങ്ങളൊന്നും സാധാരണ നസ്രാണികൾക്കാൎക്കും തോന്നുന്നതല്ല. അവൎക്കാൎക്കും വറുഗീസിന്റെ മതിഭ്രമം പിടിപെട്ടിട്ടില്ല. നസ്രാണികൾ തങ്ങളുടെ പരിശ്രമംകൊണ്ടു് കേരളത്തൽ ഇന്നു സമ്പാദിച്ചിരിക്കുന്ന ആശാസ്യമായ സ്ഥാനം നായരെ സന്തോഷിപ്പിക്കുന്നതേ ഉള്ളു. തങ്ങളുടെ ഔദാൎയ്യം സഫലമായിക്കാണുന്നതു മഹാമനസ്കന്മാൎക്കു സന്തോഷകരമായിട്ടേ ഇരിക്കൂ. ഈ അവസരത്തിൽ വറുഗീസിനെപ്പോലെ തലമറന്നെണ്ണതേയ്ക്കുന്നവർ നസ്രാണികളുടെ പൊതുപ്രാതിനിധ്യം വഹിച്ചുകൊണ്ടു കള്ളക്കഥ കെട്ടിയുണ്ടാക്കി, താൻ പ്രമാണിത്തം നടിക്കാൻ മുതിരുന്നതിലും നായൎക്കു അനുകമ്പയേ ഉള്ളു. അത്രത്തോളം വറുഗീസിന്റെ ദുരാഗ്രഹത്തിനുവേണ്ടി വകവച്ചുകൊടുക്കാം. അതിലും കവിഞ്ഞു നായർസമുദായത്തിന്റെ പാവനചരിത്രത്തിൽ കരിതേക്കുവാൻ—നായർവീരന്മാരുടെ നിൎമ്മലയശസ്സിനെ മലിനമാക്കുവാൻ— മുതിരുന്ന നാവിനെ നായർ സ്തംഭിപ്പിക്കുകതന്നെ ചെയ്യും!!

---

# മൂന്നാമദ്ധ്യായം.

---

## ഒരു അവലോകനം

"യാതൊരു പുമാനിഹ ജീവിച്ചു വസിക്കുമ്പോൾ
ആതുരന്മാരാംബഹു ജന്തുക്കൾ ജീവിക്കുന്നു.
അപ്പുമാനത്രേ ഭുമന കേവലം ജീവിക്കുന്നു.
സൽപുമാനവൻതന്നെ, സാധുതാനവൻതന്നെ".

അനുനിമിഷം അനേകം ആളുകൾ ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുകയും ചെയ്യുന്നു. എന്നാൽ സഹജീവികളുടേയോ, പിൻ തലമുറക്കാരുടേയോ ഉള്ളിൽ ആദരാതിശയം ജനിപ്പിക്കാൻ ഉതകുന്ന ജീവിതം അവരിൽ വളരെ കുറച്ചുപേർക്കുമാത്രമേ ഉണ്ടായിരിക്കുന്നൊള്ളു. കേവലം ന്യൂനപക്ഷക്കാരാണെങ്കിലും ലോകഗതിയുടെ സാക്ഷാൽ നിയാമകത്വം പരമാത്ഥജീവിതം നയിക്കുന്ന ഇക്കൂട്ടരലാണ് സ്ഥിതിചെയ്യുന്നത്. അവരാണ് സത്തുക്കൾ; മഹത്തുക്കളും അവരത്രേ.

മഹാന്മാരുടെ എണ്ണം എന്നപോലെ, അവരുടെ ജീവിതശൈലികളും പരിമിതമായിരിക്കും. എന്നാൽ അത്രത്തോളം പവിത്രമായി, അത്രത്തോളം ഗൌരവയുക്തമായി, അത്രത്തോളം ഉദാരമായി മഹജ്ജീവിതത്തിനു ശരി അതുതന്നെയെ നമുക്കു കാണാൻ കഴിയുന്നൊള്ളു. മഹാന്മാരെന്നറിയപ്പെട്ടുന്നവരിൽ അധികം പങ്കും എളിയനിലയിൽനിന്നുയൻ വന്നിട്ടുള്ളവരാണെന്നു കാണാം. എല്ലാവരും സ്വപ്നസുഖം അനുഭവിക്കുമ്പോൾ അവർ മാത്രം ജാഗ്രദാവസ്ഥയിലിരിക്കുന്നു; എല്ലാവരും സുഖലോലുപന്മാരായിക്കഴിയുമ്പോൾ അവർമാത്രം കഠിനപ്രയത്നം ചെയ്യുന്നു; ഇതരന്മാർ കാണാത്തതു കാണാനും, കേൾക്കാത്തതു കേൾക്കാനും കരുതാ

ത്തു കരുതാനും, അതുകൊണ്ടുതന്നെ മററുള്ളവർ അസാദ്ധ്യമെന്നൊഴിച്ചുവിട്ടതൊക്കെ സാധിക്കാനും അവക്കു കഴിയുന്നു; എല്ലാവരും അവസരംതേടി അലയുമ്പോഠം, അവർ അടുത്തെത്തിയ നിമിഷത്തെ അവസരമാക്കി കഴിയുന്നു; ആരെയും വെറുപ്പിക്കുന്നതു് അവരെ രസിപ്പിക്കുന്നു; ആരും രസമായിക്കരുതുന്നതു് അവരെ തപിപ്പിക്കുകയും ചെയ്യുന്നു; കേവലം ഉദരഭരണം അവക്കു ഒരു വേലയല്ല; അവരുടെ അന്തർദ്ദൃഷ്ടികഠം തന്നിൽനിന്നു അകലെയോട്ടു വ്യാപിക്കുന്നു; ഒരു വ്യക്തിയുടെ വയററുപാടല്ലാ, സമുദായത്തിൻെറ ഉന്നമനപഥമാണു് അവരുടെ ലക്ഷ്യം; തദ്വാരാ അവർ വിശ്വവിജയികളായി ഭവിക്കുന്നു.

ദിവാൻപേഷ്കാർ പി. ശങ്കുണ്ണിമേനവൻ അവർകഠം സ്വജീവിതത്തിൽ മഹത്വലക്ഷ്യം പ്രസ്പഷ്ടമാക്കിയിട്ടുള്ള മഹാനായിരുന്നു. അദ്ദേഹത്തിൻെറ ജീവിതം ദക്ഷിണകേരളചരിത്രത്തെ അതീവ ഭാസുരമാക്കിത്തീർത്തിരുന്നു. സക്കാരുദ്യോഗമായിരുന്നു അദ്ദേഹത്തിൻെറ വൃത്തി. എന്നാൽ അതു സമ്പൂണ്ണമായ അത്ഥത്തിലുള്ള ജനസേവനമായിരുന്നു. ഗവർമെൻറിനെ, ഭരണകേന്ദ്രത്തെ, രാജാവിനെ അല്ല, ആ സ്ഥാനങ്ങഠംക്കൊക്കെ ഉപജീവ്യമായ സാക്ഷാൽ ജനസമുദായത്തെത്തന്നെ അദ്ദേഹം അഭംഗുരഭക്തിയോടെ സേവിച്ചിരുന്നു. പരിപൂണ്ണമായ വിജയമായിരുന്നു ഫലവും.

വർഗ്ഗീസു ആകുന്ന ചിത്രനിമ്മാണവ്യാപാരി ശങ്കുണ്ണിമേനോൻെറ പടമൊന്നെഴുതാൻ മുതിന്നു. തനിക്കാകാത്തതെന്നു കണ്ടു് അയാഠം അതു ഒഴിച്ചില്ലാ. ആകാത്തതിൽ അഭിനിവേശം വളത്തുന്ന സാത്താൻ അയാളെ ആവേശിച്ചിരുന്നുവത്രെ. തൽഫലം, വിലക്കപ്പെട്ട കനിതിന്ന ആദാമിനെപ്പോലെ അയാഠം തനിക്കല്ല, തൻെറ കൂട്ടക്കൊക്കെ

നിത്യപാപം ആൎജ്ജിക്കയും ചെയ്തു. വർഗീസിൻെറ വൎണ്ണ പേടകം അയാളുടെ മനസ്സാക്ഷിതന്നെ തട്ടിമറിച്ചു. കഞ്ചും നിയമപരിധികഴിഞ്ഞും വ്യാപരിക്കയും ചെയ്തു. ചിത്രത്തിൽ വല്ലാത്ത വൎണ്ണവികാരം തന്നെ പിടിപെട്ടു. തന്നത്താനറിയാത്ത ആ പാപിഷ്ഠൻ തൻെറ പണി അവിടെയും നിൎത്തിയില്ലാ. അതുതന്നെ പ്രദൎശനശാലക്ക് അയച്ചു. തന്നെ അഭിനന്ദിക്കാൻ അവിടെ ആളുണ്ടാകുമെന്നായിരുന്നു അയാൾ സ്വയം കരുതിയതു. ആരഭിനന്ദിക്കാനാണ്? ആ ചിത്രാഭാസത്തിൽ മനം രമിക്കുന്ന ആളുകളെ ചുമക്കുവാൻ തക്ക പാപം കേരളമാതാവ് ഒരിക്കലും നേടിയിട്ടില്ല. ചിത്രകാരൻെറ അഹമ്മതിയാണ്, ഈ അലങ്കോലത്തിനൊക്കെ ഹേതുവെന്നു ലോകം വിധിച്ചു. മറന്നാലും മറക്കാത്ത മനോഹരമായ സ്ത്രീപുരുഷൻെറ യഥാൎത്ഥചിത്രം ഒന്നു കൂടി കാണാൻ അഭിനിവേശം ഉദിച്ചു. അതിൻെറ ഫലമാണീപ്രയത്നം. ഇവിടെ ശങ്കുണ്ണിമേനോൻെറ ജീവിതചിത്രത്തിലെ രണ്ടുമൂന്നു കോണങ്ങൾമാത്രം പ്രദൎശിപ്പിക്കാം. അതു കൊണ്ടുതന്നെ, അദ്ദേഹത്തിൻെറ പരമാൎത്ഥരൂപം അറിയാൻ കഴിയും. വറുഗീസിൻെറ വകതിരിവില്ലായ്മയുടെ ആഴം അപ്പോൾതന്നെ വെളിവാകയും ചെയ്യും.

ശങ്കുണ്ണിമേനോൻഅവർകൾ വെറും പത്തു രൂപാ ശമ്പളത്തിലാണ് രാജ്യസേവനം ആരംഭിച്ചതു. എണ്ണൂറു രൂപാ ശമ്പളം വാങ്ങുന്ന ദിവാൻപേഷ്ക്കാരുടെ പദവിയിലാണദ്ദേഹം അതു വിട്ടതു്. അസിധാരാവ്രതംപോലെയുള്ള രാജസേവനകൎമ്മത്തിൽ, അതും ഭിന്നരുചികളായ രാജാക്കന്മാരുടെ ഭരണത്തിൽ, ഇത്രത്തോളം ഉയൎന്നുവന്ന മററു ഒരാളുണ്ടോ? ഉദ്യോഗത്തിൽനിന്നു പിരിയാറായപ്പോൾ മേനോനു വാൎദ്ധക്യമായിരുന്നു. തൻെറ ഉശിരും ഉള്ളുക്കം, ഉറഞ്ഞുവരുന്ന തനി നായർരക്തവും അദ്ദേഹം ലോഭം കൂടാതെ സ്വകൃത്യനിൎവ്വഹണത്തിൽ ചെലവാക്കിയിരു

ന്ന മേനോനെ ദിവാൻ പണികൊണ്ടുകൂടി ഭാഗ്യവാനാക്കാൻ അന്നു നാടുവാണിരുന്ന തമ്പുരാൻ കനിഞ്ഞു. രാമയ്യനും, അയ്യപ്പൻമാർത്താണ്ഡപ്പിള്ളയും, രാജാകേശവദാസനും സുപ്രശസ്തമായി ഭരിച്ചുപോന്ന—തിരുവിതാംകോട്ടുകാരനായ ഒരാൾക്കു് ഇന്നാട്ടിൽ സിദ്ധിക്കാവുന്ന ഏററവും ഉന്നതമായ—നാല്പതുലക്ഷം ജനങ്ങളുടെ രക്ഷാകർത്താവായ മഹാരാജാവിൻെറ വലംകയ്യായുള്ള—തൻെറ കുടുംബത്തെയും വർഗ്ഗത്തെയും ലോകമുള്ള കാലത്തോളം എല്ലാവരും പ്രശംസിക്കാൻ ഇടയാക്കുന്ന—ആ സ്ഥാനം ഇങ്ങനെ ശംകുണ്ണിമേനോനെ അവസരം കാത്തു സേവിക്കുന്ന ഒരു ഘട്ടമുണ്ടായി. തിരുമനസ്സുകൊണ്ടു് ശംകുണ്ണിമേനോനെ വരുത്തി തൻെറ അഭിപ്രായം അരുളിച്ചെയ്തു. ആ നായർവീരൻ, ആ സ്ഥാനം ഭക്തിപൂർവ്വം കൃതജ്ഞതാപൂർവ്വം, ആലോചനാപൂർവ്വം പരിത്യജിക്കയാണു ചെയ്തതു്. അതിനദ്ദേഹം ന്യായംപറഞ്ഞതു തൻെറ പ്രായാധിക്യംനിമിത്തം ആ ചുമതല മനസ്സാക്ഷിക്കൊത്തു നിർവ്വഹിക്കാൻ തനിക്കു സാധിക്കാതെ വരാമെന്നായിരുന്നു. തിരുവിതാംകോട്ടു ദിവാൻ പണിയെക്കാൾ സ്വന്തം അന്തഃകരണമാണു് സ്പൃഹണീയമെന്നു് വെളിപ്പെടുത്തിയ എത്രപേരെ നാം കണ്ടിട്ടുണ്ടു്? കേൾക്കുക എങ്കിലും ചെയ്തിട്ടുണ്ടു്? ഇവിടെ നമുക്കു് ഒരു താരതമ്യപരീക്ഷണത്തിനു് സൌകര്യം കിട്ടുന്നു. വറുഗീസിൻെറ തങ്കക്കൊമ്പനെത്താലോലിക്കുന്ന തച്ചിൽ മാത്തുത്തരകൻ മററൊരു തിരുവിതാംകോട്ടുരാജാവിൻെറ സേവനം അവലംബിച്ചിരുന്നവനാണു്. ബാലരാമവർമ്മ മഹാരാജാവിൻെറ ഭരണകാലത്തു് തിരുവിതാംകോട്ടു രാജവംശം സമാർജ്ജിച്ച തീരാക്കളങ്കത്തിനു ആ നസ്രാണിസേവകൻ കൂടി ഉത്തരവാദിത്വം ചെയ്യേണ്ടതായിട്ടാണു ചരിത്രം പഠിപ്പിച്ചിട്ടുള്ളതു്. അപക്വഹൃദയനും, ബാലനും എന്നാൽ അധികാരസമ്പന്നനും ആയ ഒരു മഹാരാജാവിൻെറ തിരുവുള്ളം തനിക്കു സിദ്ധമായിരുന്ന ഘട്ടത്തിൽ വറുഗീസായ

നരകനിൎമ്മിതാവിൻെറ തരകൻ, അതു തനിക്കും, തൻെറ സമുദായത്തിനും, തൻെറ സ്വാമികൾക്കുകൂടിയും തീരാക്കളങ്കത്തിനായല്ലേ ഉപയോഗിച്ചതു്? ഉഗ്രവീൎയ്യമായിരുന്ന അന്നത്തെ തിരുവിതാംകോട്ടു പ്രജാസമുദായം തരകൻെറ ചെവിയറുത്തുവിട്ടകഥ വറുഗീസു കേട്ടിട്ടില്ലേ? ഇനി വേറെയൊന്നു്, തിരുവിതാംകോട്ടു ഭരിച്ചിരുന്ന റാണി ലക്ഷ്മീഭായിയുടെകാലത്തു് റസിഡൻറു ദിവാനുദ്യോഗം വഹിച്ചിരുന്ന മൺറോ സായ്പ്പിൽ ആ തിരുമേനിക്കു തീരാത്ത തിരുവുള്ളമാണുണ്ടായിരുന്നതു്. ചർച്ച്മിഷ്യൻ സൊസൈററിക്കു വിട്ടുകൊടുത്ത കല്ലടയിലെ മൺറോത്തുരുത്തു് അന്നു് ആ തിരുവുള്ളം കനിഞ്ഞുണ്ടായ ദാനമാണു്. അതിനുംപുറമെ, ഇന്നാരും പാടിക്കേൾക്കാറില്ലെങ്കിലും ഒരിരുപതിനായിരം തലരുപാക്കൂടി വിലവച്ചാണു് സായിപ്പു തൻെറ സേവനം സമാപിച്ചതെന്നു ഒരു പരമാൎത്ഥംകൂടി ഉണ്ടു്. തുരുത്തു പേരിനു സൊസൈററിക്കും, സൊസൈററിയുടെ പേരുപറഞ്ഞു ലഭിച്ച ഇരുപതിനായിരം സ്വന്തംകീശയിലും, തിരുവിതാംകോട്ടു രാജ്യരക്ഷയ്ക്കെന്നുപറഞ്ഞു് മേൽകോയ്മക്കു കൊട്ടത്തൂത്തീക്കാനും, തൻെറ സമ്പദ്ഭര നിവൎത്തിക്കാനും, ഹിന്തുസമുദായത്തിനെ അധഃപതിപ്പിക്കാനുംവേണ്ടി ഹിന്തുദേവസ്വത്തുക്കളിൽ അപഹരണംതന്നെ നടത്തിയ ആ ധാരയുടെ മനഃസാക്ഷിയുടെ തൂക്കം എത്രയായിരുന്നുവെന്നു ആൎക്കാണു് ഊഹിച്ചുകൂടാത്തതു്? സായിപ്പിൻെറ ഈ സാമൎത്ഥ്യപ്രകടനത്തോടനുബന്ധിച്ചു് അയ്യപ്പൻമാൎത്താണ്ഡപ്പിള്ളദളവായുടെ സുപ്രസിദ്ധമായ ത്യാഗപ്രഭാവംകൂടി സ്മരിക്കുമ്പോൾ നീതിനിഷ്ഠയും ധൎമ്മമൎമ്മജ്ഞതയും ഒന്നും, കടലാസു വരഞ്ഞുമാത്രം സമാൎജ്ജിക്കാവുന്നതല്ലെന്നു വറുഗീസിനു ഇനിയും അറിയാൻ കഴിയുന്നില്ലെങ്കിൽ കഷ്ടമെന്നല്ലാതെ എന്തുപറയട്ടെ.

സുപ്രസിദ്ധനായ രാജാ സർ. ടി. മാധവറാവു അന്നിവിടെ ദിവാനായിരുന്നു. തിരുവിതാംകോടിൻെറ ഇന്ന

ത്തെ മാതൃകാരാജ്യപദവിക്ക നാം ഏതൊരു ഭരണകുശല നോട്ട കടപ്പെട്ടിരിക്കുന്നുവോ, ഏതൊരു ഭരണതന്ത്രവിചക്ഷണൻെറ നാമധേയം തിരുവിതാംകോട്ട രാജ്യം ഉള്ള കാലത്തോളം കാണാറാകുമാറ് അതിൻെറ ചരിത്രത്തിൽ സുവൎണ്ണലിപികളാൽ കുറിക്കപ്പെട്ടിരിക്കുന്നുവോ, തിരുവനന്തപുരത്തെ പബ്ളിക്ക ഓഫിസുകളിലേക്ക്,—തിരുവിതാംകോടിൻെറ സൎവ്വതോമുഖമായ അഭിവൃദ്ധിയിലേക്കുതന്നെ, ദത്തവീക്ഷണനായി ഏതൊരു ഗംഭീരധീമാൻെറ തേജഃപ്രസാരിയായ വിഗ്രഹം സ്ഥിതിചെയ്യുന്നതു നാം ഇന്നും കാണുന്നുവോ, ആ സമഗ്രവീൎയ്യൻെറ ദക്ഷിണഹസ്തമായി ശോഭിച്ചിരുന്ന ദേഹമാണ്, ദിവാൻപേഷ്കാർ ശംകുണ്ണിമേനോൻ അവൎകൾ. നാടിൻെറ ഭാഗ്യദോഷംകൊണ്ടു, നാട്ടാരുടെ കഷ്ടതാപരിപാകംകൊണ്ടു, അന്നു വാണിരുന്ന തമ്പുരാന്ന് മാധവരായരുടെ പേരിൽ അദ്ദേഹത്തിൻെറ സേവനകാലാന്ത്യത്തിൽ തിരുവുള്ളമില്ലായ്മയ്ക്കാണ്, സംഗതിയായിരുന്നതു്. മാധവരായരെ പിരിച്ചുവിട്ടുകളയരുതൊ, എന്ന് ആ തിരുമനസ്സുകൊണ്ട് പേഷ്കാരോട്ട ചോദിക്കുക ഉണ്ടായി. ആ പത്ഥ്യവാക്കായ ഉദ്യോഗസ്ഥൻ ആ അവസരത്തിൽ രാജപ്രീതിയെയല്ല രാജ്യനന്മയെയാണു അഭിലഷിച്ചതു. തന്നിൽ കൂടി തിരുവുള്ളക്കേട്ട തോന്നാൻ ഇടയാകുന്ന തൻെറ അഭിപ്രായഗതിയെ നിരോധിക്കാൻ അദ്ദേഹം ചിന്തിക്കുകയേ ഉണ്ടായില്ല. ഒരു വിദേശിയായ "രായർ" ഇരുന്നാലും പോയാലും തൻെറ സ്വന്തനിലയ്ക്കു വിശേഷമൊന്നുമുണ്ടാകയില്ലെന്നു ഉദാസീനമായി കരുതി, അപ്പോൾ ആൎക്കും നേടാവുന്ന "പൊന്നുതമ്പുരാൻെറ തിരുവുള്ളം" കണിവച്ചു പിടിക്കാൻ അദ്ദേഹം കരുതിയതേ ഇല്ല; തമ്പുരാൻെറ ആലോചനയുടെ അനൗചിത്യം, ധീരവീരമായ തൻെറ അഭിപ്രായംകൊണ്ടു മൂണ്ടിക്കാട്ടുകയാണ് അപ്പോൾ ശംകുണ്ണിമേനോനവൎകൾ ചെയ്യുകയുണ്ടായതു്.

ശംകുണ്ണിമേനോനവർകൾ ധീരമായി പ്രകടിപ്പിച്ച അഭിപ്രായം മഹാരാജാവ് അംഗീകരിച്ചു എന്നും, സർ, ടി മാധവറാവു അവർകൾ പിരിച്ചയക്കപ്പെട്ടുക ഉണ്ടായില്ല എന്നും ആൎക്കും അറിയാം. എന്നാൽ താമസിയാതെ തിരുവുള്ളക്കേട്ട വർദ്ധിച്ചുവരികയും, അഭിമാനനിധിയായ രായൎക്ക തിരുവിതാംകോട്ടെ ദിവാൻപണി മനശ്ശല്യമെന്നു തോന്നി അദ്ദേഹം അതു രാജിവയ്ക്കുകയും ചെയ്കയുണ്ടായി. തിരുവിതാംകോട്ടുകാരുടെ കാൎയ്യബോധമില്ലായ്മ, കൃതഘ്നതാവിലാസം, ഭ്രാന്തമായ രാജഭക്തിപ്രകാശനം ആ അവസരത്തിലെന്നപോലെ മററാരിക്കലും വെളിപ്പെട്ടുകണ്ടിട്ടില്ല. സർ. രായൎക്കും കുടുംബത്തിന്നും തിരുവനന്തപുരം വിട്ടുപോകേണ്ടിവന്ന അവസരത്തിൽ ഒരുവരും ഒരു സഹായവും ചെയ്കയുണ്ടായില്ല- രാജകോപം ഭയന്നാണത്രെ അദ്ദേഹത്തെ ആദരിക്കാത്തതെന്നായിരുന്നു എല്ലാവരുടേയും സമാധാനം. ആ അവസരത്തിൽ മാധവരായരെ നേരിട്ടുകണ്ടു യാത്രകാൎയ്യത്തിന്നു വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുകയും, അദ്ദേഹത്തെ ആളും അവസ്ഥയും അറിഞ്ഞു താനെ ആദരിക്കുകയും ചെയ്തു തിരുവിതാംകോട്ടിന്റെ കടമ വീട്ടിയതു ശംകുണ്ണിമേനവർ പേഷ്കാരവർകൾ മാത്രമായിരുന്നു. തന്റെ പ്രവൃത്തികൾ ചെയ്യേണ്ടതോ എന്നല്ലാതെ, ആൎക്കെങ്കിലും ഇഷ്ടപ്പെട്ടുന്നതോ എന്നു അദ്ദേഹം ആലോചിക്ക ഉണ്ടായില്ല. അത്രക്കു തന്റേടവും, പൗരുഷവുമായിരുന്നു അദ്ദേഹത്തിന്നുണ്ടായിരുന്നതു്. 'സർ. ടി. മാധവരായർ, വളരെ ക്ലേശിച്ചു് - എന്നു പറഞ്ഞാൽ വണ്ടിയും വള്ളങ്ങളുംകൂടി വേണ്ടവണ്ണം ലഭിക്കാതെ,—അപമാനഭാരത്താൽ നമ്രശിരസ്കനായി,—താൻ തിരുവിതാംകോടിന്നു ചെയ്ത നന്മകൾക്കു സിദ്ധിച്ച പ്രതിഫലത്തെ ഓൎത്തു വിഷണ്ണനായി,—ആലപ്പുഴെ എത്തിയപ്പോൾ അന്നു ചേൎത്തലഡിവിഷനിലെ കാൎയ്യവിചാരക്കാരനായിരുന്ന മിസ്റ്റർ ശംകുണ്ണിമേനോൻ തന്റെ ഡിവിഷ

ൻെറ തെക്കെ അതൃത്തിയിൽവച്ച് ബഹുമാന്യനായ ആ ദിവാൻജിയെ സ്വീകരിച്ചു സൽക്കരിച്ചു ആദരിക്കുവാൻ സ ന്നദ്ധനായി കാത്തുനിൽക്കുന്നതു കാണപ്പെട്ടു. തിരുവിതാം കോട്ടിൻെറ ഐശ്വര്യാഭിവൃദ്ധിക്കു കഠിനയത്നംചെയ്ത ഒരു മന്ത്രിസത്തമൻെറ അവസ്ഥക്കുചിതമായ സകല പാദവിക ളോടും കൂടിയായിരുന്ന പേഷ്കാരവർകഠം സർ. രായരെ തി രുവിതാംകൂറിൻെറ വടക്കേഅതൃത്തിയോളം അനുയാത്രചെ യ്തു യാത്രയാക്കിയത്. ദിവാൻജിയെ വടക്കേഡിവിഷൻെറ മുഖ്യസ്ഥാനമായിരുന്ന ചേർത്തലയിൽ കൊണ്ടുപോയി, കെ ങ്കേമമായി സൽക്കരിച്ച്, അനേകം കളിവള്ളങ്ങളുടേയും, അന്നു സുലഭമല്ലാതിരുന്ന ബോട്ടുകളുടേയും അകമ്പടിയോടു കൂടിയായിരുന്നു വടക്കോട്ടുള്ള യാത്ര. ഈ സംഭവം ശംകു ണ്ണിമേനോനവർകളുടെ അപ്രതിഷേധ്യമായ ധർമ്മനിഷ്ഠയേ യും, അശാമ്യമായ പൗരുഷത്തെയും ഉച്ചൈസ്തരം ഉൽഘോ ഷിക്കുന്നില്ലയോ? ശംകുണ്ണിമെനോൻെറ പ്രവൃത്തി മഹാരാ ജാവു തിരുമനസ്സ് അറിയുകയും, കല്പിച്ചു സന്തോഷിക്കുക യും, അവിടന്ന്, മേനോൻെറപേൎക്ക് തന്നിക്കവേണ്ടികൂടി ദിവാൻജിയോടു കർത്തവ്യം നിറവേററിയതിന് നന്ദി സൂചി പ്പിച്ചു ഒരുകത്തയയ്ക്കുകയും ഉണ്ടായി എന്നുകൂടി ധരിച്ചിരി ക്കേണ്ടതാണ്!

ശംകുണ്ണിമേനോൻ അവർകളുടെ ത്യാഗബുദ്ധി, ത ൻേറടം, നിർഭയമായ ധർമ്മപ്രതിപത്തി ഇവകളെ പ്രതി പാദിക്കുന്ന ഇത്തരം സംഭവങ്ങഠം അനവധി ഉണ്ടു. ഇ തിൽനിന്നെല്ലാം വായനക്കാൎക്കു രൂപപ്പെടുന്ന വിവേക ശക്തി വേണം വറുഗീസിൻെറ പടമെഴുത്തിൽ പററിയ പാകക്കേടുകളെന്തൊക്കെയെന്നു കണ്ടുപിടിക്കുവാൻ; തിരു വിതാംകോട്ടു മഹാരാജാവിൻെറ തിരുമുൻപിൽ നിന്നുപോ ലും കൂസൽകൂടാതെ, സ്വാഭിപ്രായം പുറപ്പെടുവിക്കാൻ ക ഴിഞ്ഞിരുന്ന ശംകുണ്ണിമേനോനാണ്, പാളയുംകരിയും വേ

ണ്ടുവോളം ഉപയോഗിച്ച് ഭീകരമെന്നല്ല ബീഭത്സമെന്നുകൂടി പറയേണ്ട തരത്തിൽ വറുഗീസു നിർമ്മിച്ച മെത്രാസ്ഥാനികന്റെ മുമ്പിൽ തല കുനിച്ചതത്രേ! ആ വീരപുരുഷന്റെ കഴുത്തിലാണ്—താനോ തന്റെ പൂർവ്വികന്മാരോ, വല്ല നായർത്തറവാട്ടുകാരുടേയും വക കാളകളുടേയോ പോത്തുകളുടേയോ കഴുത്തിൽ അണിയിക്കുമാറുണ്ടായിരുന്ന പാരമ്പര്യം ഓർമ്മിച്ചായിരിക്കാം—വറുഗീസിന്റെ മെത്രാനച്ചൻ ബാപ്പുവിനെക്കൊണ്ടു കയറും കല്ലും ചാർത്തിക്കാൻ ഒരുമ്പെട്ടതുപോലും; മെത്രാൻ ശങ്കുണ്ണിമേനോനെ കണ്ടുവെങ്കിൽ, ആ അവസരത്തിൽ മെത്രാന്റെ മനസ്സിൽ വല്ല നിന്ദാഭാവങ്ങളും സ്ഫുരിച്ചിരുന്നുവെങ്കിൽ മതി, ആ പൌരുഷനിധി തന്റെ ഒരേ ഒരു നോട്ടംകൊണ്ടുതന്നെ, ആ ഭയങ്കര വിഗ്രഹത്തെ ആട്ടിപ്പായിക്കുമായിരുന്നു!!!

# നാലാമദ്ധ്യായം.

---

## കുടുംബവും വിദ്യാഭ്യാസവും.

ഇദ്ദേഹം കൊല്ലവഷം ൯൯൦-ാമാണ്ടു ധനുമാസം രണ്ടാംതീയതി തെക്കേമലയാളം ജില്ലയിൽ പൊന്നാനിത്താലൂക്കിൽ തൃപ്പറയാർ എന്ന സ്ഥലത്തുള്ള ഒരുഉയന്ന നായർ കുടുംബത്തിൽ ജനിച്ചു. പിതാവ് സ്ഥാനമാനിയും കരനാഥനും നാട്ടുവാഴിയുമായ ബ്ലാഹയിൽ കുണ്ടുണ്ണിനായർ ആയിരുന്നു. ഈ ബ്ലാഹയിൽ വീട്ട് മലബാറിലെ പേരും പെരുമയുമുള്ള പഴയ നായർ കുടുംബങ്ങളിൽ അദ്വിതീയമായ പഴഞ്ചേരി കുടുംബത്തിൻെറ ഒരു ശാഖയാണ്. കേരളരാജ്യത്തെ മുഴുവൻ പരിശോധിച്ചാലും ഇത്രയും പ്രതാപവും പ്രശസ്തിയുമുള്ള രണ്ടോ മൂന്നോ നായർ പ്രഭുകുടുംബങ്ങളേക്കൂടി കണ്ടുപിടിക്കുന്നതിനു സാധിക്കുകയില്ല. പൊന്നാനിനദിയുടെ തീരത്തുള്ള തിരുനാവാമണൽപുറത്തുവച്ചു പന്ത്രണ്ടു വഷത്തിലൊരിക്കൽ മാമാങ്കം അഥവാ കേരളക്കൂട്ടം എന്ന മഹോത്സവം നടത്തിയിട്ടുള്ളതായി വായനക്കാർ അറിഞ്ഞിട്ടുണ്ടല്ലൊ. കേരളത്തിൽ പ്രജാധിപത്യം അഥവാ നായന്മാരുടെ ശക്തി അത്യുന്നതസ്ഥാനത്തെത്തിയിരുന്ന അക്കാലത്ത് കന്യാകുമാരി ഗോകർണ്ണപര്യന്തമുള്ള സകല പ്രജകളുടേയും അനുവാദത്തോടുകൂടി നാട്ടുകായ്യങ്ങൾ തീർച്ചപ്പെടുത്തിവന്ന ആ മഹോത്സവം കേരളചരിത്രത്തിൽ എത്രയോ ഉന്നതമായ ഒരു സ്ഥാനം വഹിക്കുന്നു. ഈ മാമാങ്കത്തിന് ഉപയോഗിച്ചിരുന്ന ചേറുവാമണൽപുറവും അതിൻെറ ചുററുപാടുമുള്ള വളരെ സ്ഥലങ്ങളും പഴഞ്ചേരി കുടുംബക്കാരുടെ വകയാണെന്നു പറയുമ്പോൾ ടി കുടുംബത്തിൻെറ ഔൽകൃഷ്ട്യം ഏററക്കുറെ

സ്പഷ്ടമാകുന്നതാണല്ലൊ. ചാവക്കാട്ടെ പ്രബലനായ നാട്ടുവാഴി പഴഞ്ഞേരിനായരാണെന്നു സ്വദേശികളും വിദേശികളും ഒരുപോലെ സമ്മതിച്ചിട്ടുണ്ട്. നായന്മാരെ ഒരുകാലത്തു ക്രിസ്ത്യാനികൾക്കു തീണ്ടൽ ഉണ്ടായിരുന്നു എന്നോ മററോ ഒരു പാതിരി എഴുതിവച്ചിട്ടുള്ളതു വേദപുസ്തകംപോലെ വിശ്വസിച്ചു നായന്മാരുടെ സകലഔൽകൃഷ്ട്യത്തിന്റേയും അടിക്കല്ലു മാന്തുന്നതിനു തക്ക രേഖ കണ്ടുകിട്ടിയിരിക്കുന്നു എന്നു അഭിമാനിച്ചു കൃതാൎത്ഥത നേടുന്ന മിസ്റ്റർ വറുഗീസു് പഴഞ്ഞേരികുടുംബത്തിന്റെ മാഹാത്മ്യത്തേയും മാന്യതയേയും കുറിച്ചു് വിദേശികൾ തന്നെ എഴുതിവച്ചിട്ടുള്ള പരമാൎത്ഥങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. "പഴഞ്ഞേരി പ്രധാനപ്പെട്ട ഒരു ജന്മിയാകുന്നു......"എന്നിങ്ങനെ കൊച്ചിയിൽ ഡച്ചുഗവൎണരായിരുന്ന ജൂലിയസ്സ് വാലൻ 'ടിൻസ്റ്റിൻ' ഗൊള്ളെനസ്സി, മുതലായി പലരും ഈ കുടുംബത്തേക്കുറിച്ചു വളരെ സ്തുതിച്ചു പ്രസ്താവിച്ചിട്ടുണ്ട്. മിസ്റ്റർ വറുഗീസു ഇങ്ങിനെ ഒരു അക്ഷന്തവ്യമായ അവാസ്തവപ്രസ്താവന പ്രസിദ്ധീകരിക്കുന്നതിനിടയായതു് ക്രിസ്തുവിന്റെ ദ്വാദശാപ്പോസ്തോലിക്കന്മാരിൽ ഒരാളായ സെൻറു് തോമ്മസ് ക്രിസ്തുവർഷം ൫൨-ാമാണ്ടിടയ്ക്കു് കേരളത്തിൽ വന്നിറങ്ങിയതുകൊണ്ടാണല്ലോ. (ചരിത്രകാരന്മാർ ഇതിനെ എതിർക്കുന്നു.) അദ്ദേഹം ഇൻഡ്യയിൽ വന്നിട്ടുണ്ടെങ്കിൽ ഒന്നാമതു പാദസ്പർശം ചെയ്തതു കൊടുങ്ങല്ലൂരോ അതിനടുത്ത പ്രദേശങ്ങളിലൊ ആണെന്നുള്ളതു പ്രസിദ്ധമാണ്. കൊടുങ്ങല്ലൂർക്കോട്ടയ്ക്കു സമീപം സ്ഥിതിചെയ്യുന്ന ഭാഗത്തിനാണു പഴഞ്ഞേരിനാടെന്നു പേർ. നിരാശ്രയനായി കൊടുങ്ങല്ലൂർ ഇറങ്ങിയ സെൻറുതോമ്മാസിനെ, ദയതോന്നി അന്നവസ്ത്രാദികൾ കൊടുത്തു സംരക്ഷിച്ചതു് പഴഞ്ഞേരികുടുംബത്തിലെ ഒരംഗമല്ല എന്നു എങ്ങിനെ വിശ്വസിക്കാം. അന്നു പഴഞ്ഞേരികുടുംബത്തിലേയൊ, മററേതോ നായർഗൃഹത്തിലേയൊ അംഗങ്ങൾ സെൻറുതോമ്മസി

ന്നു ചെയ്തുകൊടുത്ത സഹായത്തിന്റെ കലികാലോചിതമായ പ്രതിഫലമാണു വേമ്പനാട്ടുകായലിലെ രംഗംമൂലം ചിത്രമെഴുത്തു വറുഗീസ് ചിത്രീകരിച്ചിട്ടുള്ളതെന്നു വായനക്കാർ ഇതിനകം ധരിച്ചിരിക്കുമല്ലോ. ചേരമാൻപെരുമാൾ കൂടി പഴഞ്ചേരികുടുംബത്തിനു ധാരാളം സ്വത്തു കൊടുത്തിട്ടുള്ളതായി രേഖയുണ്ട്. ശാക്രെസ്വരൂപത്തിലെ രാജാക്കന്മാർ വിവാഹംകഴിച്ചിരുന്നതു സാധാരണയായി പഴഞ്ചേരികുടുംബത്തിൽ നിന്നാണ്. പഴഞ്ചേരി കുടുംബത്തിന്റെ ധനസമൃദ്ധിക്കു കാരണം അവിടത്തെ രാജാവു് സ്വസന്താനങ്ങൾക്കു ധാരാളം ഭൂസ്വത്തുക്കൾ നൾകിയതാകുന്നു. ഈസ്റ്റിൻഡ്യാക്കമ്പനി മലയാളക്കരയിൽ പ്രവേശിച്ചപ്പോൾ ആദ്യം അവരുമായി ഉടമ്പടിചെയ്തവരിൽ പഴഞ്ചേരി കുടുംബം മുന്നണിയിൽ നില്ക്കുന്നു! ചേററുവായിൽ കമ്പനിയ്ക്കു് ഒരു കോട്ടയുമുണ്ടായിരുന്നു. ഇങ്ങിനെ കുലീനതാപവും കുബേരതാപവും മൂർത്തികരിച്ച കുണ്ടുണ്ണിനായരുടെ പുത്രൻ ഉന്നതനിലയിൽ എത്തിയതു് ലേശവും അത്ഭുതകരമല്ലല്ലോ. ശങ്കുണ്ണിമേനവന്റെ അമ്മയുടെ പേർ ഇച്ചിയമ്മ എന്നായിരുന്നു. ശങ്കുണ്ണിമേനവന്നു് അഞ്ചു സഹോദരിമാരും മൂന്നു സഹോദരന്മാരുമാണു് ഉണ്ടായിരുന്നതു്.

നാട്ടാചാരമനുസരിച്ചുള്ള വിദ്യാഭ്യാസം ശങ്കുണ്ണിമേനവന്നു് യഥാകാലം സിദ്ധിച്ചു. അക്കാലത്തു് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങൾ പഴഞ്ചേരിയിലും സമീപസ്ഥലങ്ങളിലും ഉണ്ടായിരുന്നില്ല. ശങ്കുണ്ണിമേനവന്നു് ഇംഗ്ലീഷു പഠിക്കുന്നതിനു വളരെ ആഗ്രഹമുണ്ടായിരുന്നു. അതിനാൽ ഏകദേശം ൧൫ വയസ്സു പ്രായമുണ്ടായിരുന്ന ഈ ബാലൻ ൧൦൧൫ മകരമാസത്തിൽ കൊച്ചിയിലെത്തി. ഈ അവസരത്തിൽമേനവനെ സംബന്ധിച്ച ശ്രദ്ധേയമായ ഒരു സംഗതി പ്രസ്താവിക്കാനുണ്ട്. സുമാർ ഒരു ശതാബ്ദം മുമ്പുള്ള കഥയാണു് ഇവിടെ വിവരിക്കുന്നതു്. അന്നുത

ന്നെ ദിനസരിക്കുറിപ്പുകൾ (ഡയറി) എഴുതി സൂക്ഷിക്കുന്ന പതിവു് ശംകുണ്ണിമേനവന്ന് ഉണ്ടായിരുന്നു. "ദിനസരിക്കുറിപ്പ—വിദ്യാഭ്യാസംമുതൽ ഉപ്പുകുത്തക ഏററതുവരെ" എന്നെഴുതി ആരംഭിച്ചിട്ടുള്ള ഏതാനും കൊല്ലത്തെ വിവരങ്ങൾ വായിക്കുന്നവൎക്ക ശംകുണ്ണിമേനവനിൽ യഥാൎത്ഥമഹത്വത്തിൻെറ ലക്ഷണങ്ങൾ ചെറുപ്പത്തിൽതന്നെ പ്രശോഭിച്ചിരുന്നു എന്നു ബോധപ്പെടുന്നതാണു്.

ഏകദേശം ഒരുകൊല്ലം കൊച്ചിയിൽ താമസിച്ചു മേനവൻ പലരുടെ അടുക്കൽനിന്നുമായി കുറേ ഇംഗ്ലീഷു മനസ്സിലാക്കി. ഇന്നത്തെപ്പോലെ ശരിയായ ക്ലാസ്സോ, പഠിപ്പിക്കുന്നതിന്നു തക്ക സാമൎത്ഥ്യമുള്ള അദ്ധ്യാപകന്മാരോ അന്നുണ്ടായിരുന്നില്ല. അതിനാൽ ഇന്ന സ്ഥലത്താണു പഠിച്ചതെന്നോ, ഇന്നാരാണു പഠിപ്പിച്ചതെന്നോ ഒന്നും വിശേഷിച്ചു പറയാനില്ല ഒരു വൎഷത്തിനകം പഠിപ്പു മതിയാക്കി മേനവൻ പിതൃഗൃഹത്തിൽ പോയി താമസിച്ചു. അക്കാലത്തു് ഒരിക്കൽ കുണ്ടുണ്ണിനായർ ഒരു കാൎയ്യവശാൽ തലശ്ശേരിക്കു പോയപ്പോൾ ശംകുണ്ണിമേനവനേയും ഒന്നിച്ചു കൊണ്ടുപോയി. നായൎക്ക ആൻഡേർസൺ എന്നൊരു ധാരയെ അവിടെ കാണാനുണ്ടായിരുന്നു. കുണ്ടുണ്ണിനായരുടെ പുത്രൻ ഇംഗ്ലീഷു പഠിച്ചിട്ടുണ്ടെന്നു കേട്ടപ്പോൾ ധാരയ്ക്കു വളരെ സന്തോഷമായി. ശംകുണ്ണിമേനവനെ അവിടെ താമസിപ്പിക്കുന്നപക്ഷം താൻ കുറേക്കൂടി ഇംഗ്ലീഷു പഠിപ്പിക്കാമെന്നു് ആൻഡേർസൺ നായരോടു താല്പൎയ്യമായി പറഞ്ഞു ശംകുണ്ണിമേനവന്ന് ഇതു് മഹാഭാഗ്യമായി തോന്നി. എന്തിനധികം പറയുന്നു, കുണ്ടുണ്ണിനായർ പുത്രനെ തലശ്ശേരിയിൽ താമസിപ്പിച്ചിട്ടു തിരിച്ചുപോയി. കുറേമാസം അവിടെ താമസിച്ചു പഠിച്ചപ്പോൾ, മേനവൻെറ അമ്മ മരിച്ചതായി അറിയുകയും അദ്ദേഹം തൃപ്പറയാറേക്കു തിരിച്ചുപോകയുംചെയ്തു. ആയി

ടയ്ക്കുതന്നെ ആൻഡേർസൻധാര മംഗലാപുരത്തിനു പോയതിനാൽ തലശ്ശേരിയിലെ പഠിത്തം അങ്ങനെ അവസാനിച്ചു. ൧൦൦൫ ചിങ്ങമാസത്തിലാണ് മാതാവു മരിച്ചതു്. അന്നുമുതൽ ൧൦൦൯ മീനം വരെ വീട്ടിൽതാമസിച്ചു. അപ്പോൾ കോഴിക്കോട്ടു ജോൺമോർഗൻ എന്നൊരു ധാരരഒരു ഇംഗ്ലീഷു പള്ളിക്കൂടം ആരംഭിച്ചിട്ടുള്ളതായി അറിഞ്ഞു ശംകുണ്ണിമേനവൻ അവിടെ എത്തി പഠിത്തംതുടങ്ങി. മോർഗന്ന് ശംകുണ്ണിമേനവനെക്കുറിച്ചു വളരെ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. മേനവനെ പലപ്പോഴും അദ്ധ്യാപകൻ ബംഗ്ലാവിൽ വിളിച്ചുകൊണ്ടുപോയി സല്ക്കരിക്കുകയും നായാട്ടിനുകൂടെ കൊണ്ടുപോകുകയും ചെയ്തിരുന്നു. സ്നോ, ബാപ്റ്റിസ്റ്റ് നെൽസൺ എന്നിങ്ങനെ മൂ ധാരമാരുടെ ശിഷ്യത്വവും ഇതിന്നിടയിൽ ഈ വിദ്യാർത്ഥിക്കു സിദ്ധിച്ചു. മൂന്നുവർഷം കഴിഞ്ഞപ്പോൾ നെൽസൺ യൂറോപ്പിലേക്കു തിരിച്ചുപോയി.

മേനവനേക്കൂടി ഇംഗ്ലണ്ടിലേയ്ക്കു കൊണ്ടുപോയാൽ കൊള്ളാമെന്നുള്ള അത്യാഗ്രഹം നെൽസന്ന് ഉണ്ടായിരുന്നു. ശംകുണ്ണിമേനവന്ന് ആദ്യം വിദേശയാത്രയ്ക്കു വിരോധമുണ്ടായിരുന്നില്ല. എന്നാൽ ശീമയ്ക്കുപോകുന്നതു് അപകടമാണെന്നു പലരും പറഞ്ഞതിനാൽ ഒടുവിൽ മേനവൻ കുറെ കുഴങ്ങി അമ്മാൻ അനുവദിക്കാത്തതിനാൽ ഒന്നിച്ചു വരുന്നതിനു നിവൃത്തിയില്ലെന്നു് ഈ യുവാവു് ധാരയെ അറിയിച്ചു. മേനവനേക്കുറിച്ചു് നെൽസനു പുത്രനിർവിശേഷമായ വാത്സല്യമുണ്ടായിരുന്നു. അതിനാൽ കുറേക്കൂടി ഈ കുട്ടി പഠിക്കണമെന്നു് ധാര ആഗ്രഹിച്ചു. അതിനാൽ അദ്ദേഹം യാത്രയായപ്പോൾ ശംകുണ്ണി മേനവനെവിളിച്ചു്, "നീ തിരുവനന്തപുരത്തു പോയി റോബർട്ട്സിൻെറ വിദ്യാലയത്തിൽ ചേർന്നു പഠിക്കണം" എന്നു് ആജ്ഞാപിക്കുകയും അദ്ദേഹത്തിനും അന്നത്തെ റസിഡണ്ടു കന്നൽ ഫ്രേസറിനും ഓരോ ശുപാർശക്കത്തുകൊടുക്കുകയും ചെയ്തു.

കോഴിക്കോട്ടുനിന്നു തൃപ്പറയാററുവന്ന് ശംകുണ്ണിമേനവൻ കുറേമാസം അവിടെതാമസിച്ചു. കുടുംബസംബന്ധമായ ചില അനിഷ്ടസംഭവങ്ങൾമൂലം ഉടനെ തിരുവനന്തപുരത്തിനു പോകുന്നതിനുസാധിച്ചില്ല. അന്നത്തെ ദിനസരിക്കുറിപ്പിൽ ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു. "തുലാമാസവും വൃശ്ചികമാസവും വെറുതെ ഇരുന്നാറെ പുകയിലക്കച്ചവടം ചെയ്യണമെന്നുവച്ച് ജ്യേഷ്ഠനോട് ഉറുപ്പികചോദിച്ചാറെ ഇല്ലെന്നുപറഞ്ഞു. ചെറുപ്പംമുതല്ക്കെ ഇദ്ദേഹത്തിൽ അന്തർലീനമായിരുന്ന വ്യവസായൗത്സുക്യം ഈ വരികളിൽനിന്ന് വ്യക്തമാകുന്നുണ്ടല്ലോ.

വീട്ടിൽതാമസിച്ചാൽ ജീവിതവിജയം സിദ്ധിക്കുകയില്ലെന്നു ബോധപ്പെട്ടു മേനവൻ കൊച്ചിയിൽവന്ന് റസിഡണ്ടിനെക്കണ്ടു നെൽസൻ ധാരയുടെ ശുപാൎശക്കത്തു കൊടുത്തു. റസിഡണ്ടു, ശംകുണ്ണിമേനവൻെറ സാമൎത്ഥ്യവും വിവേകവുംകണ്ടു വളരെ സന്തോഷിച്ചതിനാൽ ഉടനെ വേണ്ട ശുപാൎശക്കത്തുകൾ കൊടുത്തു തിരുവനന്തപുരത്തേയ്ക്ക് അയച്ചു. അക്കാലത്ത് ഇംഗ്ലീഷുവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ അപൂൎവ്വമായിരുന്നതിനാൽ തിരുവിതാംകൂർ മഹാരാജാക്കന്മാർ സമൎത്ഥന്മാരായ വിദ്യാൎത്ഥികളെ തൃക്കൈചെലവിൽ താമസിപ്പിച്ചു പഠിപ്പിച്ചു വന്നിരുന്നു. റസിഡണ്ടിൽനിന്ന് അന്നത്തെ ഇളയതമ്പുരാനായ ഉത്രംതിരുനാൾ മാൎത്താണ്ഡവൎമ്മതിരുമനസ്സിലേയ്ക്ക് ഒരു ശുപാൎശക്കത്തോടുകൂടിയാണു ശംകുണ്ണിമേനവൻ വഞ്ചിരാജ്യരാജധാനിയിൽ വന്നുചേൎന്നത്. മേനവൻ തിരുവനന്തപുരത്തെത്തിയതു ൧൧൨-കുംഭമാസം ൫-ാംനു- ആണ്. ആ ദിവസംമുതൽ മരണപൎയ്യന്തം അദ്ദേഹം തിരുവിതാംകൂർ മഹാരാജാക്കന്മാരുടേയും രാജ്യവാസികളുടേയും അഭ്യുന്നതിലാക്കാക്കി വൎത്തിച്ചു എന്ന് അനന്തരസംഭവങ്ങൾകൊണ്ടു സ്പഷ്ടമാകുന്നതാണ്. ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു റോബ

ട്ട് ധരയെ കൊട്ടാരത്തിൽവരുത്തി ശംകുണ്ണിമേനവനെ അദ്ദേഹത്തെ ഏല്പിച്ചു. എന്നാൽ സ്വാതന്ത്ര്യാസക്തനായ മേനവൻ ഇദ്ദേഹത്തിന്റെ കീഴിൽ അധികകാലം അഭ്യസിച്ചില്ല. ഒരുദിവസം ക്ലാസ്സിൽവച്ച് Fat(ഫാററ്) എന്ന വാക്ക് ഉച്ചരിക്കുന്നതിന്ന റോബർട്ട്സ് ഈ ശിഷ്യനോടാജ്ഞാപിച്ചു. മേനവൻ ആ വാക്കുച്ചരിച്ചപ്പോൾ ഉച്ചാരണം ശരിയായില്ലെന്നു ഗുരുഭൂതൻ അഭിപ്രായപ്പെട്ടു. തന്റേടം നിറഞ്ഞ ആ ശിഷ്യനാകട്ടെ തന്റെ ഉച്ചാരണം ശരിയാണെന്നു വാദിച്ചു. തന്റെ മുൻ അദ്ധ്യാപകന്മാർ ഇങ്ങനെ ഉച്ചരിക്കണമെന്നാണ് ഉപദേശിച്ചിട്ടുള്ളതെന്നും അതുതെററാനിടയില്ലെന്നുമായിരുന്നു അദ്ധ്യേതാവിന്റെയുക്തി. ഇതു് വാദപ്രതിവാദത്തിൽ അവസാനിച്ചു. ധാരനിശ്ചയിച്ചശിക്ഷയ്ക്കു കീഴ്പ്പെടുന്നതിന്ന സമ്മതമില്ലായിരുന്നമേനവൻ ക്ലാസ്സിൽനിന്ന് ഇറങ്ങിപ്പോകാൻ നിർബന്ധിതനായിത്തീർന്നു എന്നുമാത്രം ചുരുക്കത്തിൽ പറയാം. വിദ്യാർത്ഥി ഇളയ തമ്പുരാനോടും റസിഡണ്ടിനോടും വിവരം പറയുകയും ഇരുവരും മേനവനോട്ട് സഹതാപം പ്രദശിപ്പിക്കുകയും ചെയ്തു. എങ്കിലും ഇദ്ദേഹത്തെ വീണ്ടും റോബർട്ട്സിന്റെ കീഴിൽ പഠിപ്പിക്കുന്നതിന് അവക്കു കഴിഞ്ഞില്ല. അങ്ങിനെ ശംകുണ്ണിമേനവന്റെ വിദ്യാഭ്യാസകാലം അവസാനിച്ചു.

സ്വന്തം നാട്ടിലേയ്ക്കു തിരിച്ചുപോകുന്നതിന്ന ശംകുണ്ണിമേനവൻ തയ്യാറായപ്പോൾ ഇളയതമ്പുരാൻ അതിന്നു കല്പിച്ചനുവദിച്ചില്ല. അതിനാൽ തിരുവനന്തപുരത്തുതന്നെ താമസിച്ചു. അക്കാലത്തു മേനവനു വേണ്ടിവന്ന സകല ചിലവും ആശ്രിതവത്സലനായ തിരുമേനിതന്നെയാണു വഹിച്ചതു് ശംകുണ്ണിമേനവന്റെ യോഗ്യത തിരുവിതാംകൂറുകാരിൽ ആദ്യംമുതല്ക്കേ ധരിച്ചതു തിരുമനസ്സുകൊണ്ടാണ്. ഈ യുവാവു് ഒരു ഉയന്ന നിലയിൽ വരുമെന്നു തിരു

മേനി പലപ്പോഴും കല്പിക്കാറുണ്ടായിരുന്നുവത്രെ! ശങ്കുണ്ണി മേനവൻ തിരുവനന്തപുരത്തു താമസിച്ചിരുന്നപ്പോൾ കൊട്ടാരത്തിൽനിന്നുതന്നെയാണു ഭക്ഷണം കഴിച്ചിരുന്നതും. അവിടെ സ്വന്തം ഗൃഹത്തിലെപ്പോലെ സ്വാതന്ത്ര്യമായും സന്തോഷമായും കഴിച്ചുകൂട്ടി.

# അഞ്ചാമദ്ധ്യായം.

---

## വ്യവസായോദ്യമം.

ശങ്കുണ്ണിമേനവന്റെ ചെറുപ്പകാലം മുതലേയുള്ള ആഗ്രഹം ഏതെങ്കിലും വ്യവസായത്തിൽ ഏൎപ്പെട്ടു് ധനവും മാനവും സമ്പാദിക്കണമെന്നായിരുന്നു. പത്മനാഭന്റെ പത്തുചക്രം മററുതരത്തിൽ പന്തിരായിരം പണം സമ്പാദിക്കുന്നതിനേക്കാൾ മാഹാത്മ്യമുള്ളതെന്നു വിചാരിച്ചിരുന്ന ആ കാലത്തു് വലിയതമ്പുരാന്റെയും ഇളയതമ്പുരാന്റെയും വാത്സല്യത്തിനും കരുണയ്ക്കും പ്രത്യേകം പാത്രീഭവിച്ചിരുന്ന ശങ്കുണ്ണിമേനവൻ വ്യവസായത്തിലേൎപ്പെടണമെന്നു വിചാരിച്ചു ചെയ്ത ശ്രമങ്ങൾ സകല നായന്മാരും പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണു്. ഉപ്പുകുത്തക പിടിക്കാനായിരുന്നു മേനവന്റെ ഒന്നാമത്തെ ശ്രമം. ഉപ്പു വ്യാപാരം അന്നു് ഇന്നത്തെ പോലെ അല്ലായിരുന്നു. മണ്ഡ്രോ സായ്പിന്റെ കാലംവരെ നെല്ലും മററും കൃഷി ചെയ്യുന്നതുപോലെ ഉപ്പും ജനങ്ങൾ ഇഷ്ടംപോലെ ഉണ്ടാക്കിവന്നു. ഒരോഹരി ഗവൎമ്മെൻറിനു കൊടുക്കണമെന്നു മാത്രമെ നിൎബ്ബന്ധമുണ്ടായിരുന്നുള്ളൂ. ഗവൎമ്മെൻറുവകയായും ദേവസ്വങ്ങൾ വകയായും ജനങ്ങളുടെ വകയായും അന്നു് ഉപ്പുണ്ടാക്കിയിരുന്നു. എന്നാൽ കൎണൽ-മണ്ഡ്രോ സായ്പ് ഉപ്പു് സൎക്കാർവക കുത്തകച്ചരക്കാക്കി. അതോടുകൂടി ഉപ്പുണ്ടാക്കാനുള്ള അധികാരം ഗവൎമ്മെണ്ടിനു മാത്രമായിത്തീൎന്നു. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഉപ്പളങ്ങൾ ഏൎപ്പെടുത്തുകയും അവയിൽനിന്നുകിട്ടിയഉപ്പു ഗവൎമ്മെൻറുദ്യോഗസ്ഥന്മാർ കൺട്രാക്ടറന്മാരെക്കൊണ്ടു് എല്ലാക്കരയിലും വില്പിക്കുകയും ആണു ചെയ്തിരുന്നതു്.

൧൦൩൭ തുലാമാസത്തിലാണ് ഉപ്പുകൺട്രാക്ടിനുള്ള ശ്രമം ആരംഭിച്ചതു്. ഈ സംഗതിയിൽ ഇദ്ദേഹത്തിന്ന് വളരെ നിരാശയും ബുദ്ധിമുട്ടും ഉണ്ടായി. ഈ വിവരം മേനവന്റെ ഡയറിയിൽനിന്നു നല്ലവണ്ണം മനസ്സിലാക്കാം. ആലങ്ങാട്ട്, പറവൂർ എന്നീ വടക്കൻതാലൂക്കുകളിലെ ഉപ്പുകൺട്രാക്ററു പിടിക്കുന്നതിനാണ് കഥാനായകൻ ശ്രമിച്ചതു്. എന്നാൽ തൽസംബന്ധമായ ജോലിയിൽ ഏർപ്പെട്ടിരുന്നവരുടെ കൃത്യബോധമില്ലായ്മകൊണ്ടു മേനവന് ഈ ശ്രമത്തിൽ നിരന്തരം നിരാശയുണ്ടായി. ചിലപ്പോൾ, തക്ക ജാമ്യം കൊടുത്തില്ലെങ്കിൽ ദർഘാസ്സ് തള്ളുമെന്ന് അവർ പറയും; ചിലപ്പോൾ യാതൊരു ജാമ്യവും കൂടാതെ ദർഘാസ്സ് കൈക്കൊള്ളാമെന്നു പറയും. മേനവന് ആലപ്പുഴെനിന്ന് ശരിയായ ഒരു കച്ചവടക്കാരനെ ജാമ്യം കൊടുക്കുന്നതിനു കിട്ടിയില്ല എന്നു വിചാരിക്കരുതു്. എത്ര യോഗ്യന്മാരായ കച്ചവടക്കാരെ ജാമ്യംകൊടുത്താലും ചില ഉദ്യോഗസ്ഥന്മാരുടെ കൌശലംമൂലം ഗവമ്മേൻറ് അവരുടെ ജാമ്യം അംഗീകരിക്കുന്നതിനു തയ്യാറായില്ല. ശങ്കുണ്ണിമേനവനെ അദ്ദേഹത്തിന്റെ സദുദ്യമത്തിൽ യഥാൎത്ഥമായി സഹായിച്ചവരിൽ രായസം പപ്പുപിള്ള എന്നയാളിന്റെപേർ പ്രസ്താവാൎഹമാണ്. ഇദ്ദേഹം മൂന്നുവൎഷം ഉപ്പുകുത്തകക്കാരനായി ഇരുന്നു എങ്കിലും പിന്നീട്ട് ജോലി ഉപേക്ഷിച്ചു. ഇതിന് ഇദ്ദേഹത്തെ പ്രധാനമായി പ്രേരിപ്പിച്ചതു് ഗവമ്മെൻറുദ്യോഗസ്ഥന്മാരുടെ അഴിമതിയും അസൂയാപരമായ നടപടികളുമാണ്. ഒരു കുത്തകക്കാരനായിരിക്കുന്നതിനേക്കാൾ ഉത്തമം ഗവമ്മെൻറു സൎവ്വീസിൽ പ്രവേശിച്ച് ഉദ്യോഗമണ്ഡലത്തിലെ അഴിമതി അകററുന്നതാണെന്നു നിശ്ചയിച്ച് സൎവ്വീസിൽപ്രവേശിച്ചു.

—o—

# ആറാമദ്ധ്യായം.

---

## ഉദ്യോഗജീവിതം.

ഉപ്പുകുത്തക മതിയാക്കി തിരുവനന്തപുരത്തെത്തിയ മേനവൻ താമസിയാതെ കൊട്ടാരത്തിലെ ഒരു താഴ്ന്നതരം ഉദ്യോഗസ്ഥനായിത്തീൎന്നു. ൧൦൧൯-ാം വൎഷം ആരംഭത്തിൽ ഇദ്ദേഹത്തിനു ഹജ്ജൂർകച്ചേരിയിൽ ഇംഗ്ലീഷുഗുമസ്താപ്പണി കിട്ടി. ഇതിനു ലഭിച്ച പ്രതിഫലം പത്തു ക. ആയിരുന്നു. അന്നത്തെ ദിവാൻ മിസ്റ്റർ വെങ്കിട്ടരാവു, മേനവന്റെ യോഗ്യത മനസ്സിലാക്കി അദ്ദേഹത്തെ താമസിയാതെ ഹജ്ജൂർ അസിസ്റ്റന്റു റിക്കാർഡുകീപ്പരായി കയററംചെയ്തു. അതോടുകൂടി ശമ്പളം ൧൫ ക. ആയി വൎദ്ധിച്ചു. ഉത്സാഹവും വിവേകവും നിറഞ്ഞ ഇദ്ദേഹത്തിനു രണ്ടു വൎഷത്തിനകം ശമ്പളം ൩൨ ക. കിട്ടി. ഈ ഘട്ടത്തിലാണു സ്വാതിതിരുനാൾ മഹാരാജാവു നാടുനീങ്ങുകയും ഉത്രം തിരുനാൾ മാൎത്താണ്ഡവൎമ്മമഹാരാജാവു രാജ്യഭാരം കൈയേല്ക്കുകയും ചെയ്തതു്. മേനവനെക്കുറിച്ചു യുവരാജാവായിരുന്നപ്പോൾതന്നെ ഉത്രംതിരുനാൾതിരുമേനിയ്ക്കു അനന്യസാധാരണമായ തൃപ്തിയും വാത്സല്യവും ഉണ്ടായിരുന്നു. മേനവൻ കൊട്ടാരത്തിൽപോയി തിരുമനസ്സിനെ എഴുത്തുകുത്തുകളിൽ സഹായിക്കുക ഒരു പതിവുമായിരുന്നു. അതിനാൽ ഉത്രംതിരുമനസ്സിലെ സിംഹാസനാരോഹണം മേനവന്റെ അഭ്യുദയത്തിന്റെയും ആരോഹണഘട്ടമായി പരിഗണിക്കാം.

൧൦൨൩-ൽ ശങ്കുണ്ണിമേനവനെ ഹജ്ജൂരാഫീസിൽ ഒരു മാനേജരുദ്യോഗം സൃഷ്ടിച്ചു് തൽസ്ഥാനത്തിൽ ൬൦ ക. ശമ്പളത്തിൽ നിയമിച്ചു. അക്കാലത്തു ജനങ്ങളുടെ അസംതൃപ്തിക്കു കാരണമായിത്തീൎന്ന ഒരേപ്പാട്ട് കുരുമുളകുകുത്തകയാ

യിരുന്നു. കുരുമുളകു കുത്തകകച്ചവടക്കായിരുന്നു. രാജ്യത്തുണ്ടാകുന്ന കുരുമുളകെല്ലാം ഗവമ്മെൻറു കുടികളിൽനിന്നു വാങ്ങി വിദേശികളായ കച്ചവടക്കാക്കു വിൽക്കുകയായിരുന്നു പതിവ്. സ്വാതിതിരുനാൾ തിരുമനസ്സിലെ ഭരണകാലത്തിൻെറ അവസാനഘട്ടത്തിൽ അദ്ദേഹം ഭരണകായ്യങ്ങളിൽ ഏപ്പെടാതെ ഈശ്വരധ്യാനത്തിലും മററും സമയം കഴിച്ചുവന്ന കഥ പ്രസിദ്ധമാണല്ലോ. തൽഫലമായി ഭരണം മുറയ്ക്കു നടക്കാതെ ആയി. അതിൻെറ ഒരു ദോഷഫലം കുടികളിൽനിന്നു കുരുമുളകു വാങ്ങിക്കാതെയിരുന്നതായിരുന്നു. മൂന്നു നാലു വഷം തുടർച്ചയായി കുരുമുളകു വാങ്ങാതെ ആയപ്പോൾ ജനങ്ങൾ വളരെ ബുദ്ധിമുട്ടി. അവക്കു നേരിട്ടു വിൽക്കുന്നതിനു അവകാശവുമില്ലല്ലോ. ജനങ്ങളുടെ ഈ സങ്കടത്തിനു പരിഹാരം കണ്ടുപിടിയ്ക്കുവാൻ നിയമിച്ച കമ്മററിയിൽ ശംകുണ്ണിമേനവനും ഒരു സാമാജികനായിരുന്നു. കമ്മററിയിലെ ആദ്യയാലോചന കുറെ അധികം രൂപാ വല്ലവരുടെ അടുക്കൽനിന്നും കടം വാങ്ങി കുടികൾക്കു കൊടുത്തു കുരുമുളകു മുഴുവൻ ഗവമ്മെൻറു വിലയ്ക്കെടുക്കണമെന്നായിരുന്നു. എന്നാൽ മേനവൻെറ അഭിപ്രായം, കുരുമുളകുതന്നെ ഗവമ്മെൻറു കടമായി വാങ്ങണമെന്നും അതു ക്ഷണത്തിൽ വിററു പണം കുടികളെ ഏല്പിക്കണമെന്നും ആയിരുന്നു. മഹാരാജാവിനും റസിഡണ്ടിനും ദിവാൻജിക്കും ഒരുപോലെ ഈ അഭിപ്രായം സ്വീകായ്യമായി തോന്നി. അതിനാൽ മേനവനെത്തന്നെ ഈ കൃത്യം നിവ്വഹിക്കുന്നതിനു പ്രത്യേകം നിയോഗിച്ചു. നാലുമാസംകൊണ്ടു മേനവൻ മിനച്ചിൽ മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ച് കുരുമുളകുശേഖരിച്ചു ആലപ്പുഴെ കൊണ്ടുചെന്നു വിററു പണം വാങ്ങി കൃഷിക്കാക്കു കൊടുത്തു. ഭരണീയരുടെ ഗുണത്തിനും ഹിതത്തിനും വേണ്ടി പ്രയത്നിക്കാൻ മേനവനുള്ള സാമത്ഥ്യവും സന്നദ്ധതയും ഒന്നാമതു പ്രത്യക്ഷപ്പെട്ടതു ഈ അവസരത്തിലാണ്.

കുരുമുളകുകുത്തക സംബന്ധിച്ചു ഏല്പിച്ച ജോലി ഉത്തമരീതിയിൽ നിവ്വഹിച്ച ഇദ്ദേഹത്തെ ഉടനെ മറെറാരു ജോലിയിൽ നിയമിച്ചു. ൧൮൫൧-ൽ ലണ്ടനിൽവച്ചു ഒരു വലിയ പ്രദശ്നം നടത്തി. ടി പ്രദശ്നത്തിനു തിരുവിതാംക്കൂറിൽനിന്നും വിശേഷസാമാനങ്ങൾ അയയ്ക്കണമെന്നു മദ്രാസ് ഗവമ്മെൻറു ആവശ്യപ്പെട്ടു. ഇതിലേക്കു ഏതാനും ഉദ്യോഗസ്ഥന്മാരെ ഒരു കമ്മററിയായി നിയമിച്ചതിൻെറ കാൎയ്യദശിസ്ഥാനം മേനവനിലാണു ലയിച്ചതു്. ൧൮൫൧-ലെ പ്രദശ്നത്തിനു തിരുവിതാംക്കൂറിൽ നിന്നയച്ച ദന്തകസേരമൂലം ഈ രാജ്യത്തിൻെറ പേർ ലോകപ്രസിദ്ധമായിത്തീൎന്നു എന്നു മാത്രം ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു പിൽക്കാലത്തു മദ്രാസ് ഗവൎണ്ണർ ഹാരീസ്സ്പ്രഭു മദ്രാസിൽ നടത്തിയ പ്രദർശനത്തിനു തിരുവിതാംക്കൂറിൽനിന്നു അയച്ചുകൊടുത്ത പല സാധനങ്ങളുടെയും ചുമതല വഹിച്ചതും ഇദ്ദേഹംതന്നെ ആയിരുന്നു.

ഇങ്ങനെ രണ്ടു പ്രത്യേക ജോലികൾ നിവ്വഹിച്ച മഹാരാജാവിൻെറയും ദിവാൻജിയുടെയും പ്രീതി സമ്പാദിച്ച മേനവനെ ൧൦൨൭-ൽ ൩൦-രൂപാ ശമ്പളമുള്ള പോലീസ് ഡിപ്ടിശിരസ്തദാർ ഉദ്യോഗത്തിൽ നിയമിച്ചു. എന്നാൽ ഈ ജോലിയിൽ അധികകാലം ഇരിക്കുന്നതിനു മുമ്പുതന്നെ തിരുവിതാംക്കൂറിലെ പല ആളുകൾക്കും പല കുടുംബങ്ങൾക്കും കൊടുത്തുവരുന്ന അടുത്തൂണിനെക്കുറിച്ചു അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ നിയമിച്ച കമ്മററിയിലെ ഒരംഗമായി ഇദ്ദേഹത്തെയും ഉൾപ്പെടുത്തി. ഈ പുതിയ ജോലിയിൽ വ്യാപൃതനായിരിക്കുമ്പോൾതന്നെ മേനവനെ ൧൦൫-ക. ശമ്പളത്തിൽ പോലീസ് ഒന്നാം ശിരസ്തദാരായി നിയമിച്ചു. ആയിടയ്ക്കു ആലപ്പുഴ തിരുമലദേവസ്വംവക ക്ഷേത്രത്തിലെ ദേവനെ ആരോ മോഷ്ടിച്ചു കൊണ്ടുപോയി. ഈ സംഭവം ആലപ്പുഴപ്പട്ടണവാസികളെ ആകെ പരിഭ്രാന്തചിത്ത

രാക്കിത്തീർത്തു. ആലപ്പുഴയുടെ ഐശ്വയ്യസമൃദ്ധി ഈ ദേവൻെറ സാന്നിദ്ധ്യത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു എന്നു വിശ്വാസമുള്ളവർ അന്നു അസംഖ്യമുണ്ടായിരുന്നു. അതിനാൽ ദേവനെ കണ്ടുപിടിക്കുന്നതിനു ശംകുണ്ണിമേനവനെ പ്രത്യേകം ചുമതലപ്പെടുത്തി അയച്ചു. ഈ ആവശ്യാത്ഥം ചേർത്തല മുതലായ വടക്കൻ താലൂക്കുകളിൽ താമസിക്കുന്നതിനിടയിൽ തിരുവിതാംകൂറിൻെറ യഥാത്ഥനില മനസ്സിലാക്കുന്നതിനും ആളുകളുമായി ഇടപെടുന്നതിനും ഇദ്ദേഹത്തിനു സാധിച്ചു.

തിരുമലദേവനെ തിരിച്ചു കിട്ടിയയുടനെ മേനവൻ തിരുവനന്തപുരത്തേക്കു പോയി എങ്കിലും മദ്രാസിലെ അന്നത്തെ കമാൻഡിംഗ് ആഫീസരായ ജനറൽ ആൻസൺ എന്ന ധാര തിരുവിതാംകൂർ സന്ദർശനാർത്ഥം ഇവിടെ വന്നുചേന്നതിനാൽ അദ്ദേഹത്തിൻെറ യാത്ര സംബന്ധിച്ച ചുമതലകൾ ശംകുണ്ണിമേനവനിൽ തന്നെ ലയിച്ചു. എറണാകുളത്തുനിന്നു ധാരയെ തിരുവിതാംകൂർ പ്രതിനിധിയായ് സ്വീകരിച്ചു കൊല്ലത്തേയ്ക്കു കൊണ്ടുപോയതു നമ്മുടെ കഥാനായകനാണ്. ഇങ്ങിനെ ഭരമേല്പിക്കുന്ന ഏതുജോലിയും സാമത്ഥ്യത്തോടുകൂടി നിവ്വഹിക്കുന്നവനെ ഖ്യാതി സമ്പാദിക്കുവാൻ സാധിക്കുകയുള്ളൂ. ദിവാൻ കൃഷ്ണരായർ, മേനവൻെറ യോഗ്യത നല്ലവണ്ണം മനസ്സിലാക്കി എന്നുമാത്രമല്ല, പലപ്പോഴും പ്രശംസാപത്രങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

---

## ഏഴാമദ്ധ്യായം.

### പേഷ്കാരുദ്യോഗലാഭം.

തിരുവിതാംകൂർ രാജ്യചരിത്രം അവധാനപൂർവ്വം അവലോകനം ചെയ്യുന്നവർക്ക് കഴിഞ്ഞ ഒരു ശതാബ്ദത്തിനുള്ളിൽ ചില വിഷബീജങ്ങൾ ഇവിടെ കടന്നുകൂടിയിട്ടുണ്ടെന്നു കാണാം. ക്രിസ്ത്യാനികൾ ഈ നാട്ടിൽ ഒന്നാമതു വന്നുചേർന്നതും ഇവിടെ മതപരിവർത്തനംമൂലവും മററും അവരുടെ സംഖ്യക്കു പറയത്തക്ക പ്രാബല്യമുണ്ടായതും ഏതാനും ശതാബ്ദങ്ങൾക്കു മുമ്പാണ്. അന്ന് ക്രിസ്ത്യാനികൾക്ക് ഹിന്ദുക്കളിൽ നിന്നു സഹായമല്ലാതെ ഉപദ്രവം ഉണ്ടായിട്ടുമില്ല. ഇങ്ങിനെ ക്രിസ്ത്യാനികളേയും അവരുടെ മതപ്രചരണശ്രമത്തേയും ഹിന്ദുക്കൾ സഹായിച്ചതു് അവരുടെ സഹജമായ ധർമ്മബുദ്ധികൊണ്ടല്ലാതെ ബാഹ്യമായ യാതൊരു പ്രേരണാശക്തികൊണ്ടും ആയിരുന്നില്ല. "ഞാനും എൻെറ പത്നിയും ഉൾപ്പെട്ട മത"ത്തിൽ ചേർന്നവർക്കു പ്രത്യേകാനുകൂല്യം നൽകണമെന്ന് അധികാരപൂർവ്വം ഉപദേശിക്കുന്നതിന് അന്ന് ആരുമില്ലായിരുന്നു. ഹിന്ദുക്കളുടെ ഔദാര്യംകൊണ്ടും മഹാമനസ്കതയാലും വർദ്ധിച്ചുവന്ന ക്രിസ്ത്യാനികളും ഇദ്ദേശവാസികളും തമ്മിൽ കഴിഞ്ഞ ഒരു ശതാബ്ദത്തിനു മുമ്പുവരെ മൈത്രീബന്ധത്തോടുകൂടി വർത്തിക്കുകയും ചെയ്തു. കേരളീയരുടെ ഈ ഏകയോഗക്ഷേമത്തിനു ഹാനി സംഭവിച്ചതു മിഷ്യനറിമാരുടെ ആഗമനത്തോടുകൂടിയാണ്.

ശങ്കുണ്ണിമേനവൻ ഉദ്യോഗത്തിൽ പ്രവേശിച്ച അക്കാലത്തു് മിഷനറിമാർ തിരുവിതാംകൂറിൽ വന്ന് അധഃകൃതവർഗ്ഗത്തിൽപ്പെട്ടയാളുകളെ ധാരാളമായി ക്രിസ്തുമത

ത്തിൽ ചേൎത്തുവന്നിരുന്നു. ഇവൎക്ക് ഉടനേതന്നെ പുരാതന ക്രിസ്ത്യാനികൾക്ക് അനുവദിച്ചുവന്നിരുന്ന സകല അവകാശങ്ങളും ആനുകൂല്യങ്ങളും സവൎണ്ണഹിന്ദുക്കൾ നൽകണമെന്നു് മിഷനറിമാർ ശഠിച്ചുതുടങ്ങി. ഉയൎന്നജാതിഹിന്ദുക്കൾ ഇതിന്നനുവദിച്ചില്ല. ഇങ്ങനെ മിഷനറിമാരും ജനങ്ങളും തമ്മിൽ അസുഖത്തിലായി. മിഷനറിമാരുടെ ന്യായമായ എല്ലാ അപേക്ഷകളും ഗവൎമ്മെൻറു് അനുവദിച്ചുകൊടുത്തു എങ്കിലും നമ്മുടെ സായ്പന്മാർ അതുകൊണ്ടൊന്നും തൃപ്തിപ്പെട്ടില്ല. അവർ തിരുവിതാംകൂർ മഹാരാജവംശത്തെക്കുറിച്ചു മദ്രാസു് ഗവൎണ്ണരുടേയും മററും അടുക്കൽ ദോഷാരോപണങ്ങൾ ചെയ്തുതുടങ്ങി. ഇതിനുംപുറമെ മിഷനറിമാർ തിരുവിതാംകൂർ ഗവൎമ്മെൻറിനെ അധിക്ഷേപിച്ചു പത്രങ്ങളിൽ ധാരാളമായി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അവർ മദ്രാസു് ഗവൎമ്മെൻറിനും ഈസ്റ്റ്ഇൻഡ്യാക്കമ്പെനിയുടെ പ്രവൎത്തകന്മാൎക്കും തിരുവിതാംകൂർ ഭരണത്തെ അധിക്ഷേപിച്ചു് ഹർജികളും സമൎപ്പിച്ചു. മിഷനറിമാരുടെ ഈ താളത്തിനു തുള്ളുവാൻ മദ്രാസു് ഗവൎണ്ണരും കമ്പനി ഡയറക്ടറന്മാരും മററും തയാറായി എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. ഇവിടെ അന്നുറസിഡണ്ടായിരുന്ന കല്ലൻ ധൊര, മഹാരാജാവു് നീതിയായിട്ടാണു പ്രജകളെ പാലിക്കുന്നതെന്നും മിഷനറിമാരുടെ വാദം ന്യായവിരുദ്ധമാണെന്നും മദ്രാസ് ഗവൎമ്മെൻറിനും മററും എഴുതി എങ്കിലും, ഗവർണ്ണരും വൈസ്രോയിയും മററും മിഷനറിമാരുടെ വാക്കു വിശ്വസിക്കുകയാണുണ്ടായതു്. ഗവൎണ്ണർജനറലായിരുന്ന ഡൽഹൗസിപ്രഭു, മിഷനറിമാരുടെ ഇഷ്ടാനുസരണം ഭരണം നടത്തിയില്ലെങ്കിൽ തിരുവിതാംകൂർ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെ ഭരണത്തിലാക്കുമെന്നുകൂടി മഹാരാജാവിനെ അറിയിച്ചു. ഇങ്ങനെയുള്ള തെററിദ്ധാരണകൾക്കെല്ലാം കാരണം മിഷനറിമാരുടെ അസത്യവാദനിഷ്ഠയും സ്വാൎത്ഥപ്രതിപത്തിയും മാത്രമായിരുന്നു.

ഇങ്ങിനെ തിരുവിതാംകൂർരാജ്യം മിഷ്യനറിമാരുടെ നാടാക്കാനുള്ള ശ്രമം ആരംഭിച്ച കാലത്താണ് ൧൦൩൨-ൽ കൃഷ്ണരായർദിവാൻജി മരിച്ചതു്. അദ്ദേഹത്തിനു പകരം പത്മനാഭപുരം പേഷ്കാരായിരുന്ന ററി. മാധവരായരെ ദിവാൻജിയായി നിയമിച്ചു. ഇങ്ങിനെ ഒഴിവുവന്ന പത്മനാഭപുരം പേഷ്കാരായി ആരെ നിയമിക്കണമെന്നു വളരെ ആലോചിക്കേണ്ടയാവശ്യമുണ്ടായില്ല. സർവ്വീസുകൊണ്ടും സാമർത്ഥ്യംകൊണ്ടും തെക്കൻഡിവിഷന്റെ ഭരണം നിർവ്വഹിക്കാനുള്ള തന്റേടം തികച്ചും ഉണ്ടായിരുന്നതു ശങ്കുണ്ണിമേനവനായിരുന്നു. അദ്ദേഹത്തെ ൨൦൦-ക. ശമ്പളത്തിൽ ഉടനെ നിയമിച്ചു. ഇദ്ദേഹം തൽസ്ഥാനം ഏററവും സാമർത്ഥ്യത്തോടെ വഹിക്കുകയും ചെയ്തു. ജനങ്ങളുടെ സ്ഥിതികൾ അറിയുന്നതിന് മേനവൻ ഡിവിഷന്റെ മിക്കഭാഗങ്ങളിലും സഞ്ചരിച്ചുവന്നു. കരക്കുടിശിക ഇല്ലാതാക്കുന്നതിന് ഇദ്ദേഹത്തിനു പ്രത്യേകസാമർത്ഥ്യമുണ്ടായിരുന്നു. ഇങ്ങിനെ ജനങ്ങൾക്കും ഗവർമ്മെന്റിനും ഹിതകരമായവിധം തെക്കൻ ഡിവിഷന്റെ ഭരണം നിർവ്വഹിച്ചുവരുമ്പോൾ, മദ്രാസ്സ് ഗവർണർ ഹാരിസ്സുപ്രഭു തിരുവിതാംകൂർ സന്ദർശിച്ചു. ഇദ്ദേഹത്തിന്റെ യാത്രയുടെ ചുമതല വഹിച്ചതു ശംകുണ്ണിമേനവനായിരുന്നു. കൊച്ചിയിൽ ചെന്നു ഗവർണരെ തിരുവിതാംകൂർഗവർമ്മെന്റിന്റെ പ്രതിനിധിയായി സ്വീകരിച്ച് തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോയതു് ഇദ്ദേഹമാണ്.

മിഷനറിമാരുടെ സഹായത്തോടുകൂടി പുതുക്രിസ്ത്യാനികൾ ഉയർന്നജാതി ഹിന്ദുക്കളുമായി വഴക്കിനൊരുങ്ങുന്ന വിവരം ഇതിനുമുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ശങ്കുണ്ണിമേനവൻ തെക്കൻ ഡിവിഷനിലെ പേഷ്കാരായി ചെന്നകാലത്തു് അവിടെയും ഈ ഉപദ്രവം നല്ലതുപോലെ ഉണ്ടായിരുന്നു. ക്രിസ്തുമതമവലംബിച്ച ചാന്നാന്മാരാണ് അവിടെ ലഹളയ്ക്കൊരുങ്ങിയതു്. എന്നാൽ ചാന്നാന്മാ

രെ നിലയ്ക്കുനിറുത്തുന്നതിനുള്ള തന്റേടം പേഷ്കാർക്കുണ്ടായിരുന്നതിനാൽ അവരുടെ തോന്ന്യാസമെല്ലാം അപ്രായോഗികമായി തീൎന്നതേയുള്ളു. മേനവൻ ഗവർണരെ സ്വീകരിക്കുന്നതിനു പ്രത്യേകജോലിയിൽ പോയ തക്കം നോക്കി ചാന്നാന്മാർ ഹിന്ദുക്കളുമായി ലഹളയ്ക്കൊരുങ്ങി. ക്രിസ്തുമതത്തിൽചേൎന്ന ചാന്നാന്മാരുടെ സ്ത്രീകൾ ഉയൎന്നജാതി ഹിന്ദുക്കളേപ്പോലെ വസ്ത്രധാരണം ചെയ്തതായിരുന്നു ലഹളയുടെ ആരംഭം. മിഷനറിമാരുടെ സഹായമുണ്ടല്ലോ എന്നുകരുതി ചാന്നാന്മാർ പല അക്രമങ്ങളും കാണിച്ചു. ഹിന്ദുക്കൾ ഇതെല്ലാം സഹിക്കത്തക്കവണ്ണം പൗരുഷമില്ലാത്തവരായിരുന്നില്ല. പല പള്ളികളും മിഷ്യൻപള്ളിക്കൂടങ്ങളും അഗ്നിക്കിരയായി. ലഹളകൾ ദക്ഷിണതിരുവിതാംകൂറിൽ സൎവത്ര വ്യാപിച്ചു. ഇങ്ങനെ ഒരാഴ്ചയോളം അവിടെ നടന്ന അക്രമങ്ങൾക്കെല്ലാം കാരണം മിഷനറിമാരായിരുന്നു. ശംകുണ്ണിമേനവന്റെ നയംകൊണ്ടാണു് ഈ ലഹള ഇത്രയും ഒതുങ്ങിത്തീൎന്നതു്. ഇദ്ദേഹം ആ പ്രത്യേകജോലിയിൽ പോയില്ലായിരുന്നു എങ്കിൽ ഇങ്ങനെ ഒരു ലഹളതന്നെ ഉണ്ടാകുമായിരുന്നില്ല. ഈ ലഹളയുടെ ഫലമായി, ചാന്നാർസ്ത്രീകൾ ഇഷ്ടംപോലെ വസ്ത്രധാരണം ചെയ്യുന്നതിനു അനുമതി നൽകുകയും ചെയ്തു.

വിദ്യാഭ്യാസത്തിനു പള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തുന്നതിലാണു് അദ്ദേഹത്തിന്റെ ശ്രദ്ധ പ്രധാനമായി പതിഞ്ഞതു്. കച്ചേരിയോടുചേൎത്തു് ഓരോ പള്ളിക്കൂടം കൂടി സ്ഥാപിക്കുന്നതിനു ഇദ്ദേഹം ഏൎപ്പാടുചെയ്തു. ഇങ്ങനെ ദക്ഷിണതിരുവിതാംകൂറിൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമിട്ടതു് വാസ്തവത്തിൽ ഇദ്ദേഹമാണു്. ശംകുണ്ണിമേനവന്റെ ഈ ശ്രമം ഫലപ്രദമായി എന്നു കണ്ടതുകൊണ്ടാണു് മാധവരായർ മലയാളവിദ്യാഭ്യാസ പ്രചരണത്തിനു ഒരു പ്രത്യേക വകുപ്പു സൃഷ്ടിച്ചതു്.

ഇങ്ങനെ തെക്കെ ഡിവിഷനിൽ പരിഷ്കാരങ്ങളും ഏൎപ്പെടുത്തിക്കൊണ്ടിരിക്കവെ, ൧൦൩൮-ൽ കൊല്ലം ഡിവിഷൻ എന്നപേരിൽ ഒരു പുതിയ ഡിവിഷൻ സ്ഥാപിച്ചു. ശംകുണ്ണിമേനവനെ അവിടെ പേഷ്കാരായിനിയമിച്ചു. ഇതിൻെറ പ്രധാന കാരണം മേനവനു ദക്ഷിണതിരുവിതാംകൂറിലെ താമസം ദേഹാസ്വാസ്ഥ്യത്തിനു കാരണമായിത്തീൎന്നതായിരുന്നു. മേനവൻെറ വേർപാടു ദക്ഷിണതിരുവിതാംകൂർകാൎക്കും മൎമ്മഭേദകമായിരുന്നു. അവർ ഒരു മംഗളപത്രം ഇദ്ദേഹത്തിനു സമൎപ്പിച്ചു.

മേനവൻ കൊല്ലം ഡിവിഷനിലും തെക്കൻഡിവിഷനിലെപ്പോലെ പല പരിഷ്കാരങ്ങളും ഏൎപ്പെടുത്തി. കൊല്ലത്തും അതിനടുത്ത പ്രദേശങ്ങളിലും അന്ന് അക്രമികളുടെ ഉപദ്രവം അതികഠിനമായിരുന്നു. കായംകുളംകായൽ അക്രമികളുടെ കേളീരംഗമായിരുന്നു എന്നുതന്നെ പറയാം. ഈ അക്രമികളെ അമൎച്ചവരുത്താതെ ജനങ്ങൾക്കു ക്ഷേമം ഉണ്ടാകയില്ലെന്നു ബോധപ്പെട്ട പേഷ്കാർ ഒന്നാമതു അതിനാണു ശ്രമിച്ചതു്. വലിയമെത്രാപ്പോലീത്തായായ (?) വരുഗീസ്സിൻെറ മാർ മാത്യൂസു അത്താനാസ്യോസിനെക്കാൾ മികച്ച പല അക്രമികളുടേയും മുഷ്ക്ക് ശംകുണ്ണിമേനവൻ അരനിമിഷനേരംകൊണ്ടു അമൎത്തിയിട്ടുണ്ട്. കായംകുളംകൊച്ചുപിള്ളപ്രവൎത്തിയാർ എന്ന അക്രമിയേയും അവൻെറ കീഴിലുണ്ടായിരുന്ന ൨൫ പേരേയും മററും അമൎച്ചവരുത്തുന്നതിൽ മേനവൻ പ്രദൎശിപ്പിച്ച ധൈൎയ്യവും സാമൎത്ഥ്യവും ഇന്നുംമദ്ധ്യതിരുവിതാംകൂറിൽ പാടവരുന്നുണ്ട്. പേഷ്കാർ അക്രമികളെ അമൎച്ചവരുത്തുന്നതിൽ പ്രദൎശിപ്പിച്ച സാമൎത്ഥ്യത്തെ അഭിനന്ദിച്ചു മഹാരാജാവു അദ്ദേഹത്തിനു ൫൦൦ ക സമ്മാനിച്ചു. കായംകുളംകായലിൽകൂടി ആളുകൾക്കു യഥേഷ്ടം സഞ്ചരിക്കുന്നതിനു സാധിച്ചതു് മേനവൻെറ സാമൎത്ഥ്യം ഒന്നുകൊണ്ടുമാത്രമായിരുന്നു. വ്യാജഉപ്പുകയില വ്യാപാരവും അദ്ദേഹം നിൎത്തി-

മഹാരാജാവു പേഷ്കാരെ അഭിനന്ദിച്ചു പലപ്പോഴും എഴുത്തുകൾ അയച്ചുകൊണ്ടിരുന്നു.

മേനവൻ കൊല്ലം പേഷ്കാരായിരിക്കുമ്പോൾ ഉത്രം തിരുനാൾ മാൎത്താണ്ഡവൎമ്മമഹാരാജാവു ൧൦൬൭ ചിങ്ങത്തിൽ നാടുനീങ്ങി. ശംകുണ്ണിമേനവന്റെ സകല അഭ്യുദയങ്ങൾക്കും ഏക ആധാരമായിരുന്ന തിരുമനസ്സിലെ നിൎയ്യാണം പേഷ്ക്കാരെ എത്രമാത്രം വ്യസനിപ്പിച്ചു എന്നു് ഊഹിക്കുകയാണുത്തമം.

ആയില്യംതിരുനാൾ തിരുമനസ്സിലെ കിരീടധാരണക്രിയക്കടുത്തുതന്നെ ചേൎത്തല ഡിവിഷൻ പേഷ്ക്കാരായിരുന്ന ആതിച്ചൻരാമൻ അടുത്തൂൺപററിപ്പിരിഞ്ഞു. തൽസ്ഥാനത്തിൽ നിയമിച്ചതു ശംകുണ്ണിമേനവനെ ആണു്. ഇതോടുകൂടി ശമ്പളം പ്രതിമാസം ൨൪൦ ക. ആയി വൎദ്ധിച്ചു.

Sen Gupta Memorial Reading Room & Library PUTHIYARA

# എട്ടാമദ്ധ്യായം.

Sen Gupta Memorial Reading Room & Library PUTHIYARA.

## ചേർത്തലത്താലൂക്കിലെ

## ഉദ്യോഗജീവിതം.

ചേർത്തല ഡിവിഷനിൽ ഉദ്യോഗാർത്ഥം എത്തിയപ്പോൾമുതൽ ക്രിസ്ത്യാനികൾ മൂലമുള്ള ഉപദ്രവം അദ്ദേഹത്തിനുണ്ടായി. അന്നു ക്രിസ്ത്യാനികൾ പല കക്ഷികളായി പിരിഞ്ഞു ലഹളകൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. ശങ്കുണ്ണി മേനോൻ ഇവരെ പറഞ്ഞു രാജിയാക്കുന്നതിനു പല ശ്രമങ്ങളും ചെയ്തു. ക്രിസ്ത്യാനികൾ വഴക്കടിച്ചു നശിക്കണമെന്നുള്ള ദുഷ്ടവിചാരം മേനോവന്‌ അശേഷമുണ്ടായിരുന്നില്ല. ഇദ്ദേഹം അന്ന്‌ അയച്ച, താഴെചേർക്കുന്ന സർക്കുലർ ഇതിനു ഉത്തമോദാഹരണമാണ്‌.: —

നമ്പ്ര നമ്പര്                                        പോലീസ്‌.

“വൈക്കംമുതൽ ൧൧-തഹശീൽദാരന്മാർക്കും ചേർത്തല സംപ്രതിക്കാരനും ഗുമസ്തനും.

“മലയാളത്തിൽപാർക്കുന്ന റോമൻകത്തോലിക്കുകാരായ സുറിയാനികളുടെ മെത്രാനായിട്ട്‌ ഇപ്പോൾ വന്നിരിക്കുന്ന മാർത്തോമാസ്‌ എന്ന ആളും, വരാപ്പുഴപാർക്കുന്ന മെത്രാനും രണ്ടുകക്ഷികളായിട്ടുതീർന്ന്‌ ഹർജികൾബോധിപ്പിച്ചുവരുന്നതിനെപ്പറ്റി ഇതിനുമുമ്പിൽ ഹജ്ജൂരിൽ നിന്നും ഉത്തരവുകൊടുത്തയച്ചിട്ടുണ്ടല്ലോ. ആ ഉത്തരവിലെ താല്പര്യപ്രകാരം അല്ലാതെ സ്ഥലത്തുള്ള പാർവത്യകാരന്മാർ മുതലായ ചില്ലറജീവനക്കാർ ഓരോകക്ഷിക്കാ

ന്യ

ക്ക ചിലസഹായങ്ങൾ ചെയ്തുവരുന്നതായി കേട്ടിരിക്കുന്ന പ്രകാരവും ഉത്തരവിനു വിപരിതമായി പ്രവൎത്തിക്കുന്നവരെ നമ്പരിൽചേൎത്തു വിസ്തരിച്ചു തക്ക കുററം നിശ്ചയിക്കേണ്ടുന്ന സംഗതിയെക്കുറിച്ചു രായസംവക ൨൩൧൧-ാമതു നമ്പരിൽ ആവണിമാസം ൩൧-ാംനു- എഴുതിയ സാധനം വന്നിരിക്കുന്നു. മതസംബന്ധമായ കാൎയ്യത്തിൽ ആ ഉത്തരവിലെ താല്പൎയ്യംപോലെ ജനങ്ങൾ അവനവന്റെ മനസ്സുപ്രകാരം നടപ്പാനുള്ളതല്ലാതെ ഇന്ന ആളിന്റെ കീഴ്വഴങ്ങി നടന്നുകൊള്ളണമെന്നു നിർബന്ധം ചെയ്യിപ്പാൻ പാടില്ലാഴികയാൽ വരാപ്പുഴമെത്രാനു കീഴ്വഴങ്ങിനടപ്പാൻ മനസ്സുള്ള ആളുകൾ അങ്ങിനേയും, ഇപ്പോൾ വന്നിരിക്കുന്ന മാർതോമ്മാസ്സ്മെത്രാനെ ആദരിച്ചു നടക്കേണമെന്നു ഇഷ്ടമുള്ളവർ അപ്രകാരവും നടത്താവുന്നതും ഈ രണ്ടുവകയ്ക്കും സൎക്കാർ ആളുകൾ പ്രവേശിച്ചു യാതൊരുസഹായവും വിരോധവും ചെയ്യാവുന്നതല്ലാത്തതും കൊണ്ടു, അങ്ങനേ ശരിയായ് ശട്ടംകെട്ടിനടക്കയും നടത്തിക്കയും ചെയ്യുന്നതും അല്ലാതെ ഈവക തൎക്കം ഹേതുവാൽ ജനങ്ങളുടെ സൌഖ്യത്തിനും സമാധാനത്തിനും വിരോധത്തിനും ഇടവരുത്തുന്ന ആളുകളുടെ പേരിൽ ഉള്ള കാൎയ്യം പോലിസുനമ്പരിൽചേൎത്തു വിസ്തരിച്ചു ഉത്തരവിലെ നിബന്ധനപോലെയും റഗുലേഷൻപ്രകാരവും തീർച്ചയാക്കിക്കൊള്ളുകയുംവേണം. ഈ ഉത്തരവിലേയും ഇതു സംബന്ധമായി വന്നിട്ടുള്ള ഉത്തരവുകളിലെയും താല്പൎയ്യം, ആ മണ്ടപത്തുംവാതുക്കൽചേൎന്ന സുറിയാനി, റോമൻകത്തോലിക്കപള്ളിക്കാറരെയും കൂടി തെൎയ്യപ്പെടുത്തിക്കൊള്ളുവാനുള്ളതാകുന്നു.

൧൦൨൨-ാമാണ്ടു പുരട്ടാശിമാസം ൫-ാംനു-

ഇച്ചെയ്തിക്കു എഴുതിയ

ടിപ്‌ടിപേഷ്കാർ രാമൻ ശങ്കരൻ (ഒപ്പ്)

ഇങ്ങിനെ നിതിയായി വൎത്തിച്ച ഒരു പുരുഷരത്നത്തിന്റെ യശസ്സിനു കളങ്കം നേരിടത്തക്കവണ്ണം പൊളി എഴുതിപ്പിടിപ്പിച്ച വറുഗീസിന്റെ ദുഷിച്ച മനഃസ്ഥിതിയെക്കുറിച്ചു എന്തു പറയട്ടെ!

പത്മനാഭപുരം ഡിവിഷനിലും, കൊല്ലം ഡിവിഷനിലും പേഷ്കാരായി ഇരുന്നു് അക്രമികളെ അമൎച്ചചെയ്തു ജനങ്ങൾക്കു സമാധാനം നൽകിയ ശംകുണ്ണിമേനവൻ ചേൎത്തലെ വന്നുചേൎന്നയുടനെ ശ്രമിച്ചതും നാട്ടുകാൎക്കു മോഷ്ടാക്കളിൽനിന്നും കൊലപാതകികളിൽനിന്നുമുള്ള ഉപദ്രവം ഇല്ലാതാക്കുന്നതിനായിരുന്നു. അക്കാലത്തു വേമ്പനാട്ടുകായലിലും മററും വച്ചു് പകൽസമയത്തുപോലും അക്രമങ്ങൾ ധാരാളം നടന്നുകൊണ്ടാണിരുന്നതു്. വ്യാജപ്പുകയില കൊച്ചിയിൽനിന്നു കൊണ്ടുവന്നു വില്ക്കുന്നവരായ അക്രമികളുടെ പ്രാബല്യവും അസഹനീയമായിട്ടുണ്ടായിരുന്നു. ഇത്തരക്കാരെ പിടിക്കുന്നതിനു ശംകുണ്ണിമേനവൻ കീഴ്സിൽബന്ധികളോട്ട് ആജ്ഞാപിക്കുക മാത്രമല്ല ചെയ്തതു്. പിന്നെയോ, അദ്ദേഹം കൂടിപോയി അക്രമികളെ പിടിച്ചുവന്നു. അധൈൎയ്യം അദ്ദേഹത്തെ അശേഷം ബാധിച്ചിരുന്നില്ല. വേമ്പനാട്ടുകായലിന്റെ പല ഭാഗങ്ങളിലും ഒളിച്ചിരുന്നു് ഇദ്ദേഹം കവൎച്ചക്കാരെ പിടിച്ചിരുന്നു. ഇത്ര വീൎയ്യശൌൎയ്യപ്രഭാവനായ ശംകുണ്ണിമേനവൻ മാർമാത്ത്യൂസ് അത്താനാസ്യോസ് എന്നൊരു ഭീരുവിനോട്ട് നേരിടുന്നതിന് ഇടയായിട്ടുണ്ടെങ്കിൽ ഫലം എന്തായിരിക്കുമെന്നു് പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ. ശംകുണ്ണിമേനവനെ വേമ്പനാട്ടുകായലിൽ കെട്ടിത്താക്കാനുള്ള ചങ്കുറപ്പു് മാത്ത്യൂസ് നൂറുജന്മം ജനിച്ചാലും ഉണ്ടാകുന്നതല്ലെന്നു നമ്മുടെ വറുഗീസ്സ് ധരിക്കാതിരുന്നതു ധിക്കാരപാരമ്യമല്ലെങ്കിൽ മററെന്താണു്?

നാട്ടിലെ അക്രമത്തിനു നിവാരണമുണ്ടാക്കിയശേഷം മേനവൻ വിദ്യാപ്രചാരത്തിനു ശ്രമിച്ചു. ൲൪൰൨-ൽ കൊച്ചിമഹാരാജാവു് തിരുവനന്തപുരത്തേയ്ക്കു് എഴുന്നള്ളിയതു സംബന്ധിച്ച ചുമതല വഹിച്ചതു മേനവനായിരുന്നു യാത്രയിൽ ചെയ്തിരുന്ന ഏൎപ്പാടുകൾ കണ്ടു തൃപ്തനായ കൊച്ചിമഹാരാജാവു് ഇദ്ദേഹത്തിനു രണ്ടു കൈക്കും വീരശൃംഖല സമ്മാനിച്ചു. ജി. സി, എസ്. ഐ. എന്ന ബിരുദം തിരുവിതാംകൂർ മഹാരാജാവിനു് ൲൪൰൬-ൽ ലഭിച്ചു. ഇതു സംബന്ധിച്ചു സ്ഥാനചിഹ്നങ്ങൾ സ്വീകരിക്കുന്നതിനു് തിരുമനസ്സുകൊണ്ടു മദ്രാസിലേയ്ക്കു് എഴുന്നള്ളിയപ്പോൾ ശങ്കുണ്ണിമേനവനേക്കൂടി കൊണ്ടുപോയിരുന്നു. മദ്രാസ് ഗവൎമ്മെൻറു് സ്ഥാനചിഹ്നാഘോഷത്തിനു ശങ്കുണ്ണിമേനവനെ പ്രത്യേകം ക്ഷണിച്ചിരുന്നു. മേനവൻ സൎവ്വീസിൽ പ്രവേശിച്ചശേഷം തിരുവിതാംകൂർ ഗവൎമ്മെൻറിൻെറ അതിഥികളായി ഇവിടെ വന്നു ചേൎന്ന സകല മാന്യന്മാരേയും സൽക്കരിക്കുന്നതിനുള്ള ഭാഗ്യം ഇദ്ദേഹത്തിനാണുണ്ടായതു്. ഇക്കാൎയ്യത്തിൽ നമ്മുടെ കഥാനായകനു് ഒരു പ്രത്യേക സാമൎത്ഥ്യമുണ്ടായിരുന്നു.

൲൪൰൩-ൽ ദിവാൻ മാധവരായർ ഒരുമാസത്തെ അവധിയെടുത്തു് മദ്രാസിനുപോയി. ആ അവസരത്തിൽ ദിവാൻജോലിവഹിച്ചതു ശങ്കുണ്ണിമേനവനായിരുന്നു. അതിനുമുമ്പാവസരത്തിലും ഇദ്ദേഹം ദിവാൻ പണി പ്രകാരം നോക്കിയിട്ടുണ്ടു്. മേനവൻെറ കാൎയ്യശേഷിയും വിവേകവും ഈ രണ്ടവസരങ്ങളിലും സവിശേഷം വെളിപ്പെട്ടു.

൲൩൰൩-ാമാണ്ടു ചേൎത്തല ദിവാൻ പേഷ്ക്കാരായി വന്ന ഇദ്ദേഹം ൲൪൰൩-വരെ അവിടെ ജോലിനോക്കി. അതിനിടയിൽ വടക്കൻ ഡിവിഷനിൽ ഉണ്ടായ അഭിവൃദ്ധി അത്ഭുതകരമായിരുന്നു. പത്തു വൎഷത്തിനിടയിൽ മുതലെടു

പ്പിനത്തിൽ ൨൭--ലക്ഷം ക. വർദ്ധിപ്പിച്ചു. പുകല, വ്യാജമായി വിററുവന്നിരുന്നതു നിറുത്തിയതാണു് ഈ വർദ്ധനവിന്ന കാരണമായിത്തീൎന്നതു്. കവർച്ചക്കാരെ അമർച്ചവരുത്തി ജനക്ഷേമം വർദ്ധിപ്പിച്ചതാണു് മേനവൻെറ ഭരണത്തിലെ മറെറാരു പ്രധാന സംഭവം. അക്രമികളും കൊള്ളക്കാരുമായ ഉദ്യോഗസ്ഥന്മാരെ ജനക്ഷേമൈകനിരതന്മാരാക്കിത്തീൎക്കുന്നതിന്ന യത്നിച്ചതും അതു ഏററെക്കുറെ സാധിച്ചതും ഇദ്ദേഹത്തിൻെറ ഭരണത്തിലെ മറെറാരു പ്രധാന സംഗതിയാണു്. ഗതാഗതസൌകൎയ്യം വർദ്ധിപ്പിക്കുന്നതിലും ശംകുണ്ണിമേനവൻ അത്യുത്സുകനായിരുന്നു. വൈക്കം ക്ഷേത്രത്തെ ഇന്നു കാണുന്നനിലയിൽ പരിഷ്ക്കരിച്ചതു ശംകുണ്ണിമേനവൻെറ, ഒരു നിത്യസ്മാരകമായി പരിഗണിക്കാവുന്നതാണു്.

ശംകുണ്ണിമേനവൻ, വർഗ്ഗത്തേയോ, മതത്തേയോ അടിസ്ഥാനമാക്കിയല്ല ഭരണം നിൎവ്വഹിച്ചതു്. ഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും ഒരുപോലെ അദ്ദേഹം ന്യായമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. ക്രിസ്ത്യാനികളെ ഏതെങ്കിലുംതരത്തിൽ ഉപദ്രവിക്കുന്നതിന്ന മേനവൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. അതിനാൽ ജാതിമതഭേദമെന്യേ സകലരും ഇദ്ദേഹത്തെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു. മാന്നാനത്തെ പാതിരിമാർ ശംകുണ്ണിമേനവനു്, അദ്ദേഹം ചേൎത്തല ദിവാൻ പേഷ്കാരായിരിക്കുമ്പോൾ അയച്ചുകൊടുത്ത ഒരു കത്തു താഴെ ചേൎത്തുകൊള്ളട്ടെ.

'മഹാരാജമാന്യരാജശ്രീ' ചേൎത്തല ദിവാൻപേഷ്കാരവർകളുടെ സന്നിധിയിൽ ബോധിപ്പിക്കുന്നതിന്ന,

ഏററവുമാന്തർ മന്നാനത്തു കോൺവെന്തയുടെ പ്രയോര അഛംകറിയാക്കോസ് ഏലീശാ എത്രയും വിനയ

ത്തോടെ എഴുതിക്കൊള്ളുന്നത്. എന്നാൽ യജമാനൻ അവർകൾ ദൈവതിരുമുഖത്തെനോക്കി സന്ന്യാസികളായിരിക്കുന്ന ഞങ്ങൾക്കു ചെയ്തുതന്നിരിക്കുന്ന ഉപകാരസഹായങ്ങൾക്കു പ്രതിസ്നേഹം ചെയ്‌വാൻ ഞങ്ങളാൽ സാധിക്കാത്തതായിരുന്നാലും തന്റെ ശുശ്രൂഷികളുടെ ഉടയവനും തന്നെക്കുറിച്ചു ചെയ്യുന്ന പ്രവൃത്തികൾക്കു പ്രത്യുപകാരം ചെയ്യുന്നവനുമായിരിക്കുന്ന സർവ്വേശ്വരൻ ഈ ലോകത്തിൽ ദീർഘായുസ്സും ധനസുഖയശസ്സുകളും വർദ്ധിപ്പിച്ചു തരുന്നതിനും എന്നന്നേക്കുമുള്ള പരലോകഭാഗ്യത്തിനു യജമാനനെ യോഗ്യനാക്കുന്നതിനും ഞങ്ങൾ നിത്യവും പ്രാർത്ഥിച്ചുവരുന്നു.

അല്ലാതെയും യജമാനൻ അവർകളുടെ അധികാരത്തിൻകീഴിലുള്ള ഈ സകലവും സന്ന്യാസികളായ ഞങ്ങളേയും കാണുന്നതിനും ഞങ്ങളുടെ യജമാനനെ ഞങ്ങൾ കാണുന്നതിനും നിധാനം വരുത്തിത്തരുവാറാകണമെന്നു മുമ്പിനാലെ അപേക്ഷിച്ചുവരുന്നതിനെ സമീപേ വന്നിരിക്കുന്ന ഇപ്പോഴും ഓർമ്മപ്പെടുത്തുന്നതാകകൊണ്ട് സമയവും സൌഖ്യവും ഉണ്ടായിരുന്നാൽ ഈ അപേക്ഷക്കുകൂടെയും നിറവേററിത്തരുന്ന വിവരത്തിനു ഉത്തരവുണ്ടാവാറാകണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

ഈ കത്തിൽനിന്നു വറുഗീസു രണ്ടുകാര്യങ്ങൾ ധരിക്കാനുണ്ട്. നായന്മാരെ സദ്വൃത്തരായ കത്തോലിക്കപുരോഹിതന്മാർപോലും 'യജമാനൻ' എന്ന പദമുപയോഗിച്ചാണ് അഭിസംബോധനം ചെയ്തിരുന്നത്, എന്നതാണ് ഒന്നാമത്തെ സംഗതി. രണ്ടാമത്തെ കാര്യം ശങ്കുണ്ണിമേനവൻ ക്രിസ്ത്യാനികളോടു ഏതെങ്കിലും തരത്തിൽ അന്യായം ചെയ്തിരുന്നില്ല എന്നതാണ്.

ശങ്കുണ്ണിമേനവൻ ചേർത്തല പേഷ്ക്കാരായിരുന്ന കാലത്തു തിരുവിതാംകൂറിനു ഒരു ഉത്തമ പുരുഷരത്നത്തെ ക

ണ്ടു പിടിച്ചു സമ്മാനിച്ചു. ആ പുരുഷൻ കാവാലം നീലകണ്ഠപ്പിള്ളയല്ലാതെ മററാരുമായിരുന്നില്ല. വളരെ ബുദ്ധിമുട്ടോടും നിരാശയോടുംകൂടി നീലകണ്ഠപ്പിള്ള ഒരു ദിവസം ആലപ്പുഴ എത്തി അന്നു ശംകുണ്ണിമേനോൻ അവിടെ പരിശോധനാർത്ഥം വന്നു താമസിക്കുന്നുണ്ടായിരുന്നു. നീലകണ്ഠപ്പിള്ള തൻെറ സ്ഥിതിഗതികൾ വിവരിച്ചു ഒരു ഹർജ്ജി എഴുതി അദ്ദേഹത്തിൻെറ മുമ്പാകെ സമർപ്പിക്കുകയും വല്ലതും ഒരു ജോലി കൊടുക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു. ശംകുണ്ണിമേനവനവർകൾക്കു ഹർജ്ജിയുടെ രീതിയും അതിലെ പ്രതിപാദന രീതിയും മററും ആകർഷകമായിത്തോന്നി അതിനാൽ അദ്ദേഹം നീലകണ്ഠപ്പിള്ളയെ ചേർത്തലയ്ക്കു കൊണ്ടുപോയി സ്വന്തം ഗൃഹത്തിൽ താമസിപ്പിച്ചു. താമസിയാതെ ചേർത്തല ഡിവിഷൻ കച്ചേരിയിൽ ഒരു രായസംപേഷ്ക്ക പതിച്ചു കൊടുക്കുകയും ചെയ്തു. ഇങ്ങനെ 'പേഷ്കാരദ്ദേഹ'ത്തിൻെറ വീട്ടിലെ ഭൃത്യന്മാരിൽ പ്രഥമഗണനീയനായും, കച്ചേരിയിലെ രായസമായും നീലകണ്ഠപ്പിള്ള മൂന്നുവർഷം ചേർത്തലതാമസിച്ചു.

ഇക്കാലത്തു് ശംകുണ്ണിമേനവനവർകൾക്കു് കൊല്ലംജില്ലാക്കോടതിയിൽ സ്വന്തം ഒരു സിവിൽകേസുണ്ടായി. ഇന്നത്തേപ്പോലെ വക്കീൽപരീക്ഷയിൽ ജയിച്ചിട്ടുള്ളവർക്കുമാത്രമെ കോടതികളിൽ വ്യവഹരിച്ചുകൂടു എന്നു് അന്നു നിയമമുണ്ടായിരുന്നില്ല. സാമർത്ഥ്യമായിരുന്നു അന്നത്തെ മാനദണ്ഡം. ആ കേസു് കൊല്ലത്തുപോയി നടത്താമോ എന്നു് ദിവാൻപേഷ്കാർ പലരോടും ചോദിച്ചു. എന്നാൽ കൃത്യം നിർവഹിക്കാമെന്നു് ധൈര്യസമേതം സംവദിച്ചതു് നീലകണ്ഠപ്പിള്ള മാത്രമായിരുന്നു. ഈ യുവാവിൻെറ സാമർത്ഥ്യവിശേഷത്തെക്കുറിച്ചു് പേഷ്കാർക്കു് വിശ്വാസമുണ്ടായിരുന്നതിനാൽ അദ്ദേഹത്തേത്തന്നെ വക്കാലത്തോടുകൂടി കൊല്ലത്തേയ്ക്കയച്ചു. നീലകണ്ഠപ്പിള്ളയുടെ യുക്തിവൈഭവം,

കാൎയ്യജ്ഞാനപാടവം, വാൿവൈദഗ്ദ്ധ്യം ഇവകൊണ്ട് കേസു ജയിച്ചു എന്ന് വിശിഷ്യ പ്രസ്താവിക്കേണ്ടതില്ലല്ലൊ. ഈ കേസിന്റെ അവസാനംവരെ കൊല്ലത്തു താമസിച്ചതിന്നിടയിൽ, നീലകണ്ഠപ്പിള്ളയുടെ യോഗ്യതയെ കണ്ടു സംതൃപ്തിയടഞ്ഞ പലരും അവരവരുടെ കേസുകൾ ഇദ്ദേഹത്തെക്കൊണ്ടു നടത്തിച്ചുതുടങ്ങി. ചേൎത്തലക്കു തിരിച്ചു പോകാതെ കൊല്ലത്തു സ്ഥിരമായി താമസിച്ചു വ്യവഹരിക്കണമെന്ന് സുഹൃൽജനങ്ങൾ ചെയ്ത അപേക്ഷയെ, പ്രസ്തുത തൊഴിലിൽ അഭിരുചി അങ്കുരിച്ചിരുന്ന നീലകണ്ഠപ്പിള്ള അനുവദിക്കുകയാണുണ്ടായത്.

മാധവരായർ ദിവാൻജിയോടു മഹാരാജാവു തിരുമനസ്സിലേക്കു രസക്കേടുണ്ടായതും അതുമൂലം ൧൦൪൮-ൽ അദ്ദേഹം ഉദ്യോഗമൊഴിഞ്ഞുപോയതും പ്രസിദ്ധമാണല്ലൊ. മഹാരാജാവിന്റെ തിരുവുള്ളക്കേടിനെ വകവെയ്ക്കാതെ മാധവരായരെ മേനവൻ ചേൎത്തലത്താലൂക്കിന്റെ തെക്കെഅറ്റത്തുനിന്നു കേമമായി സ്വീകരിച്ച് ചേൎത്തലകൊണ്ടുചെന്നു സൽക്കരിച്ച് എറണാകുളത്തുകൊണ്ടുചെന്നു വിട്ട വിവരം ഇതിന്നുമുമ്പു വിവരിച്ചിട്ടുണ്ടല്ലൊ. രാജ്യത്തിന് ശാശ്വതനന്മ ചെയ്തിരുന്ന മാധവരായരെ ഉദ്യോഗത്തിൽ നിന്നൊഴിഞ്ഞപ്പോൾ ബഹുമാനിച്ചയയ്ക്കുന്നതാണു രാജാവിന്നും രാജ്യത്തിന്നും ബഹുമാനമെന്നു കണ്ട് തദനുസരണം പ്രവൎത്തിക്കാനുള്ള ധൈൎയ്യവും വിവേകവും ശങ്കുണ്ണിമേനവനു മാത്രമെ ഉണ്ടായുള്ളു. ഭരണസംബന്ധമായി മേനവനും മാധവരാവുവും തമ്മിൽ പലപ്പോഴും എതിരിടേണ്ടിവന്നിട്ടുണ്ട്. തന്മൂലം, ഇവർതമ്മിൽ പിണക്കമാണെന്നും നാട്ടിൽ പരക്കെ ഒരു സംസാരവുമുണ്ടായിരുന്നു. എന്നാൽ ഇരുവൎക്കും പരസ്പരം എല്ലാക്കാലത്തും വളരെബഹുമാനമാണുണ്ടായിരുന്നത്. മാധവരായർ തിരുവിതാംകൂറിൽനിന്നും പോയി ബറോഡയിൽ ദിവാൻപദത്തിൽ പ്രവേശിച്ചശേഷം അ

ദ്ദേഹം ശങ്കുണ്ണിമേനവനയച്ച കത്തുകളിൽനിന്നും ഈ വസ്തുത വ്യക്തമാകുന്നുണ്ട്.

മാധവരായക്കുശേഷം ദിവാനായി നിയമിച്ചതു സർ, ശേഷയ്യാശാസ്ത്രിയാണല്ലോ. അദ്ദേഹം ൧൦൪൭-ൽ അട്ടുത്തൂൺപററിപ്പിരിഞ്ഞു. ഉടനെ ശംകുണ്ണമേനവനെ ദിവാനായി നിയമിക്കുന്നതിന്ന വിചാരിക്കുന്നു എന്നും സ്വീകരിക്കുന്നതിന്ന തയ്യാറുണ്ടോ എന്നും മഹാരാജാവ് എഴുതിച്ചോദിച്ചു. മേനവനാകട്ടെ വാർദ്ധക്യംമൂലം ചുമതലയേറിയ സ്ഥാനം വഹിക്കുന്നതിന്ന നിവൃത്തിയില്ലെന്നു മഹാരാജാവു തിരുമേനിയെ കൃതജ്ഞതാപുരസ്സരം അറിയിക്കയാണുണ്ടായത്. അതിനാൽ പേഷ്ക്കാർ നാണുപിള്ളയെ ദിവാൻജിയായി നിയമിച്ചു. തന്നേക്കാൾ സർവീസുകൊണ്ടും മററും താണനിലയിൽ ഇരുന്ന നാണുപിള്ളയെ ദിവാൻജിയായി നിയമിച്ചതിൽ മേനവൻ വാസ്തവത്തിൽ സന്തോഷിച്ചതേയുള്ളൂ.

അപേക്ഷപ്രകാരം ൧൦൪൮ മേടമാസം ഒന്നാംതീയതി മുതൽ അട്ടുത്തൂൺ അനുവദിച്ചു കിട്ടുകയാൽ ശംകുണ്ണിമേനവൻ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. ൪൭-വർഷത്തെ പ്രശസ്തമായ ഉദ്യോഗജീവിതത്തിനുശേഷമാണ് ഇദ്ദേഹം അട്ടുത്തൂൺപററി പിരിഞ്ഞത്. ഈ കാലമത്രയും വിശ്വസ്തതയോടും വിവേകത്തോടുംകൂടി രാജാവിനേയും പ്രജകളേയും സേവിച്ചു എന്ന് നിസ്സംശയം പറയാവുന്നതാണ്.

ശമ്പളത്തിൻെറ പകുതിത്തുകയായ ൪൦൦ ക. ആയിരുന്നു അട്ടുത്തൂൺതുക. പേഷ്ക്കാരായി ജോലിനോക്കിയ ൧൧൦-മാസത്തിനിടയിൽ ഒരു ദിവസമെങ്കിലും മേനവൻ അവധിവാങ്ങിയിട്ടില്ലെന്നുള്ളതു വിശേഷവിധിയായ ഒരു വാസ്തവമാണ്.

മേനവനു ജോലിയിൽനിന്നു പിരിയുന്നതിനു കുറെ മുമ്പുമുതൽതന്നെ കാസശ്വാസസംബന്ധമായ രോഗംമൂലം പല ഉപദ്രവങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. എങ്കിലും അട്ടത്തുൺ പാറാതിരുന്നതു് മേനവന്റെ ജീവിതത്തിന്റെ നിത്യസ്മാരകമെന്നു നിസ്സംശയം പറയാവുന്ന "തിരുവിതാംകൂർ ചരിത്രം" എഴുതിത്തീർത്തു് അച്ചടിപ്പിച്ചു അടിയറവയ്ക്കുന്നതിനുനേരിട്ട താമസം ഒന്നുകൊണ്ടുമാത്രമാണു്. ഇന്നും ശംകുണ്ണിമേനവന്റെ ചരിത്രമൊഴിച്ചാൽ തിരുവിതാംക്രൂറിനു ശരിയായ ഒരു ചരിത്രമില്ലെന്നു സകലരും സമ്മതിക്കുന്നതാണല്ലോ. ഈ ഗ്രന്ഥം എഴുതിത്തീർക്കുന്നതിന് ഇദ്ദേഹത്തിനു കായക്ലേശവും മനഃക്ലേശവുംധനവ്യയവും ധാരാളമായിട്ടുണ്ടായി. ഔദ്യോഗികജീവിതത്തിനിടയിൽ ഇങ്ങനെ ഒരു ഉത്തമ ഗ്രന്ഥം എഴുതിത്തീർത്ത മേനവൻ കേരളവാസികളുടെ ശാശ്വതകൃതജ്ഞതയ്ക്കു് അർഹനാണു്. ൧൦൫൬ വൃശ്ചികത്തിൽ, മേനവന്റെ പ്രവൎത്തനരംഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ വൈക്കത്തു വച്ചാണു് 'തിരുവിതാംക്രൂർചരിത്രം' മഹാരാജാവു തിരുമനസ്സിലെ തൃപ്പാദത്തിങ്കൽ സമൎപ്പിച്ചതു്.

---

# ഒമ്പതാം അദ്ധ്യായം.

---

### അവസാനഘട്ടം.

അടുത്തൂൺപററി പിരിഞ്ഞതോടുകൂടി ശംകുണ്ണിമേനവന്ന കാസശ്വാസം സംബന്ധിച്ച ശ്വാസംമുട്ടൽവർദ്ധിച്ചു. ഡോക്ററന്മാരുടെ പ്രത്യേക നോട്ടത്തിൽ ഇടപ്പള്ളിയിലും, എറണാകുളത്തും, ആലുവായിലും, പുത്തൻവേലിക്കരെയുമായി അദ്ദേഹം മാറി മാറി താമസിച്ചിരുന്നു. ദീൎഘകാലം സ്വസ്ഥനായി താമസിക്കുന്നതിന്നുള്ള ഭാഗ്യം മേനവന്ന് ഉണ്ടായില്ല. ൧൦൮൪ കുംഭമാസത്തിൽ ഒരു ദിവസം അദ്ദേഹം പെട്ടെന്ന് പുത്തൻവേലിക്കരെയുള്ള പുരാതന ഗൃഹത്തിൽ വച്ചു പരലോകപ്രാപ്തനായി. പുത്തൻവേലിക്കരെ നിന്ന് വള്ളത്തിൽ ഒരു ദിവസം ആലുവായ്ക്കു പുറപ്പെട്ടു. കൂടെ ഭാൎയ്യയുമുണ്ടായിരുന്നു. വള്ളം വീട്ടിന്റെ കടവിൽനിന്ന് അല്പ ദൂരെ എത്തിയപ്പോൾ മേനവൻ വള്ളത്തിൽ വീണു. ഉടനെ വള്ളം വീട്ടിലേക്കു തിരിച്ചുവിട്ടു. മേനവനെ മഞ്ചലിൽ ഗൃഹത്തിലേക്കു എടുത്തുകൊണ്ടു പോയി. അടുത്തദിവസം രാവിലെ ശംകുണ്ണിമേനവൻ ചരമമടഞ്ഞു. അങ്ങിനെ ബുദ്ധിസാമൎത്ഥ്യവും കാൎയ്യശേഷിയും നിറഞ്ഞ ഒരു പൌരശ്രേഷ്ഠൻ തിരുവിതാംകൂറിന്നു നഷ്ടപ്പെട്ടു. മേനവന്റെ മരണവാൎത്ത അറിഞ്ഞപ്പോൾ മഹാരാജാവുതിരുമനസ്സുകൊണ്ടു വളരെ ദുഃഖത്തോടുകൂടി ഇങ്ങിനെ പറഞ്ഞു:—"എന്റെ യാത്രയ്ക്കെല്ലാം മുൻകൂട്ടി വട്ടംകൂട്ടാൻ പോകുന്നതു ശംകുണ്ണിമേനവനാണ്. ഇപ്പോൾ അടുത്തിരിക്കുന്ന എന്റെ അവസാനയാത്രയ്ക്കും വട്ടം കൂട്ടാനായി മേനവൻ കൂടി പോയിരിക്കുന്നു."

മേനവൻെറ കുടുംബജീവിതം ഏത്രയും ആനന്ദകരമായിരുന്നു. ആയിരത്തി ഇരുപതാമാണ്ടു ഇടപ്പള്ളിൽ കൃഷ്ണത്തുവീട്ടിൽ പാർവ്വതിഅമ്മയെ ഇദ്ദേഹം വിവാഹംചെയ്തു. ഈ സ്ത്രീരത്നത്തിൽ മേനവനു ൭ സന്താനങ്ങൾ ഉണ്ടായി. രണ്ടു പെൺകുട്ടികൾ കുട്ടിക്കാലത്തു തന്നെ മരിച്ചു. മൂത്തപുത്രനാണ് തിരുവിതാംകൂർ ദിവാൻപേഷ്കാരായും ഹൈക്കോടതി ജഡ്ജിയായും ഇരുന്ന മിസ്റ്റർ കെ. പി. ശങ്കരമേനോൻ ബി. ഏ. ബി. എൽ, എഫ്. എം. യു. മദ്രാസ് ഹൈക്കോടതിയിൽ ൧൮ വർഷക്കാലം വക്കീലായിരുന്ന ശേഷമാണ് ഇദ്ദേഹം തിരുവിതാംകൂർ സർവ്വീസിൽ പ്രവേശിച്ചത്.

ഇദ്ദേഹം ൧൦൯൯ കുംഭമാസം ൧൮-ാംനു കാലടിയിൽ വച്ചു കാലഗതിയെ പ്രാപിച്ചു. ഇദ്ദേഹത്തിൻെറ മൂത്തപുത്രൻ മിസ്റ്റർ എസ്സ്. ശങ്കരമേനവൻ ബി. എ ബി. എൽ. തിരുവനന്തപുരത്തു വക്കീലാണ്. രണ്ടാമത്തെ പുത്രൻ ബി. എ ബി. എൽ ജയിച്ച് കുറേക്കാലം മധുരയിൽ വക്കീലായിരുന്ന ശേഷം ഇപ്പോൾ രാമകൃഷ്ണമിഷ്യനിൽ ചേൎന്ന കല്ക്കത്തായിൽ താമസിക്കുന്നു. തൃതീയപുത്രൻ മിസ്റ്റർ എസ്സ്. കൃഷ്ണമേനവൻ ഇംഗ്ലണ്ടിൽ വൈദ്യപ്പരീക്ഷക്കു പഠിക്കുകയാണ്. മിസ്റ്റർ ശങ്കരമേനവൻെറ ഏകപുത്രി ശ്രീമതി നാരായണിയമ്മയെ ആണു മധുരയിൽ വ്യവഹരിക്കുന്ന മിസ്റ്റർ. കെ. പി. വേലായുധമേനവൻ വിവാഹം കഴിച്ചത്. ഈ സ്ത്രീരത്നം മരിച്ചിട്ടു അധികകാലമായിട്ടില്ല. ശ്രീമതി നാരായണിയമ്മയുടെ പുത്രിയെ വിവാഹംകഴിച്ചിട്ടുള്ളതു തിരുവിതാംകൂർ ഗവർമ്മെണ്ടിൻെറ എലക്ട്രിക്കൽ എൻജിനീയർ മിസ്റ്റർ കെ. പി. പത്മനാഭമേനവനാണ്.

ശംകുണ്ണിമേനവൻെറ ദ്വിതീയപുത്രൻ മി. കെ. പി. പത്മനാഭമേനവൻ അച്ഛൻെറ മകൻതന്നെ ആയിരുന്നു

വെന്നു പലപ്രകാരത്തിലും തെളിയിച്ചിട്ടുണ്ട്. എറണാകുളത്തും മദ്രാസിലും ബി. എൽ പരീക്ഷവരെ പഠിച്ചു വിജയം സമ്പാദിച്ച പത്മനാഭമേനവൻ അന്നു മദ്രാസ്ഗവമ്മെൻറിൻെറ അഡ്വോക്കേറ്റ് ജനറാൾ ആയിരുന്ന സർ എച്ച്. എച്ച് ഷെപ്പേർഡ് എന്ന ധാരയുടെ കീഴിൽ അഭിഭാഷകവൃത്തി പരിശീലിച്ചു. പിന്നീട് മദ്രാസിൽതന്നെ കുറേക്കാലം വക്കീലായിരുന്നു. എങ്കിലും അമ്മയ്ക്കു് പ്രായാധിക്യമായതോടുകൂടി മേനവൻ എറണാകുളത്തുവന്നു താമസിച്ച് അവിടത്തെ ചീഫ്കോടതിയിൽ വ്യവഹരിച്ചു. ൧൮൯൯-ൽ മേനവൻ തിരുവനന്തപുരത്തു വന്ന് വക്കീൽജോലിയിൽ ഏറ്റപ്പെട്ടു. പിന്നീട് തിരുവനന്തപുരത്തും എറണാകുളത്തും വ്യവഹരിച്ചുവന്നു. തിരുവിതാംകൂർ നിയമസഭയിലെ സാമാജികസ്ഥാനവും കുറേക്കാലം ഇദ്ദേഹം വഹിച്ചിട്ടുണ്ട്. തിരുവിതാംകൂർ ഗവമ്മെൻറു നിയമിച്ച മരുമക്കത്തായക്കമ്മററിയിലെ ഒരു സാമാജികനും ഇദ്ദേഹമായിരുന്നു. കമ്മററിയുടെ റിപ്പോർട്ടിൽ മേനവൻ എഴുതിയിട്ടുള്ള ഭാഗങ്ങൾ അമൂല്യരത്നങ്ങളാകുന്നു എന്നു ചുരുക്കത്തിൽ സൂചിപ്പിക്കുന്നതിനെ സ്ഥലദൌർല്ലഭ്യം അനുവദിക്കുന്നുള്ളു. കൊച്ചിയിലും ഇതുപോലെ നായന്മാരെ സംബന്ധിക്കുന്ന ഒരു നിയമം ആവശ്യപ്പെട്ടപ്പോൾ നിയമിച്ച കമ്മററിയിൽ പത്മനാഭമേനവനും ഒരംഗമായിരുന്നു. മേനവൻ എഴുതിയ കൊച്ചിരാജ്യചരിത്രവും കേരളചരിത്രവും മൂലം കേരളീയർ ഇദ്ദേഹത്തിന് എന്നെന്നേയ്ക്കും കടപ്പെട്ടിരിക്കുന്നു. കുടുംബസംബന്ധമായ ബദ്ധപ്പാടുകൾമൂലം ൧൯൦൨-ൽ മേനവൻ തിരുവനന്തപുരത്തുനിന്ന് എറണാകുളത്തു സ്ഥിരതാമസമാക്കി. ഇദ്ദേഹം വിവാഹംകഴിച്ചിരുന്നതു തൃശ്ശൂർ മാരാത്തു ശ്രീമതി പാറുക്കുട്ടിഅമ്മയെ ആണ്. മേനവനെ അദ്ദേഹത്തിൻെറ ഗ്രന്ഥനിർമ്മാണത്തിൽ ഈ മഹതി വളരെ സഹായിച്ചിട്ടുണ്ട്. കാൎയ്യബോധവും കാൎയ്യനിർവഹണശക്തിയും ഒത്തുചേൎന്നു വിളങ്ങുന്ന

വനിതകൾ ശ്രീമതി പാറുക്കുട്ടിഅമ്മയെപ്പോലെ വളരെപ്പേർ കേരളത്തിൽ ഇല്ലതന്നെ. ഇവക്ക സന്താനലാഭം ഉണ്ടായിട്ടില്ല. പത്മനാഭമേനവൻ ൧൦൯൪-മേടം ൧൧-ാം നു- ഇഹലോകവാസം വെടിഞ്ഞു.

മേനവൻെറ മൂന്നാമത്തെ സന്താനം ഒരു പുത്രിയായിരുന്നു. അവക്കും കുട്ടികൾ ഉണ്ടായില്ല.

ശംകുണ്ണിമേനവൻെറ ജന്മസ്ഥലം മലബാറിൽ തൃപ്പറയാർ എന്ന സ്ഥലമാണെന്ന് ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ. എങ്കിലും അദ്ദേഹം പറവൂർതാലൂക്കിൽ പുത്തൻവേലിക്കര എന്ന സ്ഥലത്ത് ഒരു ഗൃഹം പണികഴിപ്പിച്ച് അവിടെയാണ് അടുത്ത ബന്ധുക്കളെകൊണ്ടുവന്നു താമസിപ്പിച്ചത്. പുത്തൻവേലിക്കരെയുള്ള ഗൃഹത്തിൽ ശംകുണ്ണിമേനവൻെറ അനന്തിരവരും മററും താമസിക്കുന്നു. ഇപ്പോഴത്തെ നിയമസഭാസാമാജികൻ മിസ്റ്റർ എ. ജീ. മേനോൻ ബി. എ. ശംകുണ്ണിമേനോൻെറ സഹോദരീപുത്രിയുടെ ഭത്താവാണ്. ശംകുണ്ണിമേനോൻ ഇടപ്പള്ളിയിൽ സ്വ സന്താനങ്ങൾക്കായി ഒരു ഗൃഹം പണികഴിപ്പിക്കുകയും അവിടെ വസ്തുവകകൾ സമ്പാദിക്കുകയും ചെയ്തു. ആ ഗൃഹത്തിൽ ഇപ്പോൾ താമസിക്കുന്നതു് ശംകുണ്ണിമേനവൻെറ ഭാര്യയുടെ അനുജത്തിയുടെ സന്താനങ്ങളാണു.

മുൻവിവരിച്ച സംഗതികളിൽനിന്ന് ശംകുണ്ണിമേനവൻെറ കുടുംബം ഇന്നും വളരെ ഉയൎന്നനിലയിൽ ഇരിക്കുന്നു എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

---

## പത്താം അദ്ധ്യായം.

### ഉപസംഹാരം.

നിലപററാത്ത നിഗളംകൊണ്ട് വല്ലാതെ പള്ളവിത്ത് പൊട്ടിച്ചത്തുപോയ ഒരു തവളയുടെ കഥ കുട്ടികഠംവായിച്ചു കേട്ടിട്ടുണ്ട്. വറുഗീസ് തൻെറ സാഹിത്യസാഹസംകൊണ്ട് തനിക്കും, താൻ മനോരാജ്യത്തിൽ ത്രപ്പനം ചെയ്തിട്ടുള്ള സമുദായത്തിനും തന്നെ 'കുഴിതോണ്ടുക' യാണ് ഒരുപ്രകാരത്തിൽ സാധിച്ചിട്ടുള്ളതെന്ന് ഇതേവരെയുള്ള പ്രതിപാദനം വ്യക്തമാക്കിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു. 'മുലപ്പാലിനപ്പുനോക്കുക' എന്നുകൂടി വിശേഷിപ്പിക്കാവുന്ന വറുഗീസിൻെറ പ്രവൃത്തികഠം കേവലം ദോഷഭൂയിഷ്ഠമെന്നു വിധിച്ചാൽ തന്നെയും കേരളത്തിലെ ഹിന്ദുസമുദായം പല വിലയേറിയ പാഠങ്ങഠം ഇതിലനിന്നു പഠിക്കേണ്ടതുണ്ട്. ആ വിഷയത്തിൽ വറുഗീസിൻെറ മതമദാന്ധമായ സമുദായസ്പർദ്ധാജടിലമായ — അസൂയാമലീമസമായ- ചിത്തവൃത്തി, ഹിന്ദുസമുദായത്തിൻെറ ഔദാൎയ്യപരതയെയും അധഃകരിച്ചുള്ള പൂജയെ അർഹിക്കുന്നുമുണ്ട്. ഇന്നു പലതുകൊണ്ടും അഴിഞ്ഞുലഞ്ഞുകിടക്കുന്ന കേരളീയ ഹിന്ദുസമുദായം, തങ്ങളുടെ കണ്മുമ്പിൽ ഇതരന്മാർ കാട്ടിക്കൂട്ടാൻ ഇച്ഛിക്കുന്ന ഇന്ദ്രജാലവൈഭവത്തിൻെറ ഏകദേശരൂപം എന്തെന്ന് ഇതുകൊണ്ടുധരിക്കാൻ തുടങ്ങിയിരിക്കണം. "ഞാനൊന്നേനന്ന്" എന്നു സർവ്വശൂന്യമായ ഒരു മനോഭാവം, വച്ചുകൊണ്ടു തങ്ങളുടെനേരെ കല്ലെറിയുന്ന ഒരുതരം അങ്ങാടിപ്പിള്ളേരുടെ അട്ടഹാസം, വറുഗീസിൻെറ ലേഖനപ്രബന്ധങ്ങളിൽ നിന്നു ഹിന്ദുക്കഠംക്കു വ്യക്തമായി കേഠംക്കാൻ കഴിഞ്ഞിരിക്കണം. 'താനും തൻെറ മദാമ്മയും ഉഠംപ്പെട്ട സമുദായം' എന്നു ബ്രിട്ടീഷുഗവമ്മെൻറിൻെറ ഒരു പ്രതിനിധി ആരംഭിച്ച വാചകം ഇവിടെച്ചിലർ പണിതുവന്നി

രുന്ന അഹങ്കാരമേടകൾക്കു വെൺകളിപൂശിയതും, ഈയി
ടെയായി അങ്ങോട്ടുചിലർ കേറിപ്പാർത്തുതുടങ്ങിയതും വറുഗീ
സിന്റെ ശ്രമംകൊണ്ട് ആർക്കും അറിയാവുന്നവിധം വെ
ളിവായിരിക്കണം;

“ഇഷ്ടമാടിക്കനിഞ്ഞു ചോറിട്ട കൈകൾകടിക്കുന്ന പ
ട്ടികൾക്കു കൊടുക്കുന്ന യഷ്ടികൾക്കു നമസ്കാരം!” എന്നു
മഹാകവി കുഞ്ചൻനമ്പ്യാർ പാടിയിട്ടുള്ളതിലടങ്ങിയ ത
ത്വം തങ്ങളെ ദൃഷ്ടാന്തമായി നിന്നു പഠിപ്പിച്ച വറുഗീസി
ന്റെ ‘മകുടംവച്ചമരത്തന’ത്തെ മന്ദഹാസംകൊണ്ടു മാനി
ക്കാനും ഹിന്ദുക്കൾ ശക്തരായിത്തുടങ്ങിയിരിക്കണം.

ഹിന്ദുക്കളെന്ന പൊതുപ്പേരുതന്നെ നാം പറഞ്ഞു
കൂടെന്നാണ് അവരിൽ ചിലരുടെ അഭിപ്രായം. ബ്രാഹ്മ
ണരെന്നും, ക്ഷത്രിയരെന്നും, നായരെന്നും, ഈഴവരെന്നും
ഒന്നോടൊന്നു ബന്ധമില്ലാത്ത വർഗ്ഗങ്ങളായിട്ടേ അവർ ന
മ്മെ ഗണിക്കാൻ തയാറുള്ളു. നമുക്കുമാത്രമുള്ളതെന്നും ന
മ്മെമാത്രം നശിപ്പിച്ചതെന്നും അവർ കൊട്ടിഘോഷിക്കുന്ന
ജാതിഭേദം തങ്ങൾക്കില്ലെന്നു അഹങ്കരിക്കുന്നവരാണവർ.
“ജാതിഭേദത്തിലും ഭേദം, ഭേദാഭേദത്തിലും ഭേദം” എന്നു
അടിയ്ക്കടി പെരുകിവരുന്ന തങ്ങളുടെ വർഗ്ഗസംഖ്യയിലേ
ക്കു കണ്ണോടിക്കാതെകണ്ടുതന്നെ അവർ ഹിന്ദുക്കളുടെ കുറ
വും കുറവും കൂസൽകൂടാതെ വിളിച്ചു കൂകുകയാണിന്നു ചെ
യ്യുന്നത്. അവരെന്തോ പറയട്ടെ, എന്തോ ചെയ്യട്ടെ, എന്നു
ക്ഷമിച്ചിരിപ്പാനുള്ള കാലം പൊയ്പ്പോയിരിക്കുന്നു. ബ്രാ
ഹ്മണർക്കു ബ്രാഹ്മണരായും, ഈഴവർക്കു ഈഴവരായും ക
ഴിയാനുള്ള മോഹം, അവർക്കിരുവർക്കും ഹിന്ദുക്കളായികഴിയാ
നുള്ളതിൽനിന്നു വേറിട്ടുള്ളതല്ലെന്നു—നാം നമ്മുടെമതത്തെ
ബഹുമാനിക്കുന്നോരാണെന്നു —സമത്വം വാദിക്കുമ്പോൾ
എല്ലാരുംക്രിസ്ത്യാനി, ഉദ്യോഗത്തിനു കൈനീട്ടുമ്പോൾ സ്വ

റിയാനിക്രിസ്ത്യാനിഎന്നനില നാംആദരിക്കുന്നവരെല്ലെന്നു അവക്കു വെളിവാക്കികൊടുക്കുന്നതു് അത്യാവശ്യമായിത്തീന്നിരിക്കുന്നു. ഹിന്തുക്കൾ തങ്ങളുടെ പുരാതനമേന്മയിൽ ആകാവുന്നത്ര അഭിമാനമുള്ളവരും, പൂവ്വന്മാരേപ്പററി തികച്ചുംപ്രത്യാദരം ഉള്ളവരും ആണെന്നുപറഞ്ഞു മനസ്സിലാക്കാനും കാലം വൈകിയിരിക്കുന്നു. അല്ലയോ ഹിന്തുജനങ്ങളെ, നിങ്ങൾ നിങ്ങളുടെ ഇന്നത്തെ അവസ്ഥ എന്തെന്നു നല്ലവണ്ണം ഗ്രഹിച്ചുകൊണ്ടു മുമ്പോട്ടു പോകണം: നിങ്ങളുടെ വഴിയിൽ തടസ്സം ചെയ്യാനും, തരംപോലെ ആട്ടി നോക്കാനും ധൈയ്യമുള്ള ഒരു കൂട്ടർ നിങ്ങളെ ഇപ്പോൾ വലയം ചെയ്യുന്നുണ്ടു്. ഭൂസ്വാമികളായ നിങ്ങൾ നിങ്ങളുടെ ഭൂമിയിൽ ആക്കു് സ്വൈരസഞ്ചാരം ചെയ്യാൻ അനുവദിച്ചുകൊടുത്തുവോ, ആരുടെ "പട്ടിണിയും പരിവട്ടവും" കണ്ടു്, ആർ ചെയ്ത "പെരുമവാഴ്ത്തലും," "കണ്ണീരുവീഴ്ത്തലും" കൊണ്ടു് —നിങ്ങൾ ആർദ്രഹൃദയന്മാരായിത്തീന്നുവോ, അതാ അവർതന്നെയാണു് നിങ്ങളെ ഇന്നു ചെറുത്തുകൊണ്ടു ചുഴന്നു നില്ക്കുന്നതു്. നിങ്ങളുടെ ഔദായ്യം പിഴച്ചുപോയി എന്നു് പരിതപിക്കാനല്ല, നിങ്ങളെ,—നിങ്ങളുടെ പൂവ്വികന്മാരെ—ബഹുമാനപൂവ്വം സ്മരിക്കുന്നവരാണെന്നു വെളിവാക്കാൻ വേണ്ടിത്തന്നെ, ഇവിടെ ചെയ്യുന്ന ഈ അപേക്ഷയെ നിങ്ങൾ ചെവിക്കൊള്ളുമോ?

വറുഗീസിന്റെ മാർമാത്യൂസ് മെത്രാനും കാളിക്രൂളികളായ വാലിയക്കാരും, നിരുപദ്രവികളും, നിർദ്ദോഷികളും ആയ ബ്രാഹ്മണരുടെ പുറത്തേയ്ക്കു വീഴ്ത്താൻ ചുഴററിപ്പൊക്കിയ ചാട്ടവാറുകൾ— അതു താഴയോട്ടു് പതിച്ചുവെന്നു ഞാൻ വിചാരിക്കുന്നില്ല;— നിങ്ങൾ കണ്ടിരിക്കുന്നു; നിങ്ങൾക്കു കടം വാങ്ങേണ്ടതല്ലാത്ത മനോധമ്മത്തിന്റെ സഹായത്താൽ ആ ചാട്ടയുടെ മൂലലിൽനിന്നു് വറുഗീസായ ദുരഹങ്കാരി, തന്റെ പാട്ടിലുള്ള ചില കട്ടിത്തരക്കാരോടുകൂടി ഹിന്തുസമുദാ

യത്തിന്റെ ശിരോഭാഗത്തെ നോക്കി പുറപ്പെടുവിച്ച ശാനസ്വരം നിങ്ങൾ കേട്ടിരിക്കുന്നു; കൊച്ചിരാജ്യത്തു് കടന്നു ചെന്നു, നാട്ടുവാലായ്മക്കാലത്തു് ഘോഷയാത്ര നടത്തുകയും യുവരാജാവിന്റെ വഴി വിലക്കുകയും മററും ചെയ്തതായിപ്പറയുന്ന മെത്രാനെയും കൂട്ടുകാരേയുംകൊണ്ടു്, വറുഗീസിന്റെ കല്പിതസമുദായം ഇന്നാട്ടിലെ രാജസ്ഥാനത്തോടു് പ്രകടീകരിക്കാൻതയാറുള്ള ഭക്തിപാരവശ്യത്തിന്റെ അളവു് നിങ്ങൾ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. രാജ്യഭക്തിതന്നെ മനുഷ്യരൂപമെടുത്തിരുന്ന ആ നായർകുലകേസരി രാജാകേശവദാസൻ കൈക്കൂലി വാങ്ങിയതായിക്കാണിക്കുന്ന പള്ളിക്കണക്കിൽ, തനിക്കും തന്റെ തരക്കാക്കും ഏതും പങ്കില്ലാത്ത രാജ്യസേവനമെന്നമഹനീയകർമ്മത്തിൽബദ്ധശ്രദ്ധരായി വർത്തിച്ചു് യശസ്സു നേടിയ വീരന്മാരോടു് — വറുഗീസിനുള്ള "കെറുവ്" മാത്രമല്ല, ഉന്നതാദർശങ്ങളെപ്പററി തനിക്കുള്ള അകൈതവമായനിന്ദകൂടി ഭംഗിയായി വരഞ്ഞുവച്ചിരിക്കുന്നതും നിങ്ങൾ കണ്ടിരിക്കുന്നു; ദിവാൻപേഷ്കാർ ശങ്കുണ്ണിമേനോൻ എന്ന തേജഃപുഞ്ജത്തെ അല്പമൊന്നു് സമീപിക്കാൻ ഓടിനോക്കിയ വറുഗീസ്, വേമ്പനാട്ടുകായലിൽ ഒരു രംഗം നിർമ്മിച്ചു് അതിലെ ഉന്നതവേദിയിൽ തന്റെ ഏ: പെ: പെ: ബ: മെത്രാനച്ചനെ നീരാളച്ചാവട്ടയിലോ, സൂൎയ്യപടച്ചാവട്ടയിലോ, അഥവാ ആകാമെങ്കിൽ രണ്ടിലും കൂടിയോ പൂജിച്ചിരുത്തി അറുകുലക്കിങ്കരന്മാരായ മുത്തുക്കറുപ്പൻ, ബാപ്പുതുടങ്ങിയവരെക്കൊണ്ടു് കല്ലും കയറും എടുപ്പിക്കുയും, "ബസ്സ്-ബസ്സ്" എന്നു് തന്റെ സുറിയാനിയിൽ ലോകസമാധാനം ഉപദേശിക്കുകയും ചെയ്യുന്ന ഘട്ടവും നിങ്ങൾ നല്ലവണ്ണം കണ്ടിരിക്കുന്നു; "കേരളമൊരുകാലം പാലിച്ചു് പുകൾപെററ വീരരാം" നായന്മാക്കു്,—അറിവും ഔദാര്യവും, ഉശിരും ഊർജ്ജസ്വലതയും ഒരുപോലെ സമ്മേളിച്ചിരുന്നതുകൊണ്ടു, തങ്ങളുടെ കൺമുമ്പിൽ നീട്ടിക്കണ്ട കീറക്കുമ്പിളുകൾ യഥോചിതം നിറച്ചുകൊടുക്കുന്നതിൽ ബദ്ധശ്രദ്ധ

രായിരുന്നതന്നെ ഇന്നുവല്ലപോരായ്മയും വന്നുകൂടിയിട്ടുണ്ടെ ങ്കിൽ അതു് മഹാമനസ്കതയോടെ നേടി കൃതകൃത്യരായ നായന്മാർക്ക്—പിറപ്പോ, പാരമ്പര്യമോ, പരിചയമോ, പരാക്രമമോ എന്തുതന്നെ കൊണ്ടായാലും കേരളത്തിലെന്നല്ല പുറമേയും അധിജീവിക്കുന്ന ഒരു സമുദായത്തിന്റെയും മുൻപിൽ നമ്രശിരസ്കരാവേണ്ടതില്ലാത്ത നായന്മാർക്ക്—അഹോ! ദുരഹങ്കാരപാരമ്യമേ, നിന്റെ അന്ധത ദയനീയംതന്നെ!—തീണ്ടൽകല്പിച്ചു വഴി മാററി നിർത്തിയിരിക്കുന്നതും നിങ്ങൾ കണ്ടിരിക്കുന്നു; ഹിന്ദുദേവാലയങ്ങളിൽ, സവർണ്ണർക്കെല്ലാം തങ്ങൾക്കും ഉണ്ടായിരുന്ന പ്രവേശനാവകാശത്തെ ഈഴവാദികളിൽ നിന്നും(അതേവരെ ബ്രാഹ്മണർമാത്രമെ ക്രിസ്ത്യാനികളായിരുന്നുള്ളുപോൽ) കൂടി ആളെടുപ്പുതുടങ്ങിയതോടെ, സാമനസ്സാകെകവെടിഞ്ഞു് സവർണ്ണഹിന്ദുക്കളോട്—പോരാ, സവർണ്ണക്രിസ്ത്യാനികളോടും—മഹാമനസ്കത കാണിച്ചുവെന്നൊരു പുരാവൃത്തം രചിച്ച് തങ്ങളിപ്പോൾ ഹീനന്മാരാണെന്നു ലജ്ജിച്ചുകൊണ്ടാണെങ്കിലും ഹിന്ദുസമുദായത്തിലെ ഒരംശവുമായുള്ള സാങ്കര്യമാണതിനു ഹേതുവെന്നു വിശ്വസിപ്പിക്കുവാൻ പണിപ്പെടുന്ന വിധവും നിങ്ങൾ കണ്ടിരിക്കുന്നു; ഇതെല്ലാം കണ്ടിട്ടും സ്വാഭിമാനം ഉണരാത്തവരെങ്കിൽ കേരളീയഹിന്ദുക്കളേ നിങ്ങളെ ആട്ടാനും ചീററാനും ഒട്ടേറെ വറുഗീസന്മാരും മെത്രാന്മാരും ഉണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല. നിങ്ങൾ നിങ്ങളുടെ വിചാരശൂന്യതകൊണ്ടും അതിരററ ഔദാര്യാസക്തികൊണ്ടും സ്വയം കൊള്ളരുതാത്തവരായിത്തീർന്നിരിക്കുന്നുവെന്നറിഞ്ഞു്, ഈ 'കോട്ടമതിലിലെ കൊച്ചുരന്ധ്റം' സാമർത്ഥ്യത്തോടെ കണ്ടുപിടിച്ചുകൊണ്ടു് ഇതുപോലെ അനേകം പുതിയവേഷങ്ങൾ അരങ്ങത്തിറങ്ങിപ്പയററാൻഒരുങ്ങിപ്പിടിച്ചിരിക്കുന്നുണ്ടാവാം! അവർക്കെല്ലാം വേണ്ട സൗകര്യങ്ങൾ മേലുംനൽകുവാൻതന്നെയാണു ഭാവമെങ്കിൽ, അതിന്റെ വരുംഫലംകൊണ്ടു പരിതപിക്കുവാൻതയാറായിക്കൊൾകയേവേണ്ടൂ. സംഘടനയില്ലാ

തെ, ഒന്നിലും സ്വരുമിപ്പില്ലാതെ കേരളീയ ഹിന്തുക്കൾ അകന്നകന്നുപോകുന്തോറും അവരുടെമേൽ കുതിരകയറുവാൻ ഏതുമൊരുമടിക്കൂടാത്ത കൂട്ടർ ചുഴന്നു നിൽക്കുകയും തരം നോക്കിക്കൊള്ളുകയും ചെയ്യുന്നതിൽ എന്താണതിശയിപ്പാനുള്ളതു്?

ഔദാര്യംകൊണ്ടും കൊള്ളരുതായ്ക കൊണ്ടും നിങ്ങളുടെ ഭൂസ്വത്തിൽ ഗണ്യമായ ഒരംശം വിട്ടുകൊടുത്തതിൻെറ ഫലമാണു് നിങ്ങളുടെനേരെ അക്കൂട്ടർ ഈ കാണിക്കുന്ന അഹമ്മതിയെന്നു നിങ്ങൾ ഓൎക്കുന്നുണ്ടോ? നിങ്ങളിൽ സമ്പന്നന്മാരായവർ, കേവലം ഇതരന്മാൎക്കു വിധേയരായി—സ്വന്തസമുദായത്തിൽ പെട്ടവർ ഉയൎന്നുവരുന്നതു കാണുന്നതിൽ എന്തോ ഒരു സുഖമില്ലായ്കയുള്ളതുപോലെ—കഴിഞ്ഞുകൂടിയതിൻെറ ഫലം —ആശ്രയഭാവമായാലും അതു തങ്ങളുടെ കൂട്ടത്തിൽ കൊള്ളാവുന്നവരോടായിക്കൊള്ളട്ടെന്നു എളിയവർ വിചാരിച്ചുപോന്നതിൻെറ ഫലം,—ആണിതെന്നു നിങ്ങൾ അറിയുന്നുണ്ടോ? ഉപജീവനത്തിനുള്ള വൈഷമ്യങ്ങൾ വർദ്ധിച്ചുവരുംതോറും അതിൽ അധികമധികം ജാഗ്രതയായി മുഴുകാനുള്ള സന്നദ്ധത ജീവികൾക്കു കൂടിയേ തീരൂ എന്ന ലോകനിയമത്തെ നിങ്ങൾ അറിഞ്ഞുകൊണ്ടുംലംഘിച്ചതിൻെറ ഫലമാണിന്നു നിങ്ങളുടെ മുൻപാകെ ഈ അഹങ്കാരികൾ കൂത്താടുന്നതെന്നു നിങ്ങൾ ഓൎമ്മിക്കുന്നുണ്ടോ? ആവശ്യമില്ലാത്ത കെട്ടുംപൂട്ടും കലൎന്ന സമുദായാചാരങ്ങളിൽ മനം കലങ്ങിക്കഴിയുന്ന ഒട്ടേറെ ആളുകളിൽനിന്നുയൎന്ന സന്താപാഗ്നിയാണു്, ഈ അഹങ്കാരികളുടെഗൎജ്ജനത്തിലൂടെ നിങ്ങളുടെ ഉള്ളു പൊള്ളിക്കുന്നതെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടോ? ഇതൊന്നുമില്ലെങ്കിൽ കേരളീയബ്രാഹ്മണരെ അടിച്ചു പുറം പൊട്ടിക്കുന്ന നസ്രാണിയെ -കൊച്ചി യുവരാജാവിനെ ഭയപ്പെടുത്തുന്ന ക്രിസ്ത്യാനിയെ, രാജാകേശവദാസനെ കൈക്കൂലിക്കാരനാക്കുന്ന ചരിത്രകാരനെ, ശങ്കുണ്ണിമേനോൻെറ കഴുത്തിൽ കയറിടുന്ന ആരാച്ചാരെ നിങ്ങൾക്കു

എന്നമെന്നും കാണാൻ കഴിയാതെ വരികയില്ലതന്നെ. വറുഗീസ് തുടൻവച്ചതും, ഇനി പലരും പിൻതുടരുവാൻ ഉണ്ടാകാവുന്നതും ആയ ഈവഴി കേരളത്തിലെ ഹിന്ദുജനങ്ങളുടെ അഭിമാനത്തെ സ്പർശിക്കുന്നുണ്ടെങ്കിൽ, അവക്ക തങ്ങളുടെ പൂർവ്വചരിത്രത്തെയും ചാരിത്രത്തെയും കുറിച്ചു വാസ്തവമായ ആദരമുണ്ടെങ്കിൽ, അവർ, മേലാലെങ്കിലും ആവശ്യമില്ലാത്ത അകൽച്ച കൈവിട്ട കേരളീയഹിന്ദുക്കളുടെ ഐകമത്യത്തെ ലോകസമക്ഷം പ്രഖ്യാപനംചെയ്യട്ടെ!!

ദിവാൻപേഷ്കാർ ശങ്കുണ്ണിമേനോന്റെവാസ്തവ ചരിത്രം ഒരു ചെപ്പേടുകളും, കല്ലെഴുത്തുകളും കണ്ടു പകത്താതെ, ഒരു വെള്ളക്കാരന്റെയും സത്യസാക്ഷീകരണത്തിനു മോഹിക്കാതെ, സക്കാർ റിക്കാർഡുകളെയും, ഇന്നും ആക്കും ബോദ്ധ്യപ്പെടാവുന്ന മറു തെളിവുകളെയും ആസ്പദമാക്കി വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. വേമ്പനാട്ടുകായലിലെ രംഗം-—സമുദായാഭിമാനമുള്ള ഏതൊരാളുടേയും ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുന്ന—വറുഗീസിന്റെ വകതിരിവില്ലായ്മയെ വെളിവാക്കുന്ന—സംഭവം എന്തൊരടിസ്ഥാനത്തോടെയാണ് മനോരമാപംക്തികളിൽ ചിത്രമെഴുത്തുവറുഗീസാകുന്നലേഖനകത്താവിന്റെ പേനായിൽനിന്നു പ്രതിഫലിച്ചതെന്നു തിരുമാനിക്കുവാൻ അതു വേണ്ടവണ്ണം ഉപയോഗപ്പെടുമെന്നാണു തികച്ചും വിശ്വസിച്ചുകൊള്ളുന്നത്. അധമ്മകമ്മാക്കളെ അകലെപ്പായിക്കുന്ന ഗാംഭീയ്യവും, താൻ കയ്യേറ്റുകൊണ്ടിരിക്കുന്ന ചുമതല നിവ്വഹിക്കുന്നതിൽ ഉണ്ടാകുന്ന ഏതുതരം വൈഷമ്യങ്ങളെയും എതിത്തു ജയിക്കുന്ന സ്ഥിരബുദ്ധിയും അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു ജീവചരിത്രം വെളിവാക്കുമ്പോൾ വറുഗീസിന്റെ കരാളരൂപനായ മെത്രാന് ആസമുദായരത്നത്തെ, രാജ്യസ്നേഹിയെ, തീണ്ടുവാൻപോലും കെൽപ്പില്ലാതിരുന്നു എന്നുള്ള പരമാത്ഥം ബഹുജനങ്ങൾ ബോധിച്ചുകൊള്ളുന്നതാണ്. ഒരു നായർ സമുദാ

യശലലാമത്തെ അപകീൎത്തിപ്പെടുത്തുവാൻ—അതും, അദ്ദേഹത്തിന്റെ ചിതാഭസ്മംകൂടി ഉറങ്ങോടി എത്തുമാറു പൌരുഷശൂന്യത എന്നദോഷം അദ്ദേഹത്തിൽ ആരോപിക്കുവാൻ— ഒരു നസ്രാണി ചിത്രമെഴുത്തുകാരൻ മുതിൎന്നതിലടങ്ങിയിരിക്കുന്ന വാസ്തവഭാവം— നായന്മാൎക്കു വാസ്തവമായ സംഘടനയും, തങ്ങളുടെ കൂട്ടത്തിലെ യോഗ്യന്മാരെ ബഹുമാനിക്കാനുള്ള സന്തോഷവും ഇനിയും ഉണ്ടായിട്ടില്ലാത്ത ദൗർഭാഗ്യം —യഥാൎത്ഥം ബോധിക്കുവാൻ ഇന്നത്തെ കേരളീയനായന്മാർ ശക്തരായിത്തീരുമെന്നു വിശ്വസിച്ചാശ്വസിക്കാം.

ശുഭം.

—:o:—

Reading room & Library
PUTHIYAKA.

4/7

623.
486.
276
92
SAN
Sengupta Memorial
Reading Room & Library